# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.ആർ.എം.2/20/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം
തിരൂർ
തീയതി : . 02.2017
ഇ-മെയിൽ : mltir.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
തിരൂർ നഗരസഭ

സർ,

വിഷയം : തിരൂർ നഗരസഭ - 2015 - 2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 - ലെ കേരളാ നഗരപാലികാ നിയമം 295 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ നഗരസഭയുടെ 2015 - 2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം - 2 – ലേയും ഭാഗം - 3 - ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 - ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 - ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് മേഖലാ കാര്യാലയം, കോഴിക്കോട്.
3. കാര്യാലയപ്പകർപ്പ്

നം:കെ.എസ്.എ.ടി.ആർ.എം.2/ 20 /2017 തീയ്യതി : . .2017

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2015 - 2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 - ലെ കേരളാ നഗരപാലികാ നിയമം, വകുപ്പ് 295(4), 1994 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയുടെ 2015 - 2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും കൺകറന്റ് ഓഡിറ്റ് സംവിധാനമായതിനാൽ എല്ലാ ദിവസവും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പ്രത്യേകം നിരീക്ഷിക്കുന്നതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | | |
|---|---|---|---|
| (എ) | ഓഡിറ്റ് നടത്തിയതിന്റെ വിവരം | | |
| | ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ. ജലീൽ<br>ഡെപ്യൂട്ടി ഡയറക്ടർ |
| | ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.09.2016മുതൽ 25.01.2017 വരെ |
| | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.രാജേഷ് സി. ഹരിബാൽ<br>ഓഡിറ്റ് ഓഫീസർ |
| | | : | ശ്രീ.മുഹമ്മദ് മുസ്തഫ.പി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ. മിലാഷ്.സി.എൻ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | : | ശ്രീ.അനീത് ബാബു.കെ.ടി<br>ഓഡിറ്റർ |
| (ബി) | നിർവ്വഹണാധികാരികൾ | | |
| | ചെയർ പേഴ്സൺ | : | ശ്രീമതി.കെ.സഫിയ ടീച്ചർ<br>01.04.201മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | | 01.11.2015മുതൽ 18.11.2015 വരെ |
| | ചെയർമാൻ | | അഡ്വ. എസ്. ഗിരീഷ്<br>19.11.2015മുതൽ 31.03.2016 വരെ |
| | സെക്രട്ടറി | : | ശ്രീ.കെ.ഹരികുമാർ<br>01.04.2015മുതൽ 31.03.2016വരെ |

| (സി) | നിർവ്വഹണോദ്യോഗസ്ഥർ | | | | |
|---|---|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | | കാലയളവ് | |
| നഗരസഭ എഞ്ചിനീയർ | : | ശ്രീ.സജീന്ദ്രൻ.സി.എം. | : | 01.04.2015 മുതൽ 31.03.2016 വരെ | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | : | ഡോ.പിങ്കി.ആർ.വി. | : | 01.04.2015 മുതൽ 25.04.2015 വരെ | |
| | | ഡോ.ഫാത്തിമ താഹിറ | | 26.04.2015 മുതൽ 03.07.2015 വരെ | |
| | : | ഡോ. രഘുപ്രസാദ് | : | 04.07.2015 മുതൽ 31.03.2016 വരെ | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി. രമ.ഒ.പി. | : | 01.04.2015 മുതൽ 07.01.2016 വരെ | |
| | : | ശ്രീമതി. ഹസ്ന.കെ | : | 08.01.2016 മുതൽ 31.03.2016 വരെ | |
| പട്ടികജാതി വികസന ഓഫീസർ | : | ശ്രീമതി.സന്ധ്യ.ടി.എം | : | 01.04.2015 മുതൽ 02.08.2015 വരെ | |
| | | ശ്രീമതി.സിമി.കെ.ഇ. | : | 03.08.2015 മുതൽ 31.03.2016 വരെ | |
| കൃഷി ഫീൽഡ് ഓഫീസർ | : | ശ്രീ. റഷീദ്.പി.പി. | : | 01.04.2015 മുതൽ 31.03.2016 വരെ | |
| സീനിയർ വെറ്ററിനറി | : | ശ്രീ.പി.യു. അബ്ദുൽ അസീസ് | : | 01.04.2015മുതൽ 31.03.2016വരെ | |

| | | | | |
|---|---|---|---|---|
| സർജൻ | | | | |
| പ്രധാനാധ്യാപകൻ | : | ശ്രീ.അനിൽ കുമാർ.കെ.പി. | : | 01.04.2015മുതൽ 31.03.2016 വരെ |
| പ്രൊജക്ട് ഓഫീസർ സി.ഡി.എസ്. | : | ശ്രീ.പി.വി. സുബ്രമണ്യൻ | : | 01.04.2015മുതൽ 31.03.2016വരെ |
| വ്യവസായ വികസന ഓഫീസർ | : | ശ്രീ. അനൂപ് ഷിന. കെ | : | 01.04.2015മുതൽ 17.08.2015വരെ |
| | : | ശ്രീ.വരുൺ.കെ പി. (I/C) | : | 18.08.2015മുതൽ 25.11.2015വരെ , 18.01.2016മുതൽ 31.03.2016വരെ |
| | : | ശ്രീ ചന്ദ്രബാബു. എം | : | 26.11.2015 മുതൽ 16.01.2016 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | | ശ്രീ. രാജേന്ദ്രബാബു. | | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ആമുഖം | 1-1 | 6 |
| 2 | ബജറ്റ് | 1-2 | 8 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-3 | 9 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-4 | 9 |
| 5 | സാമ്പത്തിക വിശകലനം | 1-5 | 9 |
| 6 | ഫണ്ട് വിനിയോഗം | 1-6 | 9 |
| 7 | പദ്ധതി അവലോകനം | 1-7 | 10 |
| 8 | തനത് വരുമാനം | 1-8 | 10 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 | 10 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | 10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | 11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | 11 |
| | ഭാഗം - 2 | | |
| 13 | തിരൂർ ശുദ്ധജല വിതരണപദ്ധതി-നഗരസഭറോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് ₹ 582543/- വാട്ടർഅതോറിറ്റി അടവാക്കിയില്ല. | 2-1 | 11 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 | 12 |
| 15 | 2015-16 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ : അപാകതകൾ | 2-3 | 16 |
| 16 | വസ്തു നികുതി പിരിവ്-അപാകതകൾ | 2-4 | 16 |
| | ഭാഗം - 3 | | |
| 17 | നിലം കോൺക്രീറ്റിംഗ് പ്രവൃത്തിക്കുള്ള നിരക്കിൽ റോഡ് കോൺക്രീറ്റിംഗ് നടത്തി - അധികം ചെലവഴിച്ച ₹ 75,657/- നിരാകരിക്കുന്നു. | 3-1 | 17 |
| 18 | ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം - സബ്സിഡിതുക കൈപ്പറ്റി- തൊഴുത്ത് നിർമ്മിച്ചില്ല. | 3-2 | 20 |
| 19 | അംഗനവാടി പോഷകാഹാര പദ്ധതി ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ക്വട്ടേഷൻ ക്ഷണിക്കാതെ അധിക തുക അനുവദിച്ചു. | 3-3 | 21 |
| 20 | പത്താംതരം, +2 തുല്യതാ പരീക്ഷയെഴുതിയത് സംബന്ധിച്ച് | 3-4 | 21 |
| 21 | വിജയഭേരി പദ്ധതിക്ക് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. | 3-5 | 22 |
| 22 | വയോമിത്രം പദ്ധതി - മരുന്നുകൾ വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,00,000/- തടസ്സം ചെയ്യുന്നു. | 3-6 | 22 |
| 23 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിന് മുൻപ് കുടിവെള്ളഗാർഹികകണക്ഷൻ ലഭിച്ചവർക്ക് സബ്സിഡി നൽകി - ₹ 20,000/- നിരാകരിക്കുന്നു. | 3-7 | 23 |
| 24 | പട്ടികജാതിവിഭാഗം - 10 -ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല - ₹ 1,34,900/- തടസ്സം ചെയ്യുന്നു. | 3-8 | 24 |
| 25 | പട്ടികജാതിവിഭാഗം - കുടിവെള്ളഗാർഹികകണക്ഷന് സബ്സിഡി നൽകി - നഗരസഭ ഫണ്ടിന് ₹ 5,000/- നഷ്ടം - ₹ 20,000/- തടസ്സം ചെയ്യുന്നു. | 3-9 | 25 |
| 26 | പട്ടികജാതിവിഭാഗം - 8 -ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് മേശയും കസേരയും നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 60,000/- തടസ്സം ചെയ്യുന്നു. | 3-10 | 27 |
| 27 | പട്ടികജാതിവിഭാഗം - വീട് പുനരുദ്ധാരണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,10,000/- തടസ്സം ചെയ്യുന്നു - ₹ 30,000/- നിരാകരിക്കുന്നു. | 3-11 | 28 |
| 28 | പട്ടികജാതിവിഭാഗം - പുതിയ തുറന്ന കിണർ നിർമ്മാണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 15,000/- തടസ്സം ചെയ്യുന്നു. | 3-12 | 31 |
| 29 | വെറ്റിലകൃഷിക്ക് ജൈവവളം നൽകിയതിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,45,000/- തടസ്സം ചെയ്യുന്നു. | 3-13 | 32 |
| 30 | പച്ചക്കറിത്തൈകൾ വാങ്ങുന്നതിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,20,000/- തടസ്സം ചെയ്യുന്നു. | 3-14 | 35 |
| 31 | റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കാതെ നെൽ വിത്തുകൾ വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 31,200/- തടസ്സം ചെയ്യുന്നു. | 3-15 | 36 |

| | | | |
|---|---|---|---|
| 32 | വാഴക്കന്ന് വിതരണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 74,250/- തടസ്സം ചെയ്യുന്നു. | 3-16 | 38 |
| 33 | മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകി - ₹ 40,200/- നിരാകരിക്കുന്നു. | 3-17 | 42 |
| 34 | ജീവനക്കാർക്ക് യൂണിഫോം വാങ്ങിയത്- അധിക ചെലവ് 26883/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കിയില്ല- നഗരസഭ അടവാക്കി- നഗരസഭാ ഫണ്ടിന് 26883/- രൂപ നഷ്ടം | 3-18 | 43 |
| 35 | ഖര മാലിന്യ സംസ്ക്കരണത്തിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് 38,41,473/- രൂപ മുൻകൂർ നൽകി- പദ്ധതി ആരംഭിച്ചില്ല | 3-19 | 46 |
| 36 | ദിവസവേതനജീവനക്കാരുടെ EPF വിഹിതം നഗരസഭാഫണ്ടിൽ നിന്നും അടവാക്കി : ₹ 1401423/- തടസം ചെയ്യുന്നു. | 3-20 | 49 |
| 37 | ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരികൾ വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 20,00,000/- തടസ്സം ചെയ്യുന്നു. | 3-21 | 52 |
| 38 | പൊതു വിഭാഗം-പമ്പ് സെറ്റിന് സബ്സിഡി നൽകിയതിൽ അപാകതകൾ-10000 രൂപ നിരാകരിക്കുന്നു | 3-22 | 54 |
| 39 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,50,000/- തടസ്സം ചെയ്യുന്നു. | 3-23 | 54 |
| 40 | സർവ്വ ശിക്ഷാ അഭിയാൻ വഴി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല – ₹ 20,00,000/- തടസ്സം ചെയ്യുന്നു. | 3-24 | 55 |
| 41 | ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തനഫണ്ട് നല്കി - രേഖകൾ ഹാജരാക്കിയില്ല - ₹ 1,23,573/- തടസ്സം ചെയ്യുന്നു. | 3-25 | 56 |
| 42 | തെങ്ങിന് ജൈവ വളം സബ്സിഡി നൽകിയതിലെ അപാകതകൾ -16470 രൂപ നിരാകരിക്കുന്നു.329010 രൂപ തടസ്സം ചെയ്യുന്നു. | 3-26 | 56 |
| 43 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം - വാർഡ് സഭകളിൽ തെരഞ്ഞെടുക്കാത്തവർക്ക് ധനസഹായം നൽകി - ₹ 5,00,000/- നിരാകരിക്കുന്നു | 3-27 | 57 |
| | ഭാഗം 4 | | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 58 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 58 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 58 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | 58 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 58 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | 59 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | 59 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 59 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 62 |
| | അനുബന്ധങ്ങൾ<br>1.ഓഡിറ്റ് സാക്ഷ്യപത്രം<br>2. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്.<br>3.റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക<br>4.ബാലൻസ് ഷീറ്റ്<br>5.സ്ഥല പരിശോധന-ഫോട്ടോഗ്രാഫുകൾ | 4-10 | 62 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ആമുഖം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലാണ് തിരൂർ നഗരസഭ സ്ഥിതി ചെയ്യുന്നത്. മലയാള മണ്ണിന്റെ തനതും സവിശേഷവുമായ സാംസ്കാരിക പാരമ്പര്യത്തിന്റെ നവോത്ഥാനത്തിന് തുടക്കം കുറിക്കാൻ സൗഭാഗ്യം കൈവന്ന പ്രദേശമാണ് തിരൂർ. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ ജനിച്ചത് തിരൂർ തൃക്കണ്ടിയൂരിനടുത്ത് അന്നാരയിലാണ്. 1921 - ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട ഒരു പ്രധാന കേന്ദ്രമായിരുന്നു തിരൂർ. കേരളത്തിലെ ആദ്യത്തെ റെയിൽപാത 1861 മാർച്ച് 19 - ന് ബ്രിട്ടീഷുകാർ നിർമ്മിച്ചത് തിരൂരിനെ ബേപ്പൂരുമായി ബന്ധിപ്പിച്ചുകൊണ്ടായിരുന്നു. വാഗൺ ട്രാജഡി സംഭവം സ്വതന്ത്ര സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്നാണ്. 1963 ലാണ് തിരൂർ

പഞ്ചായത്ത് രൂപീകൃതമായത്. 1971 നവമ്പർ 1 നാണ് മുനിസിപ്പാലിറ്റി രൂപീകൃതമാവുന്നത്. മേപ്പറമ്പ് സ്കൂൾ എന്ന് വിളിക്കുന്ന ജി.എം.യു.പി.സ്കൂൾ തിരൂരിന്റെ സാമൂഹ്യമാറ്റത്തിൽ പ്രധാന പങ്കുവഹിച്ചു. മുത്തൂർ ദേശബന്ധു വായനശാല, മുനിസിപ്പൽ ലൈബ്രറി, തുഞ്ചൻ സ്മാരകം എന്നിവ ഇവിടുത്തെ പ്രധാന സാമൂഹ്യ-സാംസ്ക്കാരിക കേന്ദ്രങ്ങളാണ്. പ്രശസ്തമായ തൃക്കണ്ടിയൂർ ശിവക്ഷേത്രം, ഭണ്ഡാരക്കാവ് ക്ഷേത്രം, തെക്കുമ്മുറി പാട്ടുപറമ്പ് ഭഗവതി ക്ഷേത്രം, ചെറുതൃക്കോവിൽ വിഷ്ണു ക്ഷേത്രം, കുമാരമംഗലം സുബ്രഹ്മണ്യ ക്ഷേത്രം, പൊറൂര് അയ്യപ്പ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളും, തിരൂരിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലീം പള്ളികളായ കോട്ട് ജുമാ മസ്ജിദ്, എറ്റീരിക്കടവ് മസ്ജിദ്, തിരൂർ ടൗൺ പള്ളി, താഴെപ്പാലത്തെ ക്രിസ്ത്യൻ ദേവാലയമായ സെന്റ് മേരീസ് ചർച്ച്, തെക്കുമ്മുറി സി.എസ്.ഐ. ചർച്ച് എന്നിവ പ്രധാന ആരാധനാലയങ്ങളാണ്.

നഗരസഭ - പൊതു വിവരം

| | | |
|---|---|---|
| വിസ്തൃതി | : | 16.55 ച.കി.മി. |
| ജനസംഖ്യ | : | 56,079 |
| സ്ത്രീകൾ | : | 29,762 |
| പുരുഷന്മാർ | : | 26,317 |
| പട്ടികജാതി വിഭാഗം ജനസംഖ്യ | : | 2,664 |
| സ്ത്രീകൾ | : | 1,330 |
| പുരുഷന്മാർ | : | 1,334 |
| വാർഡുകൾ | : | 38 |
| ഉൾപ്പെടുന്ന നിയമസഭാ മണ്ഡലം | : | തിരൂർ |
| ഉൾപ്പെടുന്ന ലോകസഭാ മണ്ഡലം | : | പൊന്നാനി |
| വില്ലേജുകൾ | : | തിരൂർ, തൃക്കണ്ടിയൂർ |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | താനാളൂർ, നിറമരുതൂർ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | തലക്കാട് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | വെട്ടം, നിറമരുതൂർ ഗ്രാമപഞ്ചായത്തുകൾ |

നഗരസഭയിലെ അനുവദിക്കപ്പെട്ട തസ്തികകൾ

സെക്രട്ടറിയെ കൂടാതെ നഗരസഭയിൽ താഴെ പറയും പ്രകാരം റഗുലർ വിഭാഗം ജീവനക്കാർക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ | തസ്തിക | അനുവദിച്ചിട്ടുള്ള |
|---|---|---|

| നം. | | എണ്ണം |
|---|---|---|
| 1 | പി.എ. ടു സെക്രട്ടറി | 1 |
| 2 | റവന്യൂ ഓഫീസർ ഗ്രേഡ് - 2 | 1 |
| 3 | സൂപ്രണ്ട് | 3 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 5 | സീനിയർ ക്ലാർക്ക് | 12 |
| 6 | ക്ലാർക്ക് | 12 |
| 7 | ടൈപ്പിസ്റ്റ് | 3 |
| 8 | ലൈബ്രേറിയൻ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 10 |
| 10 | നൈറ്റ് വാച്ച് മാൻ | 1 |
| 11 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 |
| 12 | കോമ്പൗണ്ടർ | 1 |
| 13 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 14 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 1 |
| 15 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 3 |
| 16 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 | 3 |
| 17 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | 3 |
| 18 | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 1 |
| 19 | ഫീമെയിൽ അറ്റൻഡന്റ് | 1 |
| 20 | ഡ്രൈവർ എച്ച്.ഡി.വി. | 1 |
| 21 | ഡ്രൈവർ എൽ.ഡി.വി. | 1 |

ഇവരെ കൂടാതെ 51 കണ്ടിൻജന്റ് ജീവനക്കാരും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നു.

## 1-2 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 28.03.2015 - ലെ 1-ആം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2016 - ലെ 1-ആം നമ്പർ തീരുമാനപ്രകാരവും നഗരസഭ അംഗീകരിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 16.07.2016 | - | ബാധകമല്ല |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 05.09.2016 & 06.09.2016 | നം.കെ.എസ്.എ.ടി.ആർ.എം.2/20/2017<br>തീയ്യതി .01.2017<br>ക്വാളിഫൈഡ് സാക്ഷ്യപത്രം |

വാർഷികകണക്കുകളുടെ സർട്ടിഫിക്കേഷൻ നടത്തി പുറപ്പെടുവിച്ച ക്വാളിഫൈഡ് സാക്ഷ്യപത്രത്തിലെ താഴെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിന് കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വാർഷികകണക്കുകളിലെ ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, റിസീവബിൾസ് എന്നിവ സബ്സിഡിയറി റെക്കോർഡുകളുമായും രജിസ്റ്ററുകളുമായും വാർഷികകണക്കുകളിലെ ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, റിസീവബിൾസ് എന്നിവ സബ്സിഡിയറി റെക്കോർഡുകളുമായും രജിസ്റ്ററുകളുമായും പൊരുത്തപ്പെടുത്തുകയോ ഭൗതിക ആസ്തികളുടെ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. ബാലൻസ് ഷീറ്റിലെ ഡ്യൂസ് സംബന്ധിച്ച ഷെഡ്യൂൾ ബി-9, കിട്ടാനുള്ള തുകകൾ ബി-15 എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ഇല്ല.
3. വസ്തു നികുതി, ഡി & ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് കണക്കാക്കിയതിന് ആധാരമായ രേഖകളില്ല. തൻവർഷത്തെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

റിപ്പോർട്ടിന്റെ അനുബന്ധം - 1 - ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷികധനകാര്യപത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവയും യഥാക്രമം 2,3,4 എന്നീ അനുബന്ധങ്ങളിൽ കൊടുത്തിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | ₹ | 10,97,82,738.28 |
| വരവ് | | ₹ | 15,06,04,747 |
| ആകെ | | ₹ | 26,03,87,485.28 |
| ചെലവ് | | ₹ | 18,45,63,690 |
| നീക്കിയിരിപ്പ് | | ₹ | 7,58,23,795.28 |

(സാംഖ്യയിൽ അധിഷ്ഠിതമായ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തമാണ് ഇവിടെ നൽകിയിരിക്കുന്നത്.)

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 86,66,470/- | 3,16,56,028/- | 4,03,22,498/- | 3,13,97,100/- | 89,25,398/- | 77.86 |
| വികസനഫണ്ട് എസ്.സി.പി. | 23,29,204/- | 83,07,000/- | 1,06,36,204/- | 82,00,985/- | 24,35,219/- | 77.1 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സംരക്ഷണ ഗ്രാന്റ് റോഡ് | 18,51,089/- | 1,55,92,000/- | 1,74,43,089/- | 1,61,25,878/- | 13,17,211/- | 92.44 |
| സംരക്ഷണ ഗ്രാന്റ് നോൺ -റോഡ് | 26,34,078/- | 75,67,000/- | 1,02,01,078/- | 61,23,877/- | 40,77,201/- | 60.03 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37,93,094/- | 2,58,27,543/- | 2,96,20,637/- | 94,70,480/- | 2,01,50,157/- | 31.97 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 58,96,000/- | - | 58,96,000/- | 58,96,000/- | - | 100 |
| അയ്യങ്കാളി തൊഴിലുറപ്പ് | 3,37,175/- | 24,97,355/- | 28,34,530/- | 2,70,068/- | 25,64,462/- | 9.53 |
| ബി ഫണ്ട് | - | 7,44,037/- | 7,44,037/- | 7,44,037/- | - | 100 |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 11,71,96,936/- | 163 | 7,72,14,320/- | -- | 36 | 82% |

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിലെ നേട്ടങ്ങളും കോട്ടങ്ങളും *ഭാഗം - 3 ലെ പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*

## 1-8 തനത് വരുമാനം

*മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.92 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.*

| ഇനം | മുൻവർഷം (₹) | തൻവർഷം (₹) | വ്യത്യാസം (₹) | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3,62,32,952/- | 3,81,38,874/- | 19,05,922/- | 5.26(+) |
| നികുതിയേതര വരവുകൾ | 2,31,39,185/- | 1,48,77,045/- | 82,62,140/- | 35.70(-) |
| മറ്റു വരവുകൾ | 12,542,661/- | 3,82,61,223/- | 2,57,18,562/- | 205.05(+) |
| ആകെ | 7,19,14,828/- | 9,12,77,142/- | 1,93,62,344/- | 26.92(+) |

തനതു വരുമാനം *26.92%* വർദ്ധിച്ചിട്ടുണ്ടെങ്കിലും മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നില്ല. തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിന് ധാരാളം അവസരങ്ങൾ ഉണ്ട്. വിശദമായ പരാമർശം ഭാഗം 2 - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78,480/- | 37 |
| കർഷകത്തൊഴിലാളി പെൻഷൻ | 7,10,340/- | 87 |
| വിധവാപെൻഷൻ | 1,27,84,640/- | 1467 |
| വാർദ്ധക്യകാലപെൻഷൻ | 1,18,64,190/- | 2281 |
| വികലാംഗപെൻഷൻ | 26,32,285/- | 54 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1,90,000/- | 7 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, ഓഡിറ്റ് കാലയളവിൽ 10.01.2017 ൽ സ്ഥാപനത്തലവന്റെ/ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യതയും അപാകതകളില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

നീക്കിയിരിപ്പ് – 6470/-

| ഇനം | തുക |
|---|---|
| കെട്ടിട നിർമ്മാണ ഫീസ് | 3360 |
| പിഴ | 1650 |
| മറ്റു ഫീസുകൾ | 1070 |
| മറ്റുള്ളവ | 390 |
| ആകെ | 6470 |

## 1-11 ആഭ്യന്തര നിയന്ത്രണം

1.11.1അന്തിമ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ഭരണസമിതി മിനുട്സ് ബുക്കിൽ പതിക്കുകയോ ചെയ്യുന്നില്ല.

16.11.2013 ലെ ജി.ഒ.(എം.എസ്) നം.362/2013 സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗരേഖയിലെ അനുബന്ധം - 16 – ൽ, ഖണ്ഡിക നം.7.18 ക്രമ നം.2ൽ (എ)(IX) പ്രകാരം, അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2015 - 2016 - ഭരണ സമിതി അംഗീകരിച്ച അന്തിമഗുണഭോക്തൃലിസ്റ്റ് നഗരസഭയുടെ വെബ്സൈറ്റിലും ഭരണ സമിതി മിനുട്സ് ബുക്കിലും ഉൾപ്പെടുത്തിയിട്ടില്ല. ഭരണ സമിതി മിനുട്സ് ബുക്കിൽ അന്തിമഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതിന്റെ തീരുമാനം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ഭരണ സമിതി അംഗീകരിച്ച അന്തിമഗുണഭോക്തൃലിസ്റ്റ് നഗരസഭയുടെ വെബ്സൈറ്റിലും ഭരണ സമിതി മിനുട്സ് ബുക്കിലും ഉൾപ്പെടുത്തേണ്ടതാണ്.

നടപടിക്രമങ്ങൾ പാലിക്കാതെ അന്തിമ ഗുണഭോക്തൃലിസ്റ്റിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-11-2ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ

ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം റിപ്പോർട്ടിലെ ഖണ്ഡിക 4-9ൽ ചേർത്തിട്ടുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.02.2015മുതൽ 28.02.2015 വരെ | 2012-2013 മുതൽ 2013-2014 വരെ | 16.03.2016 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2015 മുതൽ 25.04.2015 വരെ | 2011-2012 മുതൽ 2014-2015 വരെ | 22.06.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തിരൂർ ശുദ്ധജല വിതരണപദ്ധതി-നഗരസഭറോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് 582543/രൂപ വാട്ടർഅതോറിറ്റി അടവാക്കിയില്ല.

ഫയൽ നം.PW2/19735/15

തിരൂർ നഗരസഭ ശുദ്ധജലവിതരണപദ്ധതിയുടെ ഭാഗമായി തിരൂർ താഴേപ്പാലം ക്രിസ്ത്യൻ ചർച്ച് മുതൽ ബി.എസ്.എൻ.എൽ.റോഡ് വഴി വാട്ടർഅതോറിറ്റി കോമ്പൗണ്ട് വരെയുള്ള നഗരസഭാറോഡ് കട്ട് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിന് 11-09-2015ലെ TIR/19-Replacement-UWSS

to Tirur/package-1 നം. കത്ത് പ്രകാരം വാട്ടർഅതോറിറ്റി നഗരസഭയുടെ അനുമതി തേടി. 527 മീറ്റർ റോഡ് കട്ട് ചെയ്യുന്നതിന് 6,01,175/-രൂപ റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകാൻ 17-09-2015ലെ 21-ആം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ തീരുമാനിക്കുകയും വിവരം 29-09-2016ലെ PW2/19735/15 നമ്പർ കത്ത് പ്രകാരം വാട്ടർഅതോറിറ്റിയെ അറിയിക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ 510 മീറ്റർ റോഡാണ് കട്ട് ചെയ്യേണ്ടതെന്നും കൃത്യമായ എസ്റ്റിമേറ്റ് ബ്രേക്കപ്പ് അറിയിക്കണമെന്നും തുക നിശ്ചയമായും വാട്ടർഅതോറിറ്റി നഗരസഭയിലേക്ക് കെട്ടിവെക്കുമെന്ന് മേലാപ്പീസിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും 01-10-2015ലെ TIR/package-1നം. കത്ത് പ്രകാരം വാട്ടർഅതോറിറ്റി തിരൂർ ഡിവിഷൻ അസി.എഞ്ചിനീയർ രേഖാമൂലം നഗരസഭയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ₹ 5,82,543/- അടവാക്കാൻ വീണ്ടും നഗരസഭ കത്ത് നൽകി. റോഡ് കട്ടിംഗിന് അടിയന്തിരമായി അനുമതി നൽകണമെന്നും തുക ഹെഡ്ഡോഫീസിൽനിന്നും അനുവദിക്കുന്നമുറക്ക് അടവാക്കാമെന്നും വാട്ടർഅതോറിറ്റി എടപ്പാൾ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 02-11-2015ലെ ഡിബി2-2011/12 നം. കത്ത് പ്രകാരം അറിയിച്ചു. 13-01-2016 ലെ 5-ആം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ അനുമതി നൽകുകയും തുക വാട്ടർഅതോറിറ്റി അടവാക്കിയില്ലെങ്കിൽ നഗരസഭ അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽനിന്നും കുറവ് ചെയ്യാമെന്നും തീരുമാനിച്ചു. എന്നാൽ വാട്ടർഅതോറിറ്റി തുക അടവാക്കിയില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉണഭോക്താക്കളായിട്ടുള്ള അവസരത്തിൽ അവരുടെ റോഡിലൂടെ പൈപ്പിടുന്നതിന്ന് തുക അനുവദിക്കാനാവില്ലെന്നറിയിച്ചു. വാട്ടർഅതോറിറ്റി നഗരസഭക്ക് നൽകുന്ന സ്ട്രീറ്റ് ടാപ്പ് പൈപ്പ് ലയിൻ എക്സ്റ്റൻഷൻ തുടങ്ങി എല്ലാ സേവനങ്ങൾക്കും കൃത്യമായി പ്രതിഫലം ഈടാക്കുന്നുണ്ട്. ആയതിനാൽ തുക അടവാക്കാത്തത് ക്രമപ്രകാരമല്ല. തുക അടവാക്കാതിരിക്കാൻ പ്രത്യേകം സർക്കാർ അനുമതി ആവശ്യമാണ്. മേൽതുക പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽനിന്നും നഗരസഭ കുറവ് ചെയ്യുകയും ചെയ്തിട്ടില്ല.

മേൽ പരാമർശം 27.12.2016 ലെ ഓഡിറ്റ് എൻക്വയറി നം. 30/2015-16 പ്രകാരം നഗരസഭയെ അറിയിച്ചിരുന്നു. 23.01.2017 ൽ ലഭ്യമാക്കിയ മറുപടിയിൽ 04.01.2017ന് ബഹു.നഗരസഭ ചെയർമാൻ തിരൂർ വാട്ടർ അതോറിറ്റി അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതിന് വാട്ടർ അതോറിറ്റി എടപ്പാൾ ഡിവിഷനിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്. നിശ്ചിത സമയത്തുതന്നെ തുക ഈടാക്കാത്തതുമൂലം നഗരസഭയ്ക്ക് വരവിനത്തിൽ 5,82,543 രൂപ നഷ്ടമുണ്ടായിട്ടുണ്ട്.
നഷ്ട തുക ഈടാക്കാന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന മേധാവികൾ തൊഴിൽ നികുതി അടച്ചില്ല

2015-16 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ മേധാവികൾ സ്ഥാപനത്തിലെ ജീവനക്കാരുടെ ഉൾപ്പെടെയുള്ള തൊഴിൽ നികുതി സംബന്ധിച്ച പത്രിക സമർപ്പിക്കുകയോ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | മേധാവി/സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മാനേജർ, ടാലന്റ് കിന്റർ ഗാർട്ടൻ നഴ്സറി സ്ക്കൂൾ, ചെമ്പ്ര, തിരൂർ | 1, 2 |
| 2 | മാനേജിംഗ് പാർട്ണർ, എ.എം. ഹോണ്ട, പയ്യനങ്ങാടി, തിരൂർ | 2 |
| 3 | പ്രൊപ്രൈറ്റർ, ബഹറിൻ ഫോറക്സ്, പാൻ ബസാർ, തിരൂർ | 1, 2 |
| 4 | പ്രൊപ്രൈറ്റർ, ABTപാഴ്സൽ സർവ്വീസ്, പരന്നേക്കാട്,തിരൂർ | 1, 2 |
| 5 | മാനേജർ, ധനകോടി ചിറ്റ്സ് ആന്റ് ഫൈനാൻസ് | 1, 2 |
| 6 | പ്രൊപ്രൈറ്റർ, സിറാജ് ലേസർ | 1, 2 |

| | | |
|---|---|---|
| | കളർലാബ്,തിരൂർ | |
| 7 | മാനേജർ, ING വൈശ്യ ബാങ്ക്, തിരൂർ | 1, 2 |
| 8 | സ്പെഷ്യൽ തഹസിൽദാർ, ലാന്റ് അക്വസിഷൻ (റീ സർവ്വേ), തിരൂർ | 1, 2 |
| 9 | മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, തിരൂർ | 2 |
| 10 | ഇന്റലിജൻസ് ഓഫീസർ, കോമേഴ്സ്യൽ ടാക്സ്, തിരൂർ | 2 |
| 11 | പ്രൊപ്രൈറ്റർ, KTCപാഴ്സൽ സർവ്വീസ്, തിരൂർ | 1 |
| 12 | പ്രൊപ്രൈറ്റർ, KRSപാഴ്സൽ സർവ്വീസ്, തിരൂർ | 2 |
| 13 | പ്രിൻസിപ്പൽ, ലിഗേറ്റ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ സെന്റർ, താഴെപ്പാലം, തിരൂർ | 1, 2 |
| 14 | പ്രിൻസിപ്പൽ, ആർട്സ് കോളേജ്, തിരൂർ | 1, 2 |
| 15 | ബ്രാഞ്ച് മാനേജർ, ഹെഡ്ജ് ഇക്വിറ്റീസ്, തിരൂർ | 1, 2 |
| 16 | മാനേജർ, മഹീന്ദ്ര ആന്റ് മഹീന്ദ്ര കൺസൾട്ടിംഗ് സർവ്വീസസ്, തിരൂർ | 1, 2 |
| 17 | ബേർഡ് ആർക്കിടെക്ട്സ്, പൂങ്ങോട്ടുകളം,തിരൂർ | 1, 2 |
| 18 | പ്രിൻസിപ്പൽ, അലൈഡ് ഏവിയേഷൻ അക്കാഡമി, തുഞ്ചൻ റോഡ്, തിരൂർ | 1, 2 |
| 19 | സെക്രട്ടറി, തിരൂർ പ്രസ്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, തിരൂർ | 1, 2 |
| 20 | ഏഷ്യാനെറ്റ് ന്യൂസ് നെറ്റ്‌വർക്ക്, തിരൂർ | 1 |
| 21 | പ്രിൻസിപ്പൽ, വികാസ് കോളേജ്, തിരൂർ | 1, 2 |
| 22 | പ്രൊപ്രൈറ്റർ, ലിസാൻ മോട്ടോഴ്സ്, തിരൂർ | 1, 2 |
| 23 | പ്രിൻസിപ്പൽ, മലബാർ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ നഴ്സറി സ്കൂൾ, പെരുവഴിയമ്പലം | 1, 2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കൈക്കൊണ്ട നടപടികൾ അടിയന്തിരമായി അറിയിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം. 51/ 20.01.2017 പ്രകാരം നഗരസഭയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മേൽ പട്ടികയിൽ ഉൾപ്പെട്ട 5 സ്ഥാപനങ്ങളിൽ നിന്നും നികുതി അടവാക്കിയ വിവരങ്ങൾ മാത്രമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. സാമ്പത്തികവർഷം അവസാനിച്ച് ദീർഘകാലം പിന്നിട്ടിട്ടും മേൽ

പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. ഈ വീഴ്ചക്ക് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടേണ്ടതും പരിഹാരനടപടികൾ പ്രഥമമറുപടിയിൽ അറിയിക്കേണ്ടതുമാണ്.

2. തൊഴിൽ നികുതി കുടിശ്ശിക പിഴപ്പലിശ കൃത്യമായി ഈടാക്കിയില്ല : ₹ 1503 നഷ്ടം

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ വകുപ്പ് 538(2) പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിക്ക് സെപ്റ്റംബർ ഒന്ന് മുതലും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിക്ക് മാർച്ച് ഒന്ന് മുതലും 1% നിരക്കിൽ പിഴപ്പലിശ ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2015-16 ലെ തൊഴിൽ നികുതി രജിസ്റ്ററുകളും പത്രികകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ. താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയത് ബന്ധപ്പെട്ട അർദ്ധവർഷം കഴിഞ്ഞിട്ടാണെങ്കിലും ചട്ടപ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി (₹) | ഒടുക്കിയ തീയ്യതി | ഒടുക്കേണ്ടിയിരുന്ന പിഴപ്പലിശ (₹) |
|---|---|---|---|---|
| 1 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 8,350/- | 05.10.2015 | 165/- |
| 2 | ബാങ്ക് ഓഫ് ബറോഡ, തിരൂർ | 8,950/- | 05.10.2015 | 179/- |
| 3 | SBT, എൻ.ആർ.ഐ. ബ്രാഞ്ച് | 16,700/- | 05.10.2015 | 334/- |
| | ആകെ | | | 678/- |

ബി. HDFC ബാങ്ക് ശാഖയിലെ ശ്രീ. ഷജീവ്.പി. എന്ന ഉദ്യോഗസ്ഥൻ 2013-14 വർഷത്തെ ഒന്നാം അർദ്ധ വർഷം, 2014-15 ലെ ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ, 2015-16 ലെ ഒന്നാം അർദ്ധ വർഷം എന്നിവയ്ക്ക് ബാധകമായ തൊഴിൽ നികുതി 20.02.2016 ലാണ് അടവാക്കിയത്. കുടിശ്ശിക തൊഴിൽ നികുതി അടക്കുമ്പോൾ താഴെ പറയും പ്രകാരം പിഴപ്പലിശ ഈടാക്കേണ്ടിയിരുന്നു.

| ക്രമ നം. | കാലയളവ് | തൊഴിൽ നികുതി (₹) | പിഴപ്പലിശയായി ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|
| 1 | 2013-14 ഒന്നാം അർദ്ധവർഷം | 1250/- | 375/- |
| 2 | 2014-15 ഒന്നാം അർദ്ധവർഷം | 1250/- | 225/- |
| 3 | 2014-15 രണ്ടാം അർദ്ധവർഷം | 1250/- | 150/- |

| | | | |
|---|---|---|---|
| 4 | 2015-16 ഒന്നാം അർദ്ധവർഷം | 1250/- | 75/- |
| | ആകെ | | 825/- |

എന്നാൽ മേൽപരാമർശിച്ച വ്യക്തിയിൽ നിന്നും പിഴപ്പലിശയിനത്തിലെ തുക ഈടാക്കിയിട്ടില്ല.

പിഴപ്പലിശ ഈടാക്കുന്നതിൽ വരുത്തിയ വീഴ്ച കാരണം ₹1503 യുടെ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം. 50/ 20.01.2017 പ്രകാരം ഇതിന്മേൽ വിശദീകരണം തേടിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2015-16 ലെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽ തിരൂർ പോലീസ് സ്റ്റേഷനിൽ നിന്നും സമർപ്പിച്ചിട്ടുള്ള പത്രിക പ്രകാരം ചില ഉദ്യോഗസ്ഥർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി ₹ 73,400/- 31.08.15 ൽ അടവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പത്രിക പ്രകാരം ശ്രീ. സുകുമാരൻ, ശ്രീ. രാജേന്ദ്രൻ, ശ്രീ. ചന്ദ്രശേഖരൻ, ശ്രീമതി. മെർലിൻ ജോയ് എന്നീ ഉദ്യോഗസ്ഥർ തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി പത്രിക പ്രകാരം ശ്രീ. ലൂഷ്യസ്.ജെ എന്ന ഉദ്യോഗസ്ഥനും തൊഴിൽ നികുതി അടവാക്കിയിട്ടില്ലെങ്കിലും 03.09.15 ൽ ടിയാൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.

2015-16 ലെ രണ്ടാം അർദ്ധവർഷത്തെ പത്രിക പ്രകാരം ശ്രീ. രാജൻ, ശ്രീ. ഷാജി, ശ്രീ. മനോജ് എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

മേൽപ്പരാമർശിച്ച ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണെന്ന് 48/ 20.01.2017 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം നഗരസഭയോട് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

4. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റു സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250 രൂപ വരെ തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എ. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില അഭിഭാഷകരുടെ പേരുകൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. ചട്ടം 3(2) ൽ പരാമർശിച്ചിട്ടുള്ള ഡോക്ടർമാർ, സമാന തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനം കൃത്യമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സ്വയം തൊഴിൽ ചെയ്യുന്ന പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ബി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന അഭിഭാഷകരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | അർദ്ധവർഷം |
|---|---|---|
| 1 | അഡ്വ. കെ.എ. സമദ് | 1,2 |
| 2 | അഡ്വ. ദിനേശ് പൂക്കയിൽ | 1,2 |
| 3 | അഡ്വ.എം.കെ. ജയശങ്കർ | 1,2 |
| 4 | അഡ്വ. വി.പി. സുബൈർ | 2 |
| 5 | അഡ്വ. വി. ചന്ദ്രശേഖരൻ | 2 |

ഓഡിറ്റ് എൻക്വയറി നം. 49/ 20.01.2017 പ്രകാരം ഇതിന്മേൽ നഗരസഭയുടെ വിശദീകരണം തേടിയിരുന്നെങ്കിലും ആയതിനു തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 2015-16 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ : അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റീസ് നിയമം വകുപ്പ്, 312, 1997 - ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ- ചട്ടം 3 എന്നിവ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും നഗരസഭാ പരിധിയിൽ സ്ഥാപിക്കാൻ പാടുള്ളതല്ല. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നഗരസഭ പരിപാലിച്ചു വരുന്ന രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ മെഡിക്കൽ- പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സമഗ്രമാക്കിയിട്ടില്ല. ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കാണുന്നത്. നഗരസഭാ പരിധിയിലെ എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സമഗ്രമാക്കേണ്ടതും ഇതിന്റെയടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കേണ്ടതുമാണ്. എല്ലാ സ്ഥാപനങ്ങളുടേയും വിവരങ്ങളുൾപ്പെടുത്തിയ പട്ടിക പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ 20-01-2017ലെ 32-ആം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ 2015-16 വർഷത്തേക്ക് പുതുക്കി നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

1. ഷിഫ ഡെന്റൽ ക്ലിനിക്ക്, (ഡോ. സിദ്ധീക്ക് രാമനാലുക്കൽ), തിരൂർ

2. സൺറൈസ് മെഡിക്കൽ ലാബ്, തുഞ്ചൻ റോഡ്.

3. സൈദത്ത്, സി.ആർ.എം.ക്ലിനിക്ക്, ചേന്നര.

ഈ സ്ഥാപനങ്ങളുടെ അപേക്ഷകൾ ഓഫീസ് നവീകരണസമയത്ത് കാണാതെ പോയിട്ടുള്ളതാണെന്നും കണ്ടെത്തുന്ന് മുറയ്ക്ക് ഹാജരാക്കാമെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ 32/09.01.2017 നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി നഗരസഭ അറിയിച്ചിട്ടുള്ളത്.

3. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഹോമിയോ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുകയോ അവയ്ക്ക് രജിസ്ട്രേഷൻ നൽകിയിട്ടുള്ളതായോ കാണുന്നില്ല. നിയമപ്രകാരമുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പരിധിയിൽ ഇത്തരം സ്ഥാപനങ്ങളും ഉൾപ്പെടുന്നതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാത്തതിനു കാരണം വിശദീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവ്-അപാകതകൾ

1.വസ്തു നികുതി പരിഷ്കരണം പ്രാബല്ല്യത്തിൽ വന്നിട്ടില്ല.

02.12.2013 ലെ ജി.ഒ. (എം.എസ്)നം.371/2013/ത.സ്വ.ഭ.വ. - ഉത്തരവ് പ്രകാരം 2011 - ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർ) 01.04.2013 മുതലും ബാധകമാകുന്നതാണ്.

എന്നാൽ 2015-2016 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള/പഴയ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ച് ഈടാക്കിയിട്ടില്ല.നാളിതുവരെയായിട്ടും വസ്തു നികുതി പരിഷ്കരിക്കണം നടപ്പിലാക്കാത്തതിന്റെ കാരണം, ആയതിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ,നിലവിലെ സ്ഥിതി എന്നിവ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/12.01.2017 ന് ലഭ്യമാക്കിയ മറുപടിയിൽ 2013 – 2014 – ന് മുമ്പ് നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് ഫോറം 6 – ൽ വിവര ശേഖരണം നടത്തിയിട്ടുള്ളതും ആയതുപ്രകാരം മൊത്തമുള്ള 25749 നമ്പറുകളിൽ 17780 നമ്പറുകളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ഡാറ്റാ എൻട്രി പൂർത്തിയാക്കിയവയുടെ അച്ചടി കോപ്പി എടുത്ത് അസ്സസ്മെന്റ് രജിസ്റ്ററുമായി ഒത്തു നോക്കുന്നത് പൂർത്തിയായിട്ടുണ്ടെന്നും റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കുറവും നിലവിലുള്ള ജോലിക്കാരുടെ ജോലി ഭാരവും

കാരണം വസ്തു നികതി പരിഷ്കരണവും വസ്തു നികതി ഓൺലൈൻ മുഖേന സ്വീകരിക്കുന്നതും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കില്ലെന്ന് ബോദ്ധ്യമായതിനാൽ 3 ജീവനക്കാരെ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ അനുമതി ലഭ്യമാക്കി നിയമിക്കുന്നതിന് കൗൺസിലിന്റെ അനുമതിയോടുകൂടി സർക്കാരിലേക്ക് കത്തു എഴുതിയിട്ടുണ്ട്. സർക്കാരിൽ നിന്നും അനുകൂല തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ബാക്കി പ്രവർത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികതി ഈടാക്കുന്നതാണെന്ന് അറിയിച്ചു.

വസ്തു നികതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുൻ വർഷത്തേതിനേക്കാൾ നിശ്ചിത ശതമാനം വർദ്ധിപ്പിച്ചാണ് ഡിമാന്റ് കണക്കാക്കുന്നത്.

3. വസ്തു നികതി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 2015-2016-ലെ വാർഷിക ധനകാര്യപത്രികയിൽ ₹1,60,35,458/- (തന്നാണ്ട് ₹ 50,99,802/-, മുൻ വർഷങ്ങളിലേത് ₹1,09,35,458/-) കുടിശ്ശികയുണ്ട്. എന്നാൽ രജിസ്റ്ററുകളൊന്നും സൂക്ഷിക്കാത്തതിനാൽ മുൻ വർഷങ്ങളിലെ വസ്തു നികതി കുടിശ്ശിക ഏതെല്ലാം വർഷങ്ങളിലുള്ള കുടിശ്ശികയാണ് എന്നതിനോ കാലഹരണപ്പെട്ടതാണോ എന്ന് അറിയുന്നതിനോ സാധിക്കുന്നില്ല. യഥാസമയം വസ്തു നികതി പിരിച്ചെടുക്കാത്തതിനാൽ ഭീമമായ കുടിശ്ശികയായിട്ടുണ്ട്. ഇത് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടേയും മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ബാദ്ധ്യതയായിരിക്കുന്നതാണ്. വർഷം തിരിച്ചുള്ള കുടിശ്ശികയുടെ കണക്ക് അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിലം കോൺക്രീറ്റിംഗ് പ്രവൃത്തിക്കുള്ള നിരക്കിൽ റോഡ് കോൺക്രീറ്റിംഗ് നടത്തി - അധികം ചെലവഴിച്ച ₹ 75,657/- നിരാകരിക്കുന്നു.

2015 - 2016 വർഷത്തിൽ പൂർത്തീകരിച്ച റോഡ്/നടപ്പാത കോൺക്രീറ്റ് പ്രവൃത്തിയിൽ, ഒരിനം 20 മി.മീ.മെറ്റൽ ഉപയോഗിച്ച് 1:2:4 എന്ന അനുപാതത്തിലുള്ള കോൺഗ്രീറ്റ് പ്രവൃത്തിയാണ്. 2014 - ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ₹ 1.3048 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ്/നടപ്പാത കോൺക്രീറ്റിഗിന് അവലംബിക്കേണ്ട ഡൽഹി ഷെഡ്യൂൾ ഓഫ് നിരക്കിലെ കോഡ് 4.1.3 എന്നതിന് പകരം, ഫ്ളോറിംഗിന്റെ കോഡായ 11.7 അവലംബിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലമാണ് വർദ്ധിച്ച നിരക്ക് കരാറുകാരന്/കൺവീനർക്ക് നൽകാനുണ്ടായ സാഹചര്യമുണ്ടായത്. ഷെഡ്യൂൾ ഓഫ് റേറ്റിലെ കോഡ് 4.1.3 പ്രകാരം ₹ 5,466.30 - യാണ് കോൺക്രീറ്റിംഗ് നിരക്ക്. ഒരു ക്യൂബിക്ക് മീറ്റർ ചെയ്യാൻ കരാറുകാരന് ₹ 5,466.30 - യും ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ആയ ₹ 1.3048 - യുമായി ഗുണിച്ച് കിട്ടുന്ന ₹ 7,132/- - യും കൺവീനർക്ക് ₹ 4753.29 - യുടെ ₹ 1.3048 - യുമായി ഗുണിച്ച് കിട്ടുന്ന ₹ 6,202/- - യുമാണ് നൽകേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി, വർദ്ധിപ്പിച്ച നിരക്ക് നൽകിയതു വഴി ₹ 75,657/- അധികം ചെലവഴിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം.<br>പ്രവർത്തിയുടെ പേര്<br>പ്രൊജക്ട് നമ്പർ<br>ബിൽ നം./തീയ്യതി . | കരാറുകാരൻ/<br>കൺവീനർ | 1:2:4<br>കോൺക്രീറ്റ്<br>ചെയ്ത<br>അളവ്<br>(ഘന<br>മീറ്ററിൽ)<br>ഇനം നമ്പർ | അനുവദിച്ച<br>തുക<br>(₹) | അനുവദിക്കേണ്ട<br>തുക<br>(₹) | അധികം<br>അനുവദിച്ച<br>തുക<br>(₹) |
|---|---|---|---|---|---|---|
| 1 | PW1/14581/15<br>നന്നാട്ട് ഇടവഴി | ശ്രീ.പി.യൂസുഫ്<br>72/17.09.2015 | 4.8915 $m^3$<br>ഇനം. 9 | 36,758/- | 34,886/- | 1,872/- |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്<br>146/16<br>81/19.02.16 | | | | | |
| 2 | PW1/14563/15<br>കിളത്ത്പറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>108/16<br>06/24.03.16 | ശ്രീ.ടി.ബാലകൃഷ്ണൻ<br>32/17.09.2015 | 4.453 $m^3$<br>ഇനം.6 | 33,463/- | 31,759/- | 1,704/- |
| 3 | PW1/14556/15-<br>കൈനിക്കരപ്പറമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>114/16<br>11/29.03.16 | ശ്രീ.മുരളീമോഹനൻ.പി.വി.<br>59/17.09.2015 | 20.83 $m^3$<br>ഇനം.4 | 1,56,544/- | 1,48,560/- | 7,984/- |
| 4 | PW1/14584/15<br>മണക്കടവ് റോഡ് വെസ്റ്റ് നോർത്ത് നടപ്പാത കോൺക്രീറ്റിംഗ്<br>123/16<br>60/21.02.16 | ശ്രീ.കെ.സിദ്ധീഖ്<br>37/17.09.2015 | 7.002 $m^3$<br>ഇനം.5 | 52,617/- | 49,938/- | 2,679/- |
| 5 | PW1/14580/15<br>പാതിരപ്പള്ളി ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>91/16<br>59/11.02.16 | ശ്രീ.ടി.കെ. മൊയ്തീൻ കുട്ടി<br>48/17.08.2015 | 12.18 $m^3$<br>ഇനം.4 | 91,527/- | 86,868/- | 4,659/- |
| 6 | PW1/14549/15<br>അംഗന നടപ്പാത കോൺക്രീറ്റിംഗ്<br>113/16<br>58/12.01.16 | ശ്രീ.പുരുഷോത്തമൻ.പി<br>40/17.09.2015 | 11 $m^3$<br>ഇനം.3 | 82,660/- | 78,452/- | 4,208/- |
| 7 | PW1/14938/15<br>ചോലക്കത്താഴം ബാക്കി ഭാഗം കോൺക്രീറ്റിംഗ് | ശ്രീ.പി. യൂസുഫ്<br>72/17.09.2015 | 8.7 $m^3$<br>ഇനം.3 | 65,377/- | 62,048/- | 3,329/- |

| | | | | | | |
|---|---|---|---|---|---|---|
| | 166/16<br>80/22.01.16 | | | | | |
| 8 | PW1/14548/15<br>ചാത്തേരി ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>121/16<br>73/28.01.16 | അർജ്ജുനൻ.എം.<br>78/17.09.2015 | 6.2 $m^3$<br>ഇനം.4 | 46,591/- | 44,218/- | 2,373/- |
| 9 | PW1/14567/15<br>പാറേപ്പറമ്പിൽ ഫുട്പാത്ത് ബാലൻസ് കോൺക്രീറ്റിംഗ്<br>105/16<br>41/30.12.15 | ശ്രീ.സിദ്ധീഖ്.കെ.<br>36/17.09.2015 | 13.891 $m^3$<br>ഇനം.4 | 1,04,385/- | 99,071/- | 5,314/- |
| 10 | PW1/14560/15<br>പകിരിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>110/16<br>88/23.03.16 | ശ്രീ.പ്രതാപ് കുമാർ.ടി.പി.<br>56/17.09.2015 | 2.972 $m^3$<br>ഇനം.6 | 22,333/- | 21,196 | 1,137/- |
| 11 | PW2.14699/15<br>അയ്യപ്പള്ളി ഫുട്ട്പാത്ത് കോൺക്രീറ്റിംഗ്<br>150/16<br>20/12.2.16 | ശ്രീ.ടി.കൃഷ്ണൻകുട്ടി<br>12/24.8.15 | 18.36 $m^3$<br>ഇനം.2 | 1,37,968/- | 1,30,944/- | 7,024/- |
| 12 | PW2.14753/15<br>ചേക്കുട്ടിപ്പറമ്പ് ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്<br>136/16<br>124/31.3.16 | ശ്രീ.എം.ഇബ്രാഹീംകുട്ടി<br>30/17.9.15 | 2.50 $m^3$<br>ഇനം. 4 | 18,787/- | 17,830/- | 957/- |
| 13 | PW2.14690/15<br>ഒരുവനിയിൽ ഫൂട്ട്പാത്ത് കോൺക്രീറ്റിംഗ്<br>86/16<br>56/16.3.16 | ശ്രീ.എം.ഇബ്രാഹീംകുട്ടി<br>31/17.9.15 | 6.3 $m^3$<br>ഇനം.3 | 47,349/- | 44,932/- | 2,417/- |

| | | | | | | |
|---|---|---|---|---|---|---|
| 14 | PW2.14684/15<br>തുമരക്കാവ് റെയിൽവേലൈൻ ഫൂട്ട്പാത്ത്കോൺക്രീറ്റിംഗ്<br>93/16<br>89/26.3.16 | ശ്രീ.കുഞ്ഞീൻ ഹാജി<br>8/10.08.2015 | 25.18 $m^3$<br>ഇനം.2 | 1,89,240/- | 1,79,584/- | 9,656/- |
| 15 | PW2.14686/15<br>ചോലക്കൽ ബാപ്പു ഫൂട്ട്പാത്ത് കോൺൺക്രീറ്റിംഗ്<br>89/16<br>21/12.2.16 | ശ്രീ.ടി.കെ.മൊയ്തീൻകുട്ടി<br>11/24.8.15 | 14.363 $m^3$<br>ഇനം.4 | 1,07,932/- | 1,02,437/- | 5,495/- |
| 16 | PW2.14939/15<br>വാക്കയിൽ റോഡ് കോൺക്രീറ്റിംഗ്<br>127/16<br>100/28.3.16 | ശ്രീ.കെ.സിദ്ദിക്ക്<br>23/15.9.15 | 24.005 $m^3$<br>ഇനം.4 | 1,80,388/- | 1,71,204/- | 9,184/- |
| 17 | PW1.14557/15<br>പുത്തുത്തോട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്<br>120/16<br>29/12.2.16 | ശ്രീ.ടി.ബാലകൃഷ്ണൻ<br>46/17.09.2015 | 14.805 $m^3$<br>ഇനം.4 | 1,11,254/- | 1,05,589/- | 5,665/- |
| ആകെ | | | | | | 75,657/- |

ഇതു സംബന്ധിച്ച 17.01.2017 – ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.44 നൽകിയെങ്കിലും നാളിതുവരെ യാതൊരു മറുപടിയും നഗരസഭ നൽകിയില്ല. ആയതിനാൽ ₹ 75,657/- നിരാകരിക്കുന്നു.

## 3-2 ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം - സബ്സിഡിതുക കൈപ്പറ്റി- തൊഴുത്ത് നിർമ്മിച്ചില്ല.

തിരൂർ നഗരസഭ 2015-2016 വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം പദ്ധതി(പ്രോജക്റ്റ് നം. S0003/2016) 9 പേർക്ക് ശാസ്ത്രീയ തൊഴുത്ത്നിർമ്മാണത്തിന് 10,000/-രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 20,000/-രൂപ ചെലവഴിച്ച് തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന മുറക്ക് 10,000/-രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്.

തൊഴുത്ത്നിർമ്മാണം പൂർത്തീകരിച്ച് സബ്സിഡി കൈപ്പറ്റിയവരുടെ തൊഴുത്തുകൾ 24-11-2016ന് വെറ്റിനറിസർജന്റെ സാനിധ്യത്തിൽ ഓഡിറ്റ് ടീം പരിശോധന നടത്തി. പരിശോധനയിൽ ശ്രീ. മുഹമ്മദ് ഷാഫി, പുതിയകത്ത് S/o. കുഞ്ഞിമോൻ ഹാജി എന്നവർ തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി(സ്ഥല പരിശോധന റിപ്പോർട്ടും ഫോട്ടോയും റിപ്പോർട്ടിന്റെ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.) ടിയാൻ 10,000/-രൂപ 27-01-2016 ലെ 187434 നമ്പർ ചെക്ക് പ്രകാരം വെറ്റിനറി സർജനിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. ഇത്

ക്രമപ്രകാരമല്ല. 10,000/-രൂപ നഗരസഭ ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

മേൽ പരാമർശം 07/12/2016ലെ ഓഡിറ്റ് എൻക്വയറി നം.22/2015-2016 പ്രകാരം വെറ്റിനറി സർജനെ അറിയിച്ചു. ആയതിന് 20/12/2016ന് ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ചടക്കാൻ ശ്രീ. മുഹമ്മദ് ഷാഫിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഉടൻ അടവാക്കുമെന്നമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തുക തിരിച്ചടവാക്കിയിട്ടില്ല.

## 3-3 അംഗനവാടി പോഷകാഹാര പദ്ധതി ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ക്വട്ടേഷൻ ക്ഷണിക്കാതെ അധിക തുക അനുവദിച്ചു.

പ്രൊജക്ട് നം. S0050/16 അംഗനവാടി പോഷകാഹാര പദ്ധതി

തിരൂർ നഗരസഭ 2015-16 വർഷത്തിൽ നടപ്പാക്കിയ അംഗനവാടി പോഷകാഹാര പദ്ധതിയിൽ അംഗനവാടികളിലേക്ക് ഭക്ഷണ സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ നടത്തിയ വകയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി തീരമൈത്രി സൂപ്പർ മാർക്കറ്റിന് കിലോക്ക് 1.30 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. 26.03.2011 ലെ ജി.ഒ.(ആർ.ടി)883/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോക്ക് 50 പൈസ നിരക്കിൽ അനുവദിക്കാവുന്നതാണ്. അതിന് കഴിയുന്നില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ ഉപക രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷന് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം നേടി അപ്രകാരം ചെലവഴിക്കാവുന്നതാണ്. എന്നാൽ കൂടിയ നിരക്ക് അനുവദിച്ചപ്പോൾ ക്വട്ടേഷൻ നടത്തിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ബിൽ നം. 03/15-16

2500 Kg 3250/- രൂപ

5490 Kg 7137/- രൂപ

14355 Kg 18338/- രൂപ

2. ബിൽ നം. 09/2015-16 8170 Kg 10621/- രൂപ

9711 Kg 12624/- രൂപ

3699 Kg 4808/- രൂപ

മേൽ അപാകത 08-11-2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 01/2015-2016 പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസറെ അറിയിച്ചിരുന്നു.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ മുൻ സൂപ്പർവൈസറുടെ കാലത്താണ് മേൽ ചെലവുകൾ നടന്നതെന്നും ഓഡിറ്റ് എൻക്വയറി അവർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും വിശദമായ മറുപടി പിന്നീട് ഹാജരാക്കാമെന്നമാണ് അറിയിച്ചത്.

## 3-4 പത്താംതരം, +2 തുല്യതാ പരീക്ഷയെഴുതിയത് സംബന്ധിച്ച്

തിരൂർ നഗരസഭയുടെ 2015-2016 വർഷത്തെ പ്രധാനാധ്യാപകൻ, ജി. എം. യു. പി. സ്കൂൾ , തിരൂർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ SOO54/16 നമ്പർ പ്രോജക്ട് പ്രകാരം പത്താംതരം, +2 തുല്യതാ പരീക്ഷാർത്ഥികൾക്കായി പരീക്ഷാ ഫീസ് അനുവദിച്ചിട്ടുണ്ട്. +2 തുല്യതാപരീക്ഷാ ഫീസിനത്തിൽ 9 പേർക്ക് ₹ 2250/- വീതം ₹ 20250/- യും (ബിൽ നം.06/15-16) പത്താംതരം തുല്യതാപരീക്ഷാ ഫീസിനത്തിൽ ₹ 2000/- വീതം 33 പേർക്ക് ₹ 66,000/- യും അനുവദിച്ചിട്ടുണ്ട്. (ഡി.ഡി.നം. 189049 തിയ്യതി. 26-02-2016) എന്നാൽ മേൽ പരീക്ഷാർത്ഥികൾ പരീക്ഷയെഴുതിയത് സംബന്ധിച്ച് വിശദാംശങ്ങൾ ഫയലിൽ കാണുന്നില്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചതായി വിലയിരുത്താനാവുന്നില്ല. ഓഡിറ്റ് എൻക്വയറി നം.33/2015-2016 പ്രകാരം വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ചെലവ് തുക ₹ 86,250/- തടസം ചെയ്യുന്നു. പ്രസ്തുതരേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-5 വിജയഭേരി പദ്ധതിക്ക് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.1,00000/-രൂപ തടസ്സം ചെയ്യുന്നു.

തിരൂർ നഗരസഭയുടെ 2015-2016 വർഷത്തെ SOO52/16 നമ്പർ പ്രോജക്ട് പ്രകാരം നഗരസഭ പരിധിയിലുള്ള 5-യു.പി. സ്കൂളിലേയും 17-എൽ.പി. സ്കൂളിലേയും വിജയഭേരി പ്രവർത്തനങ്ങൾക്കായി 60000/-രൂപയും, SOO53/16 നമ്പർ പ്രോജക്ട് പ്രകാരം രണ്ട് ഹൈസ്കൂളുകൾക്കായി

40000/- രൂപയും ചെലവ് ചെയ്തിട്ടുണ്ട്. മേൽ തുകകളത്രയും ചെലവ് ചെയ്തത് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും ലഘുഭക്ഷണം വിതരണംചെയ്യുന്നതിനുമാണ്. എന്നാൽ 16-11-2013ലെ ജി.ഒ.(എം.എസ്.) 362/2013 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് ഖണ്ഡിക 6 സെക്ഷൻ 4,5 എന്നിവ പ്രകാരം അധ്യാപകർക്ക് ഹോണറേറിയം ഒഴികെയുള്ള ചെലവുകൾ ഏറ്റെടുക്കുന്നതിനുമുമ്പായി സർക്കാർ അനുമതി വാങ്ങേണ്ടതാണ്. അത്തരത്തിൽ അനുമതി വാങ്ങിയതായി ഫയലിൽ കാണുന്നില്ല.

മേൽ പരാമർശം 09-01-2017ലെ ഓഡിറ്റ് എൻക്വയറി നം.33/2015-2016 പ്രകാരം അറിയിച്ചിരുന്നു. 17.01.2017 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത 1,00000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-6** <u>വയോമിത്രം പദ്ധതി - മരുന്നുകൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - ₹ 2,00,000/- തടസ്സം ചെയ്യുന്നു.</u>

| | | |
|---|---|---|
| ഫയൽ നം. | - | ജെ.എച്ച്.ഐ - 20612/15 |
| പ്രൊജക്ട് നം. | - | 59/16 |
| അടങ്കൽ | - | ₹ 2,00,000/- |
| ചെലവ് | - | ₹ 2,00,000/- |
| ബിൽ നം. | - | 11/11/15-16 – 59/16 തീയതി 22.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ – പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തിരൂർ | | |

നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ തുടങ്ങിയ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിയ പ്രോജക്ടാണ് വയോമിത്രം പദ്ധതി.

പ്രൊജക്ട് നം.59/16 – പ്രകാരം, വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ₹ 2,00,000/- വകയിരുത്തി ചെലവഴിക്കുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടിയും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 29.11.2016 – ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.18 നൽകിയിരുന്നു.

1. വയോമിത്രം പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിന്, പ്രോജക്ട് തയ്യാറാക്കുന്നതിനു മുൻപ് നഗരസഭയുടെ വയോമിത്രം പദ്ധതിയുടെ ചാർജ്ജുള്ള ഡോക്ടർ തയ്യാറാക്കിയ മരുന്നുകളുടെ നോൺ - അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, പ്രസ്തുത നോൺ - അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കയച്ച കത്ത്.
2. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് വയോമിത്രം ഡോക്ടർ തയ്യാറാക്കിയ ഇൻഡന്റ്.
3. വയോമിത്രം പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ.
4. വീടുകളിൽ രോഗികളെ സന്ദർശിച്ചതിന്റെ രജിസ്റ്റർ

വയോമിത്രം പദ്ധതിയുടെ ചാർജ്ജുള്ള ഡോക്ടർ തയ്യാറാക്കിയ മരുന്നുകളുടെ നോൺ - അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്നുകൾ വാങ്ങുന്നതിനുള്ള ഇൻഡന്റ് ഫയലിൽ ചേർത്തിട്ടുണ്ടെന്ന് നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ, പ്രോജക്ട് ഓഫീസറുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഫയലോ വയോമിത്രം പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററോ വീടുകളിൽ രോഗികളെ സന്ദർശിച്ചതിന്റെ രജിസ്റ്ററോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വയോമിത്രം പദ്ധതി വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച ₹ 2,00,000/- തടസ്സം ചെയ്യുന്നു.

ക്രമ നം.1 മുതൽ 4 വരെയുള്ള രേഖകൾ, ഫയൽ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## **3-7** <u>ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിന് മുൻപ് കുടിവെള്ളഗാർഹികകണക്ഷൻ ലഭിച്ചവർക്ക് സബ്സിഡി നൽകി - ₹ 20,000/- നിരാകരിക്കുന്നു.</u>

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | - | 61/16 |
| അടങ്കൽ | - | ₹ 3,04,000/- |
| ചെലവ് | - | ₹ 1,16,000/- |
| ബിൽ നം. | - | 12/12/15-16പി.നം. തീയതി 22.03.2016, ₹ 76,000/- |
| ബിൽ നം. | - | 25/25/16പി.നം. തീയതി 31.03.2016, ₹ 12,000/- |
| ബിൽ നം. | - | 31/31/16പി.നം. തീയതി 31.03.2016, ₹ 28,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.5 – ൽ "കുടിവെള്ളം" എന്ന തലക്കെട്ടിൽ ക്രമ നം.2 – ൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക "കുടിവെള്ളം - ഗാർഹികകണക്ഷൻ നൽകൽ" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 4,000/- ആണെന്നും ഗുണഭോക്താക്കൾ കണക്ഷൻ എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിത്തുക കൈമാറാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തിരൂർ നഗരസഭാ കൗൺസിലിന്റെ 31.08.2015 - ലെ 21- ാം നമ്പർ തീരുമാനപ്രകാരം, തിരൂർ നഗരസഭയുടെ 2015 - 2016 – ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള അന്തിമഗുണഭോക്തൃലിസ്റ്റുകൾ അംഗീകരിച്ചിട്ടുണ്ട്.

2015-2016 സാമ്പത്തികവർഷം 61/16 – നം.പ്രൊജക്റ്റ് പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്ക "കുടിവെള്ളം ഗാർഹികകണക്ഷൻ നൽകൽ" എന്ന പദ്ധതിക്കുവേണ്ടി 29 ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ആകെ ₹ 1,16,000/- ചെലവഴിക്കുകയും ചെയ്തു.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് 19.01.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.46 നൽകിയെങ്കിലും നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ മറുപടി നൽകിയിട്ടില്ല.

1. 2015 - 2016 – ലെ വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റുകൾ 31.08.2015 – ൽ കൗൺസിൽ അംഗീകരിക്കുന്നതിനും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിനും മുൻപു തന്നെ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ ലഭിച്ചവരായിരുന്നിട്ടും ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കുടിവെള്ള കണക്ഷൻ ലഭിച്ച തീയതി | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|---|
| 1 | ശ്രീ.മുഹമ്മദ് എന്ന ബാവ പുതിയറയ്ക്കൽ | 15 | 33 | 21.05.2015 | 4,000/- |
| 2 | ശ്രീ.സജാദ് സഹീർ.ടി.വി. | 16 | 34 | 01.04.2015 | 4,000/- |
| 3 | ശ്രീ.സൈതലവി വെള്ളാടത്തുകുറുകയിൽ | 24 | 57 | 20.04.2015 | 4,000/- |
| 4 | ശ്രീ.വേലായുധൻ പട്ടയത്ത് | 26 | 65 | 02.05.2015 | 4,000/- |
| 5 | ശ്രീ.കെ.വി.ഹംസ | 30 | 71 | 17.08.2015 | 4,000/- |
| ആകെ | | | | | 20,000/- |

ടി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിന് മുൻപു തന്നെ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ ലഭിച്ചവരാണ്. ടി വ്യക്തികൾക്ക് സബ്സിഡിയുടെ ആനുകൂല്യം ഇല്ലാതെ തന്നെ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ എടുക്കാൻ ശേഷിയുണ്ടായിരുന്നുവെന്നാണ് ഇതു തെളിയിക്കുന്നത്.

എന്നിട്ടും ടി വ്യക്തികൾക്ക് കുടിവെള്ളകണക്ഷന് അനധികൃതമായി സബ്സിഡിയിനത്തിൽ ചെലവഴിച്ച ₹ 20,000/- നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 പട്ടികജാതിവിഭാഗം - 10 -ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൈക്കിൾ വിതരണം - രേഖകൾ ഹാജരാക്കിയില്ല - ₹ 1,34,900/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | - | 75/16 |
| അടങ്കൽ | - | ₹ 2,25,000/- |
| ചെലവ് | - | ₹ 1,34,900/- |
| ബിൽ നം. | - | 2/സിബി നം.3/15 – 16 തീയതി 26.02.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 6.8 – ൽ ക്രമ നം.4 - ൽ 2013 - 2014 അദ്ധ്യയനവർഷം മുതൽ 10 -ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ലെന്നും നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.75/16 പ്രകാരം പട്ടികജാതിവിഭാഗത്തിൽപ്പെട്ട, 10 -ാം ക്ലാസ്സിൽ പഠിക്കുന്ന 34കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി ചുവടെ കൊടുക്കും പ്രകാരം ആകെ ₹ 1,34,900/- ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ആൺകുട്ടികൾ/പെൺകുട്ടികൾ | എണ്ണം | നിരക്ക് (₹) | ആകെ (₹) |
|---|---|---|---|---|
| 1 | ആൺകുട്ടികൾ | 19 | 3,950/- | 75,050/- |
| 2 | പെൺകുട്ടികൾ | 15 | 3,990/- | 59,850/- |
| | ആകെ | 34 | | 1,34,900/- |

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 07.12.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.20 നൽകിയിരുന്നു.

1. കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി തെരഞ്ഞെടുത്ത കുട്ടികൾ പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രങ്ങൾ.

2. 2013 – ലെ സ്റ്റോർ പർചേസ് മാനുവലിലെ ഖണ്ഡിക നം.9.2 – ൽ (അനക്സർ - 18) നിഷ്കർഷിക്കും പ്രകാരം, കേരള ഫിനാൻഷ്യൽ കോഡ് വോള്യം II – ഫോറം നം.15 – ലെ മാതൃകയിലുള്ള ടെൻഡർ രജിസ്റ്റർ.

3. 2013 – ലെ സ്റ്റോർ പർചേസ് മാനുവലിലെ ഖണ്ഡിക നം.8.17 - പ്രകാരം, വിജയിച്ച ടെണ്ടറുകാരനിൽ നിന്നും കോൺട്രാക്റ്റിന്റെ സഫലീകരണത്തിനു വേണ്ടി ആകെ കോൺട്രാക്ട് തുകയുടെ 5 % വരുന്ന തുക പെർഫോമൻസ് സെക്യൂരിറ്റിയായി പർചേസിംഗ് ഓഫീസർ വാങ്ങണമെന്നും ഖണ്ഡിക നം.8.29 - ൽ നിരതദ്രവ്യം പെർഫോമൻസ് സെക്യൂരിറ്റിയുടെ ഭാഗമായി കണക്കാക്കുന്നതിനാൽ ബാക്കി തുകയ്ക്കുള്ള പെർഫോമൻസ് സെക്യൂരിറ്റി വാങ്ങിയാൽ മതിയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ സഫാരി ട്രേഡിംഗ് കമ്പനിയിൽ നിന്നും ലഭിച്ച ബാക്കി തുകയ്ക്കുള്ള പെർഫോമൻസ് സെക്യൂരിറ്റിയുടെ വിശദാംശങ്ങൾ.

4. 2013 – ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക നം.9.60 – പ്രകാരം വിജയിച്ച ടെണ്ടറുകാരനുമായി അനക്സർ 23 – ലെ മാതൃകയിൽ നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രത്തിലുള്ള സഫാരി ട്രേഡിംഗ് കമ്പനിയും പർച്ചേസിംഗ് ഓഫീസറായ പട്ടികജാതി വികസന ഓഫീസറും തമ്മിൽ ഏർപ്പെട്ട കരാർ.

5. മേൽ പ്രോജക്ട് പ്രകാരം, പട്ടികജാതിവിഭാഗത്തിൽപ്പെട്ട, 10 - ാം ക്ലാസ്സിൽ പഠിക്കുന്ന 34 കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി മലപ്പുറം ജില്ലയിൽ ഈസ്റ്റ് കോഡൂരുള്ള സഫാരി ട്രേഡിംഗ് കമ്പനിക്ക് നൽകിയ ₹ 1,34,900/- യുടെ അസൽ കൈപ്പറ്റ് രസീത്.

എന്നാൽ നാളിതു വരെയും പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയോ രേഖകളോ ലഭിച്ചില്ല.

മറുപടിയുടേയും രേഖകളുടേയും അഭാവത്താൽ ₹ 1,34,900/- തടസ്സം ചെയ്യുന്നു.

തടസ്സപ്പെടുത്തിയ തുകയിന്മേൽ പട്ടികജാതി വികസന ഓഫീസർ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-9 പട്ടികജാതിവിഭാഗം - കുടിവെള്ളഗാർഹികകണക്ഷന് സബ്സിഡി നൽകി - നഗരസഭ ഫണ്ടിന് ₹ 5,000/- നഷ്ടം - ₹ 20,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | - | 65/16 |
| അടങ്കൽ | - | ₹ 1,50,000/- |
| ചെലവ് | - | ₹ 25,000/- |
| ബിൽ നം. | - | 5/സിബി നം.05/15 – 16 തീയതി 29.03.2016, ₹ 20,000/- |
| ബിൽ നം. | - | 4/സിബി നം.07/15 – 16 തീയതി 31.03.2016, ₹ 5,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 3.5 – ൽ കുടിവെള്ളം എന്ന തലക്കെട്ടിൽ ക്രമ നം.2 – ൽ കുടിവെള്ളം - ഗാർഹികകണക്ഷൻ നൽകൽ എന്ന ഇനത്തിന്, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട, ₹ 50,000/-യിൽ കുറവ് വാർഷിക വരുമാനമുള്ള വ്യക്തികൾക്കുമാത്രം ഗാർഹികകുടിവെള്ള കണക്ഷൻ നൽകുന്നതിൻെറ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും നൽകാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 6,000/- - യായി നിജപ്പെടുത്തിയിട്ടുണ്ട്.

2015-2016 - വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ 65/16 - നമ്പർ പ്രൊജക്ടിൽ ഉൾപ്പെടുത്തിയ പട്ടികജാതിവിഭാഗക്കാർക്കായി നൽകുന്ന ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി എന്ന പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് ₹ 5,000/- വീതം സബ്സിഡിയിനത്തിൽ ആകെ ₹ 25,000/- ചെലവഴിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 08.12.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24 നൽകിയിരുന്നു.

1. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതും സബ്സിഡിത്തുക കൈപ്പറ്റിയതുമായ ചുവടെ കൊടുക്കുന്ന ഗുണഭോക്താവ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുത്തതിന്റെ കൺസ്യൂമർ നമ്പർ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റുകൾ.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.അമ്മിണി.സി. | 23 | 12 | 5,000/- |
| 2 | ശ്രീമതി.സജിത.ഐ.പി. | 6 | 6 | 5,000/- |
| ആകെ | | | | 10,000/- |

2. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട, സബ്സിഡി കൈപ്പറ്റിയ ചുവടെ കൊടുക്കുന്ന വ്യക്തികളുടെ അപേക്ഷകളോടൊപ്പം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജുകളുടെ പകർപ്പുകളും ടി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവു വെച്ചതിന്റെ രേഖകളും.

| ക്രമ നം. | പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.മുണ്ടൻകുട്ടി.കെ.പി. | 1 | 1 | 5,000/- |
| 2 | ശ്രീമതി.രാധ.കെ. | 6 | 5 | 5,000/- |
| ആകെ | | | | 10,000/- |

ഉപ നം.1, 2 എന്നിവ പ്രകാരമുള്ള ₹ 20,000/- – യുടെ ചെലവിന് ഖണ്ഡികയിലെ പരാമർശങ്ങളുടെ പിൻബലത്തിൽ തടസ്സവാദമുന്നയിക്കുന്നു.

3. ടി പ്രൊജക്ട് പ്രകാരം, പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു "കുടിവെള്ളം - ഗാർഹികകണക്ഷൻ നൽകൽ" എന്ന പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ കൊടുക്കുന്ന വ്യക്തി, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിനു മുൻപേ ടിയാളുടെ ഭർത്താവ് ശ്രീ.കാർത്തികേയൻ, കുന്നേക്കാട്ട് - ന്റെ പേരിൽ 02.05.2015 - ൽ TIR : 4060/D – എന്ന കൺസ്യൂമർ നമ്പരിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.അമ്മിണി.കെ. | 37 | 25 | 5,000/- |
| ആകെ | | | | 5,000/- |

പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു "കുടിവെള്ളം - ഗാർഹിക കണക്ഷൻ നൽകൽ" എന്ന ഇനത്തിന് സബ്സിഡിക്കർഹത നേടുന്നതിനു വേണ്ടി ശ്രീമതി.അമ്മിണി.കെ. അപേക്ഷ നൽകിയത് 18.06.2015 – നം പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു കുടിവെള്ള ഗാർഹിക കണക്ഷന് സബ്സിഡി നൽകുന്നതിനു വേണ്ടി തയ്യാറാക്കിയ 2015 – 2016 – ലെ അന്തിമഗുണഭോക്തൃലിസ്റ്റ് നഗരസഭ കൗൺസിൽ 21 - ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത് 31.08.2015 – നം ആണ്. ഹാജരാക്കിയ റേഷൻ കാർഡിൽ (നം.2054131713), കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീമതി.അമ്മിണി.കെ. - യുടെ കാർഡ് ഉടമസ്ഥനും കുടുംബനാഥനുമായ ശ്രീ.കാർത്തികേയനുമായുള്ള ബന്ധം എന്ന കോളത്തിൽ ഭാര്യ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സെക്ഷൻ, തിരൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ PHT/12/2015/Con. - നം. സാക്ഷ്യപത്രത്തിലും ശ്രീ.കാർത്തികേയൻ, കുന്നേക്കാട്ടിൽ എന്ന വ്യക്തിക്ക് 02.05.2015 - ൽ TIR : 4060/D – എന്ന കൺസ്യൂമർ നമ്പരിലുള്ള കുടിവെള്ള ഗാർഹികകണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽ നിന്നും, ടിയാളുടെ ഭർത്താവിന്റെ പേരിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ ലഭിച്ച വിവരം മറച്ചു വെച്ചു കൊണ്ടാണ് ശ്രീമതി.അമ്മിണി.കെ. ₹ 5,000/- സബ്സിഡി കൈപ്പറ്റിയിരിക്കുന്നതെന്ന് വ്യക്തമാണ്.

ടി വ്യക്തി ഹാജരാക്കിയ രേഖകളുടെ സാധുത പരിശോധിക്കാതെ സബ്സിഡി അനധികൃതമായി അനുവദിച്ചതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

എന്നാൽ നാളിതുവരെയും പട്ടികജാതി വികസന ഓഫീസർ മേൽ പരാമർശങ്ങൾക്ക് മറുപടിയോ രേഖകളോ നൽകിയില്ല.

14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി മാർഗ്ഗരേഖയിൽ, അനുബന്ധം 16 – ൽ, ഖണ്ഡിക നം.2.8 – ൽ ഗുണഭോക്താവ് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ, അവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ സബ്സിഡിത്തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽത്തന്നെ നിർവ്വഹണോദ്യോഗസ്ഥൻ അടയ്ക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ എടുത്തതിന്റെ കൺസ്യൂമർ നമ്പർ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റുകളും സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജുകളുടെ പകർപ്പുകളും അവരുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവു വെച്ചതിന്റെ ബാങ്കിൽ നിന്നുള്ള രേഖകളും ഹാജരാക്കേണ്ടതാണ്.

ശ്രീമതി.അമ്മിണി.കെ. എന്നവർക്ക്, അനധികൃതമായി സബ്സിഡി അനുവദിച്ചതു മൂലം നഗരസഭ ഫണ്ടിന് ₹ 5,000/- നഷ്ടമുണ്ടായിട്ടുണ്ട്. ആയതിനാൽ ടി നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ആദ്യമറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## 3-10 പട്ടികജാതിവിഭാഗം - 8 - ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് മേശയും കസേരയും നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 60,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | - | 69/16 |
| അടങ്കൽ | - | ₹ 1,32,050/- |
| ചെലവ് | - | ₹ 60,000/- |
| ബിൽ നം. | - | 3/സിബി നം.3/15 – 16 തീയതി 29.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 6.8 – ൽ ക്രമ നം.3 – ൽ, പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) നൽകുന്നതിന് ₹ 4,000/- ധനസഹായം നൽകാവുന്നതാണെന്നും സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം മേശയും കസേരയും സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂയെന്നും പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ലെന്നും നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം.69/16 പ്രകാരം പട്ടികജാതിവിഭാഗത്തിൽപ്പെട്ട, 8 - ാം ക്ലാസ്സിൽ പഠിക്കുന്ന 15കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി ചുവടെ കൊടുക്കും പ്രകാരം ആകെ ₹ 60,000/- ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഫർണിച്ചർ ഇനം. | എണ്ണം | നിരക്ക് (₹) | ആകെ (₹) |
|---|---|---|---|---|
| 1 | സ്റ്റീൽ കസേര | 15 | 3,014/- | 45,210.00 |
| 2 | ആംഡ് ഫൈബർ കസേര | 15 | 480/- | 7,200.00 |
| ആകെ | | | | 52,410.00 |
| മൂല്യവർദ്ധിത നികുതി @ 14.5 % | | | | 7,599.45 |
| വ്യത്യാസം റൗണ്ട് ചെയ്തത് | | | | (-)9.45 |
| ആകെ | | | | 60,000.00 |

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും രേഖകളും നൽകണമെന്നാവശ്യപ്പെട്ട് 08.12.2016 - ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21 നൽകിയിരുന്നു.

1. പട്ടികജാതിവിഭാഗത്തിൽപ്പെട്ട, 8 - ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണം (മേശയും കസേരയും) വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ 2015 – 2016 – ലെ അന്തിമ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ കുട്ടികളുടേയും അപേക്ഷകൾ, അപേക്ഷ സമർപ്പിക്കുന്ന കാലയളവിൽ, ടി കുട്ടികൾ 8 - ാം ക്ലാസ്സിൽ പഠിക്കുന്നവരാണെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് എന്നിവരിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ, വില്ലേജ് ഓഫീസർ അനുവദിച്ച അസൽ വരുമാനസർട്ടിഫിക്കറ്റുകൾ, തഹസിൽദാരിൽ നിന്നുള്ള അസൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിലെ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ എന്നിവ.

2. പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ലെന്ന് ടി

മാർഗ്ഗരേഖകളിൽ വ്യക്തമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രങ്ങൾ.

3. 2013 – ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ അനക്സർ 22 – ലെ മാതൃകയിലുള്ള സപ്ലൈ ഓർഡർ.

4. 2013 – ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക നം.9.60 – പ്രകാരം, അനക്സർ 23 – ലെ മാതൃകയിൽ നിശ്ചിതതുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ കേരള സിഡ്കോയും പർച്ചേസിംഗ് ഓഫീസറായ പട്ടികജാതി വികസന ഓഫീസറും തമ്മിൽ ഏർപ്പെട്ട അസൽ കരാർ.

5. 8 - ാം ക്ലാസ്സിൽ പഠിക്കുന്ന 15 കുട്ടികൾക്ക് മേശയും കസേരയും അതത് സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്തതിന്റേയും കുട്ടികൾ കൈപ്പറ്റിയതിന്റേയും രേഖകൾ.

എന്നാൽ നാളിതുവരെയും പട്ടികജാതി വികസന ഓഫീസർ മേൽ അന്വേഷണക്കുറിപ്പിന് മറുപടിയോ രേഖകളോ നൽകിയില്ല.

മറുപടിയും രേഖകളും ഹാജരാക്കാത്തതിനാൽ മേശയും കസേരയും വാങ്ങി നൽകുവാൻ ചെലവഴിച്ച ₹ 60,000/- തടസ്സം ചെയ്യുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ തന്നെ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. വീഴ്ചയുണ്ടായാൽ മറ്റു മറുപടിയൊന്നുമില്ലായെന്ന നിഗമനത്തിൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-11 പട്ടികജാതിവിഭാഗം - വീട് പുനരുദ്ധാരണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,10,000/- തടസ്സം ചെയ്യുന്നു - ₹ 30,000/- നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നം. | - | 64/16 |
| അടങ്കൽ | - | ₹ 9,00,000/- |
| ചെലവ് | - | ₹ 2,40,000/- |
| ബിൽ നം. | - | സിബി നം.09/15 – 16 തീയതി 31.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.6 – ൽ "വീട്" എന്ന തലക്കെട്ടിൽ ക്രമ നം.5 – ൽ "പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണം" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 25,000/- ആയി നിശ്ചയിച്ചിട്ടുണ്ട്. മാത്രമല്ല, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ വീടിന്റെ അറ്റകുറ്റപ്പണിക്ക് വീട്ടുടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവെടുത്തതിനുശേഷം ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്നും പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്കു മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂവെന്നും ടി സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2015-2016 സാമ്പത്തികവർഷം 64/16 – നം.പ്രൊജക്ട് പ്രകാരം, "പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണം" എന്ന പദ്ധതിക്കുവേണ്ടി ആകെ ₹ 2,40,000/- ചെലവഴിക്കുകയും ചെയ്തു.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 09.01.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.31 നൽകിയെങ്കിലും പട്ടികജാതി വികസന ഓഫീസർ മറുപടിയോ രേഖകളോ നൽകിയില്ല.

1. ധനസഹായത്തിന് അർഹതയുള്ള ഓരോ ഗുണഭോക്താവും പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞതാണെന്ന് തെളിയിക്കുന്ന, നഗരസഭ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം.

2. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ മുൻപ് വീട് പുനരുദ്ധാരണത്തിന് ആനുകൂല്യം ലഭിച്ചവരല്ലെന്ന തെളിയിക്കുന്ന, നഗരസഭ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം.

3. എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം.

4. പട്ടികജാതി വികസന ഓഫീസർ, തിരൂർ നിർവ്വഹണോദ്യോസ്ഥനായി നടപ്പാക്കിയിട്ടുള്ള പ്രൊജക്ടുകളുടെ വരവ്/ചെലവ് വിവരം രേഖപ്പെടുത്തിയ ടി.ആർ.7 എ ഫോമിലുള്ള കാഷ് ബുക്കും സബ്സിഡിയറി റജിസ്റ്ററും.

5. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ കൊടുക്കുന്ന വ്യക്തികൾ, പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു വീട് പുനരുദ്ധാരണത്തിന് അക്വിറ്റൻസ് പ്രകാരം സബ്സിഡി കൈപ്പറ്റിയിട്ടുണ്ടെങ്കിലും അക്വിറ്റൻസ് രജിസ്റ്ററിൽ ഡി.ഡി.നമ്പരോ കൈപ്പറ്റിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

<table>
<tr><th>ക്രമ നം.</th><th>ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയുടെ പേര്</th><th>വാർഡ് നം.</th><th>ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം.</th><th>കൈപ്പറ്റിയ സബ്സിഡി (₹)</th><th>ഡി.ഡി.നം./ കൈപ്പറ്റിയ തീയതി</th></tr>
<tr><td>1</td><td>ശ്രീമതി.ലക്ഷ്മി</td><td>27</td><td>44</td><td>15,000/-</td><td rowspan="2">ഡി.ഡി.നം./ കൈപ്പറ്റിയ തീയതി എന്നിവയൊന്നും അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.</td></tr>
<tr><td>2</td><td>ശ്രീമതി.അമ്മിണി.കെ.പി.</td><td>3</td><td>8</td><td>15,000/-</td></tr>
<tr><td colspan="4">ആകെ</td><td>30,000/-</td><td></td></tr>
</table>

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ, അനുബന്ധം 16 – ൽ, ഖണ്ഡിക നം.2.8 – ൽ ഗുണഭോക്താവ് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ അവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ നിർവ്വഹണോദ്യോഗസ്ഥൻ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽത്തന്നെയാണ് അടയ്ക്കേണ്ടതെന്നും 14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജുകളുടെ പകർപ്പുകൾ എന്നിവ അപേക്ഷകളോടൊപ്പം ഉണ്ടായിരുന്നില്ല. മാത്രമല്ല, അക്വിറ്റൻസ് രജിസ്റ്ററിൽ ഡി.ഡി.നമ്പരോ കൈപ്പറ്റിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി വ്യക്തികൾ ഡി.ഡി. മുഖേനയാണോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയാണോ സബ്സിഡി കൈപ്പറ്റിയതെന്ന് വ്യക്തമല്ല.
ടി വ്യക്തികൾ ഡി.ഡി. മുഖേനയാണോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയാണോ സബ്സിഡി കൈപ്പറ്റിയതെന്ന് പട്ടികജാതിവികസന ഓഫീസർ വ്യക്തമാക്കേണ്ടതാണ്.

ടി മാർഗ്ഗരേഖയിലേയും സർക്കാർ ഉത്തരവിലേയും വ്യവസ്ഥകൾ പാലിക്കാതെയും പ്രാഥമികതലത്തിൽ യാതൊരു സൂക്ഷ്മപരിശോധനയ്ക്കും വിധേയമാക്കാതെ ടി ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളോടൊപ്പം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജിന്റെ പകർപ്പുകൾ ഉണ്ടോയെന്ന പരിശോധിച്ചുറപ്പു വരുത്താതെയും അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

6. ചുവടെ കൊടുക്കുന്ന വ്യക്തി പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്കു വീട് പുനരുദ്ധാരണത്തിനുള്ള സബ്സിഡി ₹ 15,000/- ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന കൈപ്പറ്റിയതിനു(തീയതിയില്ല) ശേഷം 26.07.2016 – ലെ ചെലാൻ പ്രകാരം തിരിച്ചടച്ചതായി അക്വിറ്റൻസ് രജിസ്റ്റർ പേജ് നം.10 – ൽ ക്രമ നം.14 – നു നേരേ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) | ഡി.ഡി.നം./ തീയതി |
|---|---|---|---|---|---|
| 1 | ശ്രീ.വേലായുധൻ ഷാരത്ത് | 36 | 60 | 15,000/- | 459836/21.04.2016 |
| ആകെ | | | | 15,000/- | |

ചെലാൻ പ്രകാരം സബ്സിഡിയായ ₹ 15,000/- തിരിച്ചടച്ചതായി അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അസൽ ചെലാൻ ഹാജരാക്കുകയോ ടി വ്യക്തി സബ്സിഡി തിരിച്ചടയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

ടി തുക തിരിച്ചടച്ചതിന്റെ അസൽ ചെലാൻ ഹാജരാക്കേണ്ടതും സബ്സിഡി തിരിച്ചടയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

7. ചുവടെ കൊടുക്കുന്ന വ്യക്തികൾ, മേൽ പ്രോജക്ട് പ്രകാരം, പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണത്തിന് 2015 – 2016 – ൽ സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്.(അക്വിറ്റൻസ് രജിസ്റ്ററിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.)

| ക്രമ നം. | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയുടെപേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) | ഡി.ഡി.നം./ തീയതി |
|---|---|---|---|---|---|
| 1 | ശ്രീ.മുണ്ടൻകുട്ടി.കെ.പി. | 1 | 4 | 15,000/- | 459873/ 21.04.2016 |
| 2 | ശ്രീ.രാമൻ തറയൻപറമ്പിൽ | 6 | 16 | 15,000/- | 459878/ 21.04.2016 |
| ആകെ | | | | 30,000/- | |

ടി സർക്കാർ ഉത്തരവിലെ അനുബന്ധം - 16-ൽ, ഖണ്ഡിക നമ്പർ 2.5 – ൽ "സ്ഥാവരമോ ജംഗമോ ആയ ആസ്തികൾക്ക് മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായമോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ/തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന നിശ്ചിത കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിനു അർഹരാകുകയുള്ളയെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥപ്രകാരം, വീണ്ടും സബ്സിഡി ലഭിക്കുന്നതിനു, ഒരിക്കൽ ധനസഹായം ലഭിച്ചവരാണെങ്കിൽ അത് 4 വർഷത്തിനിടയ്ക്ക് കൈപ്പറ്റാത്തവരായിരിക്കണമെന്ന നിബന്ധനയോടെയാണ് ഈ പദ്ധതിക്കുവേണ്ടി തിരൂർ നഗരസഭ അർഹതാമാനദണ്ഡം നിശ്ചയിച്ചത്.

എന്നാൽ, ഈ നിബന്ധനയ്ക്കു വിരുദ്ധമായി, മേൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തികൾ 2012 – 2013, 2014 – 2015 എന്നീ വർഷങ്ങളിലും പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണത്തിന് ₹ 15,000/- വീതം സബ്സിഡി കൈപ്പറ്റിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ വിവരം 2012 - 2013, 2013 - 2014 എന്നീ വർഷങ്ങളിലെ സബ്സിഡിയുടെ കൈപ്പറ്റു രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ശ്രീ.മുണ്ടൻകുട്ടി.കെ.പി.

| ക്രമ നം. | വർഷം | പ്രോജക്ട് നം. | കൈപ്പറ്റിയ സബ്സിഡി (₹) | അക്വിറ്റൻസ് പ്രകാരം കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 2012 - 2013 | 208/13 | 15,000/- | 19.04.2013 |

2. ശ്രീ.രാമൻ തറയൻപറമ്പിൽ

| ക്രമ നം. | വർഷം | പ്രോജക്ട് നം. | കൈപ്പറ്റിയ സബ്സിഡി (₹) | അക്വിറ്റൻസ് പ്രകാരം കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 2014 - 2015 | 250/14 | 15,000/- | 30.03.2015 |

ടി സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിരുദ്ധമായി, വീണ്ടും ഒരേ വ്യക്തികൾക്കു തന്നെ 2015-2016 – ലും സബ്സിഡിയിനത്തിൽ അനധികൃതമായി അനുവദിച്ച ₹ 30,000/- നിരാകരിക്കുന്നു.

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ആദ്യമറുപടിയിൽ അറിയിക്കേണ്ടതുമാണ്.

രേഖകൾ ഹാജരാക്കാത്തതിനാൽ ബാക്കി ചെലവുതുകയായ ₹ 2,10,000/- തടസ്സം ചെയ്യുന്നു. ഈ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ₹ 2,10,000/- – യുടെ ചെലവിനാധാരമായ രേഖകൾ ഓഡിറ്റ് മുൻപാകെ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കേണ്ടതാണ്. ആയതിന് വീഴ്ചയുണ്ടായാൽ മറ്റു മറുപടിയൊന്നുമില്ലായെന്ന നിഗമനത്തിൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

ടി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-12 പട്ടികജാതിവിഭാഗം - പുതിയ തുറന്ന കിണർ നിർമ്മാണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 15,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | - | 63/16 |
| അടങ്കൽ | - | ₹ 1,50,000/- |
| ചെലവ് | - | ₹ 15,000/- |
| ബിൽ നം. | - | സിബി നം.04/15 – 16 തീയതി 31.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 3.5 – ൽ കുടിവെള്ളം എന്ന തലക്കെട്ടിൽ ക്രമ നം.1 – ൽ പുതിയ തുറന്ന കിണർ നിർമ്മാണത്തിന്, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട, ₹ 50,000/-യിൽ കുറവ് വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75 % - ഉം പരമാവധി ₹ 17,000/- ആണെന്നും മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്കും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണമെന്നും യൂണിറ്റ് കോസ്റ്റ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളവെടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2015-2016 - വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ 63/16 - നമ്പർ പ്രൊജക്റ്റ് പ്രകാരം പട്ടികജാതിവിഭാഗക്കാർക്കായി പുതിയ തുറന്ന കിണർ നിർമ്മാണത്തിന്, ഒരു ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചു വഴി ₹ 15,000/- ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യമായ രേഖകളും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 19.12.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.27 നൽകിയിരുന്നെങ്കിലും പട്ടികജാതി വികസന ഓഫീസർ മറുപടിയോ രേഖകളോ നൽകിയില്ല.

1. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പട്ടികജാതിവകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ പുതിയ തുറന്ന കിണർ നിർമ്മാണത്തിന്, സബ്സിഡി ലഭിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രങ്ങൾ.

2. ടിപ്പിക്കൽ എസ്റ്റിമേറ്റ്.

3. പുതിയ തുറന്ന കിണർ നിർമ്മാണത്തിന് എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്.

4. വിവിധ വാർഡുകളിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക്, തുറന്ന കിണർ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ കൊടുക്കുന്ന വ്യക്തികൾക്ക് അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വാർഡ് സഭയിൽ മാർക്ക് രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.അമ്മുണ്ണി.സി. | 2 | 1 | -- |
| 2 | ശ്രീമതി.ദേവയാനി തള്ളശ്ശേരി | 7 | 2 | -- |
| 3 | ശ്രീമതി.വേലായുധൻ.വി.കെ. | 26 | 3 | -- |
| 4 | ശ്രീമതി.ലീല.വി.റ്റി. | 26 | 4 | 15,000/- |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി.കളരിക്കൽ പറമ്പിൽ വേലായുധൻ | 33 | 5 | -- |
| 6 | ശ്രീമതി.നാരായണൻ.ടി.പി. | 35 | 6 | -- |
| 7 | ശ്രീമതി.വേലായുധൻ കാട്ടായിൽ | 38 | 7 | -- |
| ആകെ | | | | 15,000/- |

എന്നാൽ ഗുണഭോക്തൃലിസ്റ്റിൽ മറ്റുള്ളവരുണ്ടായിട്ടും ഗുണഭോക്തൃലിസ്റ്റിൽ ക്രമ നം.4 -ാം- മതായി ഉൾപ്പെട്ട, 26 -ാം വാർഡിലെ ശ്രീമതി.ലീല.വി.റ്റി. - യെ മാത്രം തെരഞ്ഞെടുത്ത് ₹ 15,000/- സബ്സിഡി നൽകിയതിന്റെ മാനദണ്ഡങ്ങളും കാരണങ്ങളും വിശദീകരിക്കേണ്ടതാണ്.

5. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട, സബ്സിഡി കൈപ്പറ്റിയ ചുവടെ കൊടുക്കുന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജിന്റെ പകർപ്പും ടി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവ് വെച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.ലീല.വി.റ്റി. | 26 | 4 | 15,000/- |
| ആകെ | | | | 15,000/- |

14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി മാർഗ്ഗരേഖയിൽ, അനുബന്ധം 16 – ൽ, ഖണ്ഡിക നം.2.8 – ൽ ഗുണഭോക്താവ് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ, അവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ നിർവ്വഹണോദ്യോഗസ്ഥൻ, സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിൽത്തന്നെയാണ് അടയ്ക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ടി ഗുണഭോക്താവിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജിന്റെ പകർപ്പും അവരുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവ് വെച്ചതിന്റെ ബാങ്കിൽ നിന്നുള്ള രേഖയും ഹാജരാക്കേണ്ടതാണ്.

6. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ പുതിയ തുറന്ന കിണർ നിർമ്മാണത്തിന് സബ്സിഡിയിനത്തിൽ ചെലവഴിച്ച ₹ 15,000/- തടസ്സം ചെയ്യുന്നു.

തുടർനടപടികളിൽ ചെലവിന്റെ കൃത്യത വിശദീകരിക്കുന്നതിൽ വീഴ്ചയുണ്ടായാൽ ₹ 15,000/- നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി തിട്ടപ്പെടുത്തി തിരികെ ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## **3-13** പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം - വാർഡ് സഭകളിൽ തെരഞ്ഞെടുക്കാത്തവർക്ക് ധനസഹായം നൽകി - **₹ 5,00,000/-** നിരാകരിക്കുന്നു - രേഖകൾ ഹാജരാക്കാത്തതിനാൽ **₹ 2,00,000/-** തടസ്സം ചെയ്യുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | - | 66/16 | |
| അടങ്കൽ | - | ₹ 12,00,000/- | |
| ചെലവ് | - | ₹ 7,00,000/- | |
| ബിൽ നം. | - | 1/സിബി നം.2/15 – 16 തീയതി 15.02.2016 | ₹ 4,00,000/- |
| ബിൽ നം. | | 6/സിബി നം.06/15 – 16 തീയതി 29.03.2016 | ₹ 3,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ, തിരൂർ | | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 6.5(1) – ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന്, വരുമാനപരിധി ₹ 50,000/- - ന്റെ വിധേയമായി ബി.പി.ൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിന് ₹ 50,000/- നിരക്കിൽ ധനസഹായം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, 18.03.2015 – ലെ സ.ഉ.(സാധാ)നം.789/2015/ത.സ്വ.ഭ.വ. പ്രകാരം, പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് വിവാഹം കഴിഞ്ഞ് 6 മാസത്തിനകം അപേക്ഷ സമർപ്പിക്കണമെന്നും പട്ടികജാതി വികസനവകുപ്പിൽ നിന്നോ

തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും ഉരു സ്ഥലത്തു നിന്ന മാത്രമേ ആനുകൂല്യം കൈപ്പറ്റാൻ പാട്ടുള്ളുവെന്നം വ്യക്തമാക്കിയിട്ടുണ്ട്.

2015-2016 - വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ 66/16 - നമ്പർ പ്രൊജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന്, ₹ 50,000/- നിരക്കിൽ 14 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു വഴി ആകെ ₹ 7,00,000/- ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് മറുപടിയും ആവശ്യമായ രേഖകളും നൽകണമെന്നാവശ്യപ്പെട്ട് 16.01.2017 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.39 നൽകിയിരുന്നു.

1. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായത്തിന് അപേക്ഷ നൽകിയിട്ടില്ലെന്നും ധനസഹായം നൽകിയിട്ടില്ലെന്നും തെളിയിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രങ്ങൾ.

2. 14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട, സബ്സിഡി കൈപ്പറ്റിയ ചുവടെ കൊടുക്കുന്ന വ്യക്തികളുടെ അപേക്ഷകളോടൊപ്പം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജുകളുടെ പകർപ്പുകളും ടി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവു വെച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/വാർഡ് നം. | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.സുമതി.എം. | 2 | 1 | 50,000/- |
| 2 | ശ്രീ.രാമൻ ചെറുകരപ്പടി | 3 | 2 | 50,000/- |
| 3 | ശ്രീമതി.ലക്ഷ്മി.ഇ. | 15 | 6 | 50,000/- |
| 4 | ശ്രീ.വേലായുധൻ.പി.പി. | 35 | 8 | 50,000/- |
| ആകെ | | | | 2,00,000/- |

ടി രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 2,00,000/- തടസ്സം ചെയ്യുന്നു. ടി ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജുകളുടെ പകർപ്പുകളും അവരുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവു വെച്ചതിന്റെ ബാങ്കിൽ നിന്നുള്ള രേഖകളും ഹാജരാക്കേണ്ടതാണ്.

3. ചുവടെ കൊടുത്തിട്ടുള്ള വ്യക്തികളെ വിവിധ വാർഡുകളുടെ വാർഡ് സഭകളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടില്ല.

എന്നാൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ വാർഡ് സഭകളിൽ, തെരഞ്ഞെടുക്കാത്ത ടി വ്യക്തികളെ ഉൾപ്പെടുത്തുകയും ധനസഹായം അനുവദിക്കുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.ഭാസ്കരൻ.സി.വി. | 16 | 9 | 50,000/- |
| 2 | ശ്രീ.ഷൺമുഖൻ.പി.പി. | 17 | 7 | 50,000/- |
| 3 | ശ്രീമതി.നീലി.കെ. | 27 | 5 | 50,000/- |
| 4 | ശ്രീ.മാധവൻ | 30 | 3 | 50,000/- |
| ആകെ | | | | 2,00,000/- |

02.10.1997 – ലെ ജി.ഒ.(പി)നം.220/1997/ത.ഭ.വ., 02.09.1998 - ലെ ജി.ഒ.(പി)നം.181/1998/ത.സ്വ.ഭ.വ. - പ്രകാരം പരിഷ്കരിച്ച ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാർഗ്ഗരേഖകളിലേയും 08.12.2014 – ലെ 4212/എബി1/2014/ത.സ്വ.ഭ.വ – നം. സർക്കുലറിലേയും നിർദ്ദേശങ്ങൾ പാലിക്കാതെ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ വാർഡ് സഭകളിൽ, തെരഞ്ഞെടുത്തിട്ടില്ലാത്ത ടി വ്യക്തികളെ ഉൾപ്പെടുത്തി

ക്രമവിരുദ്ധമായി ₹ 2,00,000/-സബ്സിഡി നൽകിയതിന് വിശദീകരണം നൽകണമെന്ന് 16.01.2017 ലെ 39 -ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ക്രമവിരുദ്ധമായി നൽകിയ ₹ 2,00,000/- നിരാകരിക്കുന്നു.

4. ടി സർക്കാർ ഉത്തരവുകളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ലഭിക്കുന്നതിനു വേണ്ടി വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള ചുവടെ കൊടുത്തിട്ടുള്ള വ്യക്തികളിൽ ക്രമ നമ്പർ 2, 3, 4 & 6 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ക്രമ നമ്പർ 4 – ൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തിയുടെ അപേക്ഷയിൽ വാർഡ് നമ്പർ പോലും രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് (മാതാവിന്റെ/പിതാവിന്റെ) | പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞ തീയതി | അപേക്ഷ നൽകിയ തീയതി | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.ചന്ദ്രിക.ടി.പി. വാർഡ് നം.17 | 28.12.2014 | 22.03.2015 | 50,000/- |
| 2 | ശ്രീ.ബാലൻ.കെ. വാർഡ് നം.36 | 20.05.2015 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 50,000/- |
| 3 | ശ്രീ.ചിരാണ്ടൻ.കെ.പി. വാർഡ് നം.3 | 04.01.2016 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 50,000/- |
| 4 | ശ്രീ.പരമേശ്വരൻ വാർഡ് നം. (അപേക്ഷയിൽ വാർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) | 03.02.2016 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 50,000/- |
| 5 | ശ്രീ.കൃഷ്ണൻ വാർഡ് നം.26 | 21.08.2015 | 29.02.2016 | 50,000/- |
| 6 | ശ്രീമതി.കുറുമ്പി വാർഡ് നം.3 | 04.01.2016 | അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 50,000/- |
| ആകെ | | | | 3,00,000/- |

ക്രമ നം.2 - ൽ സൂചിപ്പിച്ചിട്ടുള്ള വ്യക്തിയുടെ അപേക്ഷയിൽ അപേക്ഷാത്തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി വ്യക്തിയുടെ മകളുടെ വിവാഹം കഴിഞ്ഞ് 6 മാസത്തിനുള്ളിലാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമല്ല.

മാത്രമല്ല, ക്രമ നം.1 മുതൽ 6 വരെയുള്ള വ്യക്തികളെ വിവിധ വാർഡുകളുടെ വാർഡ് സഭകളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുവേണ്ടി തെരഞ്ഞെടുക്കുകയോ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല.

പട്ടികജാതി വികസന ഓഫീസറുടെ 02.02.2016 – ലെ ടി.എം.05/15 – നം. കത്തു പ്രകാരം ശ്രീമതി.ചന്ദ്രിക.ടി.പി., ശ്രീ.ബാലൻ.കെ., ശ്രീ.ചിരാണ്ടൻ.കെ.പി., ശ്രീ.പരമേശ്വരൻ, ശ്രീ.കൃഷ്ണൻ, ശ്രീമതി.കുറുമ്പി എന്നീ വ്യക്തികളുടെ അപേക്ഷകളും അനുബന്ധരേഖകളും കൗൺസിൽ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് ഭരണസമിതിയുടെ 29.02.2016 – ലെ 2(എ) നം. തീരുമാനപ്രകാരം ടി വ്യക്തികളുടെ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ടെന്ന് പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് സഹിതം സെക്രട്ടറിയുടെ 18.03.2016 – ലെ എ7 – 1522/16 – നം. കത്തുപ്രകാരം പട്ടികജാതി വികസന ഓഫീസർക്കയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വിഷയത്തിലാണ് 29.02.2016 – ൽ ഭരണസമിതി 2(എ) നം. പ്രകാരം തീരുമാനമെടുത്തത്.(ഭരണസമിതി കൗൺസിൽ മിനിട്സ് പേജ് നം.62)

08.12.2014 – ലെ 4212/എബി1/2014/ത.സ്വ.ഭ.വ – നം. സർക്കുലർ പ്രകാരം നഗരപാലികാ നിയമത്തിലെ ചട്ടങ്ങൾ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം വാർഡ് സഭയ്ക്കാണെന്നും 02.10.1997 – ലെ ജി.ഒ.(പി)നം.220/1997 /ത.ഭ.വ., 02.09.1998 – ലെ ജി.ഒ.(പി)നം.181/1998/ത.സ്വ.ഭ.വ. - പ്രകാരം പരിഷ്കരിച്ച ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാർഗ്ഗരേഖകൾ അനുസരിച്ച്, വാർഡു സഭകളിൽ ചർച്ച ചെയ്ത് യോഗ്യതാ-മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനുശേഷം നഗരസഭ മൊത്തത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഈ വ്യവസ്ഥകൾ

പാലിക്കാതെ ഭരണസമിതി എടുത്ത തീരുമാനം ടി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക വിരുദ്ധമാണ്.

മാത്രമല്ല, ടി സർക്കാർ മാർഗ്ഗരേഖകളിലെ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 7.18 – ൽ "ക്രമ നം.2(സി) - യിൽ, തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണോദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണെന്നും എന്നാൽ ഇപ്രകാരം എന്തുമാറ്റം വരുത്തുന്നതും വാർഡ് സഭയുടെ അംഗീകാരത്തോടെയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കാതെ ക്രമ നം.1 മുതൽ 6 വരെയുള്ള വ്യക്തികളെ ടി വാർഡുകളുടെ വാർഡ് സഭകളിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുന്നതിനുവേണ്ടി തെരഞ്ഞെടുക്കാതെ ക്രമ നം.1 മുതൽ 6 സൂചിപ്പിച്ചിട്ടുള്ള വ്യക്തികൾക്ക്, ക്രമവിരുദ്ധമായി ആകെ ₹ 3,00,000/- വിവാഹധനസഹായം നൽകിയതിന് ആവശ്യമായ രേഖകൾ സഹിതം വിശദീകരണം നൽകണമെന്ന് 16.01.2017 ലെ 39 – ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ക്രമവിരുദ്ധമായി നൽകിയ ₹ 3,00,000/- നിരാകരിക്കുന്നു.

## **3-14** പച്ചക്കറിത്തൈകൾ വാങ്ങുന്നതിന് സബ്സിഡി നൽകി - ചെലവുരേഖകളും വിതരണരജിസ്റ്ററും ഹാജരാക്കിയില്ല - ₹ 2,20,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | - | 44/16 |
| ആകെ അടങ്കൽ | - | ₹ 2,20,000/- |
| ആകെ ചെലവ് | - | ₹ 2,20,000/- |
| ബിൽ നം. | - | 11/പി.പി.6/2015 – 16/26.02.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.3 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്കും ചെറുകിടകർഷകർക്കും പച്ചക്കറിത്തൈകൾ വാങ്ങുന്നതിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 100 % ആണെന്നും സബ്സിഡി നിരക്കിനു വിധേയമായി പരമാവധി നൽകാവുന്ന സബ്സിഡി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാമെന്നും ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നം.44/16പ്രകാരം, സബ്സിഡി നൽകുന്നതിനു വേണ്ടി ആകെ ₹ 2,20,000/- ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 22.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8 നൽകിയിരുന്നു.

1. പച്ചക്കറിത്തൈകളുടെ വിതരണത്തിന് സബ്സിഡി നൽകുന്നതിനായി, 2015 – 2016 – ലെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ആകെ 243 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്തപേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ.

2. 02.06.2005 – ലെ ജി.ഒ.(പി)നം.256/2005/ഫിൻ. - പ്രകാരം, 02.06.2005 – മുതൽ ₹ 5,000/- - ജ്ജ മുകളിലുള്ള എല്ലാ രസീതുകളിലും റവന്യൂ സ്റ്റാമ്പ് പതിക്കണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

എന്നാൽ, ചെമ്പ്രയിലുള്ള ഹരിത വെജിറ്റബിൾ ക്ലസ്റ്ററിൽനിന്നും പച്ചക്കറിത്തൈകൾ വാങ്ങിയതിന്റെ തീയതി രേഖപ്പെടുത്താത്ത ₹ 2,20,000/- – യുടെ കാഷ് ബില്ല് നം.347 – ന്റെ പകർപ്പാണ് രസീതിന് പകരം ഹാജരാക്കിയിട്ടുള്ളത്. ഇതിൽ, ഒരു പച്ചക്കറിത്തൈക്ക് ₹

2.20നിരക്കിൽ 1,10,000 എണ്ണത്തിന് ₹ 2,20,000/- എന്നാണ് തുകയെഴുതിയിരിക്കുന്നത്. യഥാർത്ഥത്തിൽ ₹ 2.20 നിരക്കിൽ 1,00,000/- എണ്ണം പച്ചക്കറിത്തൈയുടെ ആകെ വില ₹ 2,20,000/- യാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. ഹരിത വെജിറ്റബിൾ ക്ലസ്റ്ററിൽ നിന്നും ₹ 2,20,000/- യ്ക്ക് പച്ചക്കറിത്തൈകൾ വാങ്ങിയതിന്റെ റവന്യൂ സ്റ്റാമ്പ് പതിച്ച കൈപ്പറ്റ് രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

3. ചെമ്പ്രയിലുള്ള ഹരിത വെജിറ്റബിൾ ക്ലസ്റ്ററിൽനിന്നും ₹ 2,20,000/- - യുടെ പച്ചക്കറിത്തൈകൾ വാങ്ങിയെങ്കിലും പച്ചക്കറിത്തൈകൾ എതൊക്കെ ഇനങ്ങളിൽപ്പെട്ടവയാണെന്നും അവ ഓരോന്നും എത്രയെണ്ണം ആണെന്നും ഓരോയിനം പച്ചക്കറിത്തൈകളുടെ ആകെ വിലയും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

4. 243 ഗുണഭോക്താക്കൾക്ക് 5 ഇനം പച്ചക്കറിത്തൈകൾ വിതരണം ചെയ്തതിന്റേയും കൈപ്പറ്റിയതിന്റേയും ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയ പച്ചക്കറിവിതരണ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

5. ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം, സർക്കാരിൽ നിന്നും പ്രത്യേകം അനുമതി ലഭിച്ചിട്ടാണ് അങ്ങനെ ചെയ്തതെങ്കിൽ സർക്കാരിന്റെ അനുമതിപത്രം/ഉത്തരവ് ഹാജരാക്കേണ്ടതാണ്.

എന്നാൽ, പച്ചക്കറിത്തൈകളുടെ ഇനം തിരിച്ച് ഓരോന്നിന്റെ വില അടങ്ങിയ രേഖകളും ഒരു ലക്ഷം തൈകളുടെ ക്രയവിക്രയരേഖകളും കൃഷി ഭവനിൽ ഉണ്ടെന്നും 243 കൃഷിക്കാരെക്കൂടാതെ നഗരസഭയിലെ 38 വാർഡിലെ എല്ലാ വീട്ടുകാർക്കും ഒരു ലക്ഷം തൈകൾ പ്രത്യേക ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കിയെന്നമാണ് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ 05.12.2016 – ന് മറുപടി (ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല) നൽകിയത്.

243 ഗുണഭോക്താക്കൾക്ക് 5 ഇനം പച്ചക്കറിത്തൈകൾ വിതരണം ചെയ്തതിന്റേയും കൈപ്പറ്റിയതിന്റേയും ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയ പച്ചക്കറിവിതരണ രജിസ്റ്ററോ ഹരിത വെജിറ്റബിൾ ക്ലസ്റ്ററിൽ നിന്നും പച്ചക്കറിത്തൈകൾ വാങ്ങിയതിന്റെ ₹ 2,20,000/- - യുടെ കൈപ്പറ്റ് തീയതി രേഖപ്പെടുത്തിയ റവന്യൂ സ്റ്റാമ്പ് പതിച്ച അസ്സൽ രസീതോ ഹാജരാക്കിയില്ല.

2015 – 2016 – ലെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന 243 ഗുണഭോക്താക്കളിൽ, ഒരു ഗുണഭോക്താവിന് ഓരോ ഇനം പച്ചക്കറിത്തൈയും എത്രയെണ്ണം വീതമാണ് നൽകിയെന്ന് മറുപടിയിലും വ്യക്തമാക്കിയിട്ടില്ല.

വ്യക്തമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 2,20,000/- തടസ്സം ചെയ്യുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ പച്ചക്കറിത്തൈകളുടെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക മറ്റൊരറിയിപ്പ് കൂടാതെ നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതായിരിക്കും.

## 3-15 റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കാതെ നെൽ വിത്തുകൾ വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 31,200/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | - | 68/16 |
| ആകെ അടങ്കൽ | - | ₹ 68,000/- |
| ആകെ ചെലവ് | - | ₹ 31,200/- |
| ബിൽ നം. | - | 8/പി.പി.3/2015 – 16 തീയതി 16.02.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.3 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്കും ചെറുകിടകർഷകർക്കും നെൽവിത്തുകൾ വാങ്ങുന്നതിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 100 % ആണെന്നും സബ്സിഡി നിരക്കിനു വിധേയമായി പരമാവധി നൽകാവുന്ന സബ്സിഡി സംഖ്യ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിശ്ചയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ, ടി മാർഗ്ഗരേഖയിൽ അനുബന്ധം - 16 -ൽ, ഖണ്ഡിക നം.7.6 – ൽ "സബ്സിഡി നൽകുന്നതിനു പകരം കർഷകഗ്രൂപ്പുകൾക്കും പാടശേഖരസമിതികൾക്കും കർഷകസഹായകേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണെന്നും എന്നാൽ ഏതാവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ പ്രത്യേകം വ്യക്തമാക്കേണ്ടതാണെന്നും കാർഷികാവശ്യത്തിനുള്ള വിത്തും വളവും കീടനാശിനികളും സാധനങ്ങളായിത്തന്നെ വിതരണം ചെയ്യുവാൻ കഴിയുന്നതിന്, റിവോൾവിംഗ് ഫണ്ട് സഹകരണസംഘങ്ങൾ മുഖേന നൽകേണ്ടതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.68/16പ്രകാരം, നെൽവിത്തുകൾ വാങ്ങുന്നതിനു വേണ്ടി ആകെ ₹ 31,200/- ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 16.11.2016 – നം 22.11.2016 – നം യഥാക്രമം ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നം.5, 9 എന്നിവ നൽകിയിരുന്നു.

1. നെൽവിത്തുകൾ വാങ്ങുന്നതിനുള്ള സബ്സിഡി നൽകുന്നതിനു വേണ്ടി 2015 – 2016 – ലെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഗുണഭോക്താക്കൾ സബ്സിഡിക്കർഹത നേടുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷകൾ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന ഫോട്ടോ പതിച്ച പേജ്, 2015 – 2016 – ലെ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, പാട്ടകൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ, ആധാർ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | ശ്രീമതി.തിത്തിമ മഠത്തിൽ പറമ്പിൽ | 7 |
| 2 | ശ്രീ.കുഞ്ഞുമൊയ്തീൻ പൊട്ടാഞ്ചേരി | 7 |
| 3 | ശ്രീ.അബ്ദുള്ള തള്ളശ്ശേരി | 7 |
| 4 | ശ്രീ.മുസ്തഫ കാട്ടിൽ പറമ്പിൽ | 7 |
| 5 | ശ്രീ.അഷറഫ് പൈങ്ങോട്ടിൽ | 9 |
| 6 | ശ്രീ.സൈനുദ്ദീൻ.എം. | 9 |
| 7 | ശ്രീ.കോയക്കുട്ടി.എം. | 9 |
| 8 | ശ്രീ.അബു.കെ.പി. | 9 |
| 9 | ശ്രീ.സൈതാലി.എ.പി. | 9 |
| 10 | ശ്രീ.മരക്കാർ.ടി. | 9 |
| 11 | ശ്രീ.ഫൈസൽ.കെ. | 13 |
| 12 | ശ്രീ.അൻവർ.പി. | 13 |

2. ചെമ്പ്ര പാടശേഖരസമിതി കൺവീനർ വഴി, ഗുണഭോക്താക്കൾക്ക് നെൽവിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ടി ഗുണഭോക്താക്കൾ, ചെമ്പ്ര പാടശേഖരസമിതിയിലെ അംഗങ്ങളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3. ഗുണഭോക്തൃതിരഞ്ഞെടുപ്പ് ആവശ്യമായ പ്രോജക്ട് നം.68/16 - ന്റെ പ്രോജക്ട് രൂപീകരണഫോറം 1, 5 എന്നിവയിലെ, ക്രമ നം.2 – ൽ പ്രോജക്ടിന്റെ പേര് "നെൽവിത്ത് വിതരണം(കർഷകർക്ക്)" എന്നും പ്രോജക്ട് രൂപീകരണഫോറം 1 - ൽ ക്രമ നം.35 – ൽ സൃഷ്ടിക്കുന്ന ആസ്തിയുടെ ഉടമസ്ഥത "വ്യക്തി"ക്കാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ, ഗുണഭോക്താക്കളെ പരിഗണിക്കാതെ, പ്രോജക്ടിലേയും മാർഗ്ഗരേഖയിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായി, ചെമ്പ്ര പാടശേഖരസമിതിക്ക് 800 കി.ഗ്രാം നെൽവിത്ത് ലഭിക്കാനുണ്ടായ സാഹചര്യവും കാരണവും.

4. ചെമ്പ്ര പാടശേഖരസമിതിക്ക് നെൽവിത്തിന് സബ്സിഡി നൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. 800 കി.ഗ്രാം ഉമ നെൽവിത്ത് ആവശ്യപ്പെട്ടുകൊണ്ട് ചെമ്പ്ര പാടശേഖരസമിതി പ്രസിഡന്റിന്റെ അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർക്കയച്ച് കത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

6. ചെമ്പ്ര പാടശേഖരസമിതി പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ, 800 കി.ഗ്രാം ഉമ നെൽവിത്ത് ആവശ്യപ്പെട്ടുകൊണ്ട് റീജിയണൽ അഗ്രിക്കൾച്ചറൽ റിസേർച്ച് സ്റ്റേഷൻ റിസേർച്ച് അസോസിയേറ്റ് ഡയറക്ടർക്കയച്ച കത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

7. പാലക്കാട് ജില്ലയിലെ മേലേ പട്ടാമ്പിയിലുള്ള കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ റീജിയണൽ അഗ്രിക്കൾച്ചറൽ റിസേർച്ച് സ്റ്റേഷൻ റിസേർച്ച് അസോസിയേറ്റ് ഡയറക്ടറുടെ 30.12.2015 – ലെ ഡി2 – 97/13(ആർ) - നം. കത്തുപ്രകാരം, 20.07.2015 – ലെ ഇൻവോയിസ് നം.14/15-16 – പ്രകാരം, ഒരു കി.ഗ്രാമിന് ₹ 39/- നിരക്കിൽ 16.07.2015 – ൽ വിതരണം ചെയ്ത 800 കി.ഗ്രാം ഉമ നെൽവിത്തിന്റെ ആകെ

വിലയായ ₹ 31,200/- - യുടെ ഇടപാട് പണമായിട്ടോ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയോ തീർക്കണമെന്ന് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. ടി ഇൻവോയിസിൽ, സ്കീം എന്ന കോളത്തിൽ "റിവോൾവിംഗ് ഫണ്ട്" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട്, പാടശേഖരസമിതിക്ക് നെൽവിത്തിനുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനല്ലായിരുന്നിട്ടും "റിവോൾവിംഗ് ഫണ്ട്" എന്ന സ്കീമിൽ റീജിയണൽ അഗ്രിക്കൾച്ചറൽ റിസേർച്ച് സ്റ്റേഷൻ റിസേർച്ച് അസോസിയേറ്റ് ഡയറക്ടർക്ക് നെൽവിത്തിന്റെ ആകെ വിലയായ ₹ 31,200/- നൽകിയതിന് വിശദീകരണവും പ്രസ്തുത തുകയുടെ അസൽ കൈപ്പറ്റ് രസീതും ഹാജരാക്കേണ്ടതാണ്.

8. ചെമ്പ്ര പാടശേഖരസമിതിക്ക് ലഭിച്ച 800 കി.ഗ്രാം നെൽവിത്ത് സ്റ്റോക്കിലെടുത്തിന്റെ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

ചെമ്പ്ര പാടശേഖരസമിതി കൺവീനർ വഴി, ഗുണഭോക്താക്കൾക്ക് നെൽവിത്തുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ രേഖകളും കൃഷിഭവനിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ മറുപടി (ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല)നൽകിയത്.

ടി രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 31,200/- – യുടെ ചെലവിന് തടസ്സം തടസ്സവാദം ഉന്നയിക്കുന്നു.

ടി മാർഗ്ഗരേഖയിൽ അനുബന്ധം -16 -ൽ, ഖണ്ഡികനം.7.6 – ലെ വ്യവസ്ഥകൾ പ്രകാരം, പാടശേഖരസമിതികൾ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് നെൽവിത്ത് വാങ്ങണമെന്നിരിക്കെ, അതിനു വിരുദ്ധമായി നെൽവിത്ത് വാങ്ങിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-16 വാഴക്കന്ന് വിതരണത്തിന് സബ്സിഡി നൽകി - രേഖകൾ ഹാജരാക്കിയില്ല - ₹ 74,250/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | - | 45/16 |
| ഗുണഭോക്താക്കളുടെ എണ്ണം | - | 84 |
| ആകെ അടങ്കൽ | - | ₹ 1,00,000/- |
| ആകെ ചെലവ് | - | ₹ 79,500/- |
| ബിൽ നം. | - | 14/പി.പി.10/2015 – 16/26.02.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "മറ്റ് ഫല – പുഷ്പ – വാഴ, കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകൾ, തൈകൾ" എന്ന ഇനത്തിന് ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 2,500/- യായി നിശ്ചയിച്ചിട്ടുണ്ട്.

പ്രോജക്ട് നം.45/16പ്രകാരം, "വാഴക്കന്ന്" വിതരണവുമായി ബന്ധപ്പെട്ട് പൊതുവിഭാഗത്തിൽപ്പെട്ട 84ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനു വേണ്ടി ആകെ ₹ 79,500/- ചെലവഴിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 22.11.2016 - ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7 നൽകിയിരുന്നു.

1. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് വാഴക്കന്നിന് സബ്സിഡി ലഭിക്കുന്നതിന് അർഹത നേടുന്നതിനു വേണ്ടി സമർപ്പിച്ച, ചുവടെ കൊടുത്തിട്ടുള്ള വ്യക്തികളുടെ പേരെഴുതിയ അപേക്ഷാഫോറത്തിൽ, അപേക്ഷകന്റെ മേൽവിലാസം, വാർഡ് നം., മൊബൈൽ നം., ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരണം, വാർഡ് സഭ കൺവീനറുടെ സൂക്ഷ്മപരിശോധന റിപ്പോർട്ട്, വാർഡ് കമ്മിറ്റി തീരുമാനം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന ഫോട്ടോ പതിച്ച പേജ്, 2015 – 2016 - ലെ ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്ത പേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ തുടങ്ങിയ രേഖകൾ (ചുവടെ സൂചിപ്പിച്ച വാർഡ് നം., ഗുണഭോക്തൃലിസ്റ്റിലെ ക്രമ നം. എന്നിവ

ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ളത്) ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ-ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.സൈനുദ്ധീൻ മൂപ്പൻ | 9 | 44 | 750/- |
| 2 | ശ്രീമതി.ഇന്ദിര.വി. | 16 | 5 | 750/- |
| 3 | ശ്രീമതി.അമ്മുക്കുട്ടി അമ്മ | 27 | 124 | 750/- |
| 4 | ശ്രീ.കുഞ്ഞറമുട്ടി | 12 | 70 | 750/- |
| 5 | ശ്രീ.സൈതലവി.പി. | 5 | 15 | 1,125/- |
| 6 | ശ്രീ.നസീമ | 5 | 14 | 750/- |
| 7 | ശ്രീ.ടി.കെ.മുഹമ്മദ് അബൂബക്കർ | 38 | 161 | 1,500/- |
| 8 | ശ്രീ.മുഹമ്മദ് കടവത്ത് | 38 | 163 | 750/- |
| 9 | ശ്രീ.അബ്ദുൽ ഖാദർ.കെ.പി. | 36 | 146 | 750/- |
| 10 | ശ്രീമതി.ദേവകി | 36 | 148 | 375/- |
| 11 | ശ്രീ.പരമേശ്വരൻ തെഞ്ചേരി | 36 | 149 | 750/- |
| 12 | ശ്രീ.മുഹമ്മദ് മുസ്തഫ.ടി.കെ. | 37 | 157 | 1,500/- |
| 13 | ശ്രീ.വാസുദേവൻ.എം. | 33 | 143 | 1,500/- |
| 14 | ശ്രീ.നിർമ്മല കുട്ടികൃഷ്ണൻ | 32 | 142 | 750/- |
| 15 | ശ്രീ.രവികുമാർ.കെ. | 29 | 132 | 750/- |
| 16 | ശ്രീ.ശ്രീമതി | 28 | 128 | 750/- |
| 17 | ശ്രീ.സി.പി.മുരുകേശൻ | 28 | 129 | 750/- |
| 18 | ശ്രീ.ഗോപാലകൃഷ്ണമേനോൻ.സി. | 7 | 25 | 375/- |
| 19 | ശ്രീ.മുഹമ്മദ് നിഷാദ്.എം. | 7 | 29 | 750/- |
| 20 | ശ്രീമതി.സുലൈഖ.എ.പി. | 7 | 30 | 375/- |
| 21 | ശ്രീ.കാദർ.പി. | 27 | 123 | 1,500/- |
| 22 | ശ്രീമതി.ബീക്കുട്ടി ഉമ്മ | 4 | 12 | 750/- |
| 23 | ശ്രീമതി.വഹീദ | 4 | 4 | 750/- |
| 24 | ശ്രീമതി.ബീപാത്തു | 4 | 5 | 375/- |
| 25 | ശ്രീമതി.സൈനബ.കെ.എം. | 4 | 6 | 1,500/- |

| | | | | |
|---|---|---|---|---|
| 26 | ശ്രീമതി.ഗൗരി മേനോൻ | 4 | 7 | 1,500/- |
| 27 | ശ്രീമതി.റൂബീന റാഫി | 4 | 8 | 375/- |
| 28 | ശ്രീ.കുഞ്ഞീതുട്ടി ഹാജി.കെ. | 4 | 12 | 750/- |
| 29 | ശ്രീ.കുമാരൻ.പി. | 25 | 119 | 750/- |
| 30 | ശ്രീ.ഹസ്സൻകുട്ടി.പി. | 24 | 115 | 1,500/- |
| 31 | ശ്രീ.മൊയ്തുട്ടി.കെ.കെ. | 23 | 113 | 1,500/- |
| 32 | ശ്രീ.മുസ്തഫ.എ. | 23 | 112 | 750/- |
| 33 | ശ്രീ.വേണഗോപാൽ.വി. | 23 | 111 | 1,500/- |
| 34 | ശ്രീ.രാജഗോപാലൻ.വി. | 23 | 110 | 1,500/- |
| 35 | ശ്രീ.കുഞ്ഞീതു നാലുകണ്ടത്തിൽ | 23 | 109 | 1,500/- |
| 36 | ശ്രീമതി.റൈഹാനത്ത്.പി.എ. | 22 | 107 | 1,500/- |
| 37 | ശ്രീ.അബ്ദുൽ ഖാദർ.സി.കെ. | 20 | 102 | 750/- |
| 38 | ശ്രീമതി.മറിയാമു | 20 | 105 | 750/- |
| 39 | ശ്രീ.ഷമീർ.എം. | 7 | 31 | 750/- |
| 40 | ശ്രീ.കരീം തള്ളശ്ശേരി | 7 | 33 | 1,500/- |
| 41 | ശ്രീ.അബ്ദുള്ള തള്ളശ്ശേരി | 7 | 34 | 750/- |
| 42 | ശ്രീ.അബ്ദുറഹിമാൻകുട്ടി | 8 | 38 | 1,500/- |
| 43 | ശ്രീ.കുഞ്ഞഹമ്മദ്.വി.പി. | 20 | 106 | 750/- |
| 44 | ശ്രീമതി.അംബിക.കെ. | 6 | 19 | 750/- |
| 45 | ശ്രീ.മുരളീധരൻ.ടി.വി. | 7 | 27 | 750/- |
| 46 | ശ്രീ.വി.സി.ഹരിദാസൻ | 7 | 24 | 750/- |
| 47 | ശ്രീ.അബൂബക്കർ സിദ്ധിക്ക് | 7 | 23 | 750/- |
| 48 | ശ്രീ.അബ്ദുൽ മജീദ് | 12 | 72 | 1,500/- |
| 49 | ശ്രീ.കുഞ്ഞീതു.സി. | 12 | 71 | 1,500/- |
| 50 | ശ്രീ.മുഹമ്മദ് എന്ന കുഞ്ഞിബാവ | 8 | 36 | 750/- |
| 51 | ശ്രീ.സൈനുദ്ദീൻ കമ്മായക്കാരന്റകത്ത് | 8 | 35 | 750/- |
| 52 | ശ്രീ.മൊയ്തു | 8 | 42 | 750/- |
| 53 | ശ്രീമതി.സരസ്വതി | 1 | 3 | 750/- |

| | | | | |
|---|---|---|---|---|
| 54 | ശ്രീ.കിരാതമൂർത്തി.പി. | 6 | 21 | 375/- |
| 55 | ശ്രീ.പാത്തുമ്മ.എം. | 7 | 28 | 750/- |
| 56 | ശ്രീ.ഡോക്ടർ.ഹുസൈൻ | 37 | 158 | 750/- |
| 57 | ശ്രീമതി.നഫീസ അട്ടക്കാട്ടിൽ | 24 | 116 | 1,500/- |
| 58 | ശ്രീമതി.വനജകുമാരി | 27 | 125 | 375/- |
| 59 | ശ്രീ.ദാസൻ.എ. | 28 | 126 | 750/- |
| 60 | ശ്രീ.പ്രേമൻ.വി. | 36 | 147 | 750/- |
| 61 | ശ്രീ.രാധാകൃഷ്ണൻ അന്നാരക്കളം | 36 | 152 | 750/- |
| 62 | ശ്രീമതി.കദീജ എടത്തളശ്ശേരി | 38 | 162 | 1,500/- |
| 63 | ശ്രീ.സൈനബ.പി.സി. | 24 | 117 | 750/- |
| 64 | ശ്രീ.ദാവൂദ്.വി. | 10 | 59 | 750/- |
| 65 | ശ്രീ.സൈതു.വി. | 10 | 60 | 1,500/- |
| 66 | ശ്രീമതി.കുഞ്ഞായിഷ.എം. | 10 | 61 | 750/- |
| 67 | ശ്രീ.മുഹമ്മദ് അഷ്റഫ്.ടി. | 15 | 88 | 750/- |
| 68 | ശ്രീ.മൊയ്തു.വി. | 26 | 122 | 750/- |
| 69 | ശ്രീമതി.ധന്യ.സി. | 19 | 98 | 750/- |
| 70 | ശ്രീമതി.ആമിന.എം.പി. | 19 | 97 | 750/- |
| 71 | ശ്രീമതി.മുംതാസ്.ടി. | 19 | 96 | 750/- |
| 72 | ശ്രീമതി.സൈനബ.ടി. | 19 | 95 | 1,500/- |
| 73 | ശ്രീ.എം.അലി | 19 | 94 | 750/- |
| 74 | ശ്രീ.പി.എ.അലി | 19 | 121 | 750/- |
| 75 | ശ്രീമതി.ഹഫ്സത്ത് | 19 | 100 | 750/- |
| 76 | ശ്രീ.മുഹമ്മദ് മൂപ്പൻ | 8 | 41 | 1,500/- |
| 77 | ശ്രീ.ബാവ മൂപ്പൻ.എം. | 8 | 37 | 750/- |
| 78 | ശ്രീ.മണികണ്ഠൻ കരുവീട്ടിൽ | 36 | 145 | 750/- |
| 79 | ശ്രീ.സിദ്ധിഖ് കരിമ്പനക്കൽ | 38 | 159 | 2,250/- |
| ആകെ | | | | 74,250/- |

2. വാഴക്കന്നുകൾ സ്റ്റോക്കിലെടുത്തതിന്റേയും ഗുണഭോക്താക്കൾക്ക് വാഴക്കന്നുകൾ വിതരണം ചെയ്തതിന്റേയും ഒപ്പ്, പേര്, കൈപ്പറ്റിയ വാഴക്കന്നുകളുടെ എണ്ണം, കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തിയതിന്റേയും വിതരണ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

എന്നാൽ, അപേക്ഷയിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും ബാങ്ക് അക്കൗണ്ട് നം., ഭൂനികുതി രസീത്, റേഷൻ കാർഡിന്റെ പ്രസക്തഭാഗം, സ്ഥലമുടമയുടെ സമ്മതപത്രം എന്നിവയുടെ പകർപ്പുകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നാണ് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ മറുപടി(ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല)നൽകിയത്.

അപേക്ഷകളിൽ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും അപേക്ഷകളിൽ മേൽ സൂചിപ്പിച്ച ന്യൂനതകൾ ഉള്ളതു കൊണ്ടും അപേക്ഷയോടൊപ്പം ആവശ്യം വേണ്ട രേഖകൾ ഇല്ലാത്തതു കൊണ്ടും ടി വ്യക്തികൾ "വാഴക്കന്ന്" എന്ന ഇനത്തിന് സബ്സിഡിക്ക് അർഹത നേടുന്നതിനു വേണ്ടി അപേക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാത്രമല്ല, പ്രാഥമികതലത്തിൽ യാതൊരു സൂക്ഷ്മപരിശോധനയും വിധേയമാക്കാതെ, ഇത്രയും ഗൗരവതരമായ ന്യൂനതകൾ ഉള്ള "അപേക്ഷാഫോറങ്ങൾ മാത്രം" പരിഗണിച്ച് വിവിധ വാർഡ് സഭകളിൽ നിന്ന്, ടി വ്യക്തികളെ വാഴക്കന്ന് എന്ന ഇനത്തിന് സബ്സിഡി നൽകുന്നതിന് തെരഞ്ഞെടുക്കുകയും 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി അനധികൃതമായി അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

ടി രേഖകൾ ഹാജരാക്കാത്തതിനാൽ വാഴക്കന്ന് വിതരണത്തിന് ചെലവഴിച്ച ₹ 74,250/- തടസ്സം ചെയ്യുന്നു.

അപേക്ഷയിൽ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും അപേക്ഷയിൽ മേൽ സൂചിപ്പിച്ച മറ്റു ന്യൂനതകൾ ഉള്ളതു കൊണ്ടും അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലാത്തതു കൊണ്ടും ടി വ്യക്തികൾ വാഴക്കന്ന് വിതരണത്തിനുള്ള സബ്സിഡിക്ക് അർഹത നേടുന്നതിനു വേണ്ടി അപേക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാത്രമല്ല, പ്രാഥമികതലത്തിൽ യാതൊരു സൂക്ഷ്മപരിശോധനയും വിധേയമാക്കാതെ, ഇത്രയും ഗൗരവതരമായ ന്യൂനതകൾ ഉള്ള "അപേക്ഷാഫോറങ്ങൾ മാത്രം" പരിഗണിച്ച് 8, 36, 38 എന്നീ വാർഡ് സഭകളിലെ, ടി വ്യക്തികളെ വാഴക്കന്ന് വിതരണത്തിനുള്ള സബ്സിഡിക്ക് തെരഞ്ഞെടുക്കുകയും തുടർന്ന് 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി അനധികൃതമായി അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

കൃഷിഭവനിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നു പറയുന്ന ടി അപേക്ഷകരുടെ മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകളും 2015 – 2016 – ലെ ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്ത പേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ തുടങ്ങിയ രേഖകളും ഹാജരാക്കേണ്ടതാണ്. ടി രേഖകൾ ഹാജരാക്കാത്തപക്ഷം അത്തരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-17 മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി നൽകി - ₹ 40,200/- നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | - | 46/16 |
| ഗുണഭോക്താക്കളുടെ എണ്ണം | - | 23 |
| ആകെ അടങ്കൽ | - | ₹ 91,800/- |
| ആകെ ചെലവ് | - | ₹ 40,200/- |
| ബിൽ നം. | - | 13/പി.പി.08/2015 – 16/26.02.2016<br>₹ 20,700/- |
| ബിൽ നം. | | 22/പി.പി.14/2015 – 16/28.03.2016<br>₹ 19,500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "മറ്റ് ഫല – പുഷ്പ – വാഴ കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകളും തൈകളും(ഇടവിളക്കൃഷി)" എന്ന ഇനത്തിന് ഒരു കർഷകന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ₹ 2,500/- യായി നിശ്ചയിച്ചിട്ടുണ്ട്.

പ്രോജക്ട് നം.46/16പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്കു "മറ്റ് ഫല – പുഷ്പ – വാഴ കിഴങ്ങ്, ഔഷധസസ്യകൃഷിക്കുള്ള വിത്തുകളും തൈകളും (ഇടവിളക്കൃഷി)" എന്ന ഇനത്തിന് 23ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനു വേണ്ടി ആകെ ₹ 40,200/- ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക നമ്പർ 3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.4 – ൽ പൊതുവിഭാഗത്തിൽപ്പെട്ട നാമമാത്രകർഷകർക്ക് "ഇടവിളക്കൃഷിക്ക് ജൈവവളം, കൂലിച്ചെലവ് എന്നിവയ്ക്ക് സബ്സിഡി" എന്ന ഇനം ഉൾപ്പെട്ടിട്ടില്ല.

ടി മാർഗ്ഗരേഖയിലെ അനുബന്ധം 16 – ലെ ക്രമ നം.2.2 – ൽ, "മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും ക്രമ നം.2.3 – ൽ സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിനു വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്നും ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്ന് 15.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.3 നൽകിയിരുന്നു.

1. സർക്കാറിൽ നിന്നും മുൻകൂർ അനുമതി തേടാതെ, ടി മാർഗ്ഗരേഖകൾക്കു വിരുദ്ധമായി 2015 - 2016 വർഷത്തിൽ, മാർഗ്ഗരേഖകളിൽ പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങളായ ഇടവിളക്കൃഷിക്ക് ജൈവവളം, കൂലിച്ചെലവ് എന്നിവയ്ക്ക് ₹ 40,200/- സബ്സിഡിയിനത്തിൽ ചെലവഴിക്കുകയും ചെയ്തതിനുള്ള വിശദീകരണം നനൽകേണ്ടതാണ്.

2. ടി മാർഗ്ഗരേഖകളിൽ ഇല്ലാത്ത "ഇടവിളക്കൃഷിക്ക് ജൈവവളം, കൂലിച്ചെലവ് എന്നിവയ്ക്ക് സബ്സിഡി" എന്ന ഇനം ഉൾപ്പെടുത്തി പ്രൊജക്റ്റ് നടപ്പിലാക്കുവാൻ സർക്കാറിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത അനുമതി രേഖകൾ ഹാജരാക്കേണ്ടതാണ്.

എന്നാൽ കർഷകർക്ക് പ്രയോജനകരമായതിനാലാണ് ടി പദ്ധതി നടപ്പിലാക്കിയെന്നാണ് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ മറുപടി (ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല)നൽകിയത് .

മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ, ഇടവിളക്കൃഷിക്ക് ജൈവവളം, കൂലിച്ചെലവ് എന്നിവയ്ക്ക് സബ്സിഡിയിനത്തിൽ ചെലവഴിച്ച ₹ 40,200/- നിരാകരിക്കുന്നു.

## 3-18 വെറ്റിലക്കൃഷിക്ക് ജൈവവളം നൽകിയതിന് സബ്സിഡി നൽകി - അപേക്ഷകളിൽ ഉൾപ്പെടേണ്ട രേഖകൾ ഹാജരാക്കിയില്ല - ₹ 2,45,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | - | 41/16 |
| ഗുണഭോക്താക്കളുടെ എണ്ണം | - | 10 |
| ആകെ അടങ്കൽ | - | ₹ 3,25,500/- |
| ആകെ ചെലവ് | - | ₹ 2,45,000/- |
| ബിൽ നം. | - | 20/പി.പി.12/2015-16 തീയതി 28.03.2016 |
| ബിൽ നം. | - | 26/പി.പി.18/2015-16 തീയതി 30.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.1(എ) – ൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്കു "ജൈവവളം" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്.

പ്രോജക്റ്റ് നം.41/16പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് വെറ്റിലക്കൃഷിക്ക് "ജൈവവളം" എന്ന ഇനത്തിന് 30 ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ആകെ ₹ 2,45,000/- നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.

1. 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം, 2015 – 2016 വർഷത്തിൽ വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള അപേക്ഷാഫോറത്തിൽ ക്രമ നം. - 5 - ൽ, അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നം., ആധാർ എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ കൊടുക്കുന്ന സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ടി രേഖകളും കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

| ക്രമ | ഗുണഭോക്താവിന്റെ | വാർഡ് | ഗുണഭോക്തൃ- | കൈപ്പറ്റിയ |
|---|---|---|---|---|

| നം. | പേര് | നം. | ലിസ്റ്റിലെ ക്രമ നം. | സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.ബിനോഷ്.പി. | 6 | 3 | 3,530/- |
| 2 | ശ്രീ.അബ്ദുള്ള തള്ളശ്ശേരി | 7 | 8 | 10,500/- |
| 3 | ശ്രീ.കരീം തള്ളശ്ശേരി | 7 | 9 | 7,000/- |
| 4 | ശ്രീ.മുസ്തഫ പൊട്ടാഞ്ചേരി | 7 | 7 | 7,000/- |
| 5 | ശ്രീ.എം.പി.മുഹമ്മദ് | 7 | 6 | 7,000/- |
| 6 | ശ്രീ.ഹംസ പുല്ലൂണി | 7 | 4 | 10,500/- |
| 7 | ശ്രീ.മുഹമ്മദ് മൂപ്പൻ.എം. | 8 | 21 | 14,080/- |
| 8 | ശ്രീ.പി.പി.കുഞ്ഞുമൊയ്തീൻ | 8 | 17 | 7,000/- |
| 9 | ശ്രീ.എം.പി.ബാവ മൂപ്പൻ | 8 | 10 | 10,500/- |
| 10 | ശ്രീ.തത്തനാത്ത് സൈതലവി | 8 | 13 | 7,000/- |
| 11 | ശ്രീ.ഹുസൈൻ കോടണിയൻ | 8 | 15 | 7,000/- |
| 12 | ശ്രീ.കുഞ്ഞിമൊയ്തീൻ.എൻ. | 8 | 19 | 7,000/- |
| 13 | ശ്രീ.ഇ.വി.അബു | 8 | 16 | 7,000/- |
| ആകെ | | | | 1,05,110/- |

ടി ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കണമെന്ന് അപേക്ഷകർക്ക് നിർദ്ദേശം നൽകാതെ അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

ടി ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജ്, ആധാർ എന്നിവയുടെ പകർപ്പുകൾ, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, പാട്ടകൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

2. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് വെറ്റിലകൃഷിക്ക് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡി ലഭിക്കുന്നതിനുള്ള അർഹത നേടുന്നതിനു വേണ്ടി ചുവടെ കൊടുക്കുന്ന വ്യക്തികളുടെ പേരെഴുതിയ അപേക്ഷാഫോറത്തിൽ, അവർ പേരെഴുതി ഒപ്പ് രേഖപ്പെടുത്തുകയോ വാർഡ് നം., മൊബൈൽ നം., ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ തുടങ്ങിയവ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജ്, ആധാർ എന്നിവയുടെ പകർപ്പുകൾ, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, പാട്ടകൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ തുടങ്ങിയ രേഖകളും അപേക്ഷാഫോറത്തോടൊപ്പം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ-ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.മുനീർ പറമ്പിൽ | 8 | 14 | 7,000/- |
| 2 | ശ്രീ.അത്തിസ്.ടി.കെ. | 9 | 22 | 10,500/- |
| 3 | ശ്രീ.കുഞ്ഞീത്.എൻ. | 9 | 23 | 7,000/- |
| 4 | ശ്രീ.അറുമുഖൻ.എൻ.ടി. | 9 | 24 | 14,000/- |
| 5 | ശ്രീ.വേലായുധൻ കല്ലിട്ടുമ്പിൽ | 9 | 25 | 14,000/- |
| 6 | ശ്രീ.ഗംഗാധരൻ.എ.പി. | 9 | 26 | 10,500/- |
| 7 | ശ്രീ.പത്മനാഭൻ കല്ലിട്ടുമ്പിൽ | 9 | 27 | 7,000/- |

| | | | | |
|---|---|---|---|---|
| 8 | ശ്രീ.സൈതാലി.എ.പി. | 9 | 28 | 7,000/- |
| 9 | ശ്രീ.കറപ്പൻ.കെ. | 9 | 29 | 7,000/- |
| 10 | ശ്രീ.അബു.കെ.പി. | 9 | 30 | 7,000/- |
| 11 | ശ്രീ.മുഹമ്മദ്.കെ.പി. | 9 | 32 | 7,000/- |
| 12 | ശ്രീ.അയ്യപ്പൻ മേച്ചേരി | 9 | 33 | 10,500/- |
| 13 | ശ്രീ.വേലായുധൻ മേച്ചേരി | 9 | 34 | 7,000/- |
| 14 | ശ്രീ.ദാമോദരൻ.എൻ.ടി. | 9 | 35 | 7,000/- |
| 15 | ശ്രീ.സുകുമാരൻ.കെ. | 9 | 36 | 7,000/- |
| 16 | ശ്രീ.ബൈജു മേച്ചേരി | 9 | 37 | 3,390/- |
| 17 | ശ്രീ.സുന്ദരൻ.കെ. | 9 | 38 | 7,000/- |
| ആകെ | | | | 1,39,890/- |

അപേക്ഷയിൽ പേരെഴുതി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും അപേക്ഷയിൽ മേൽ സൂചിപ്പിച്ച മറ്റു ന്യൂനതകൾ ഉള്ളതു കൊണ്ടും അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലാത്തതു കൊണ്ടും ടി വ്യക്തികൾ വെറ്റിലക്കൃഷിക്ക് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡിക്ക് അർഹത നേടുന്നതിനു വേണ്ടി അപേക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാത്രമല്ല, പ്രാഥമികതലത്തിൽ യാതൊരു സൂക്ഷ്മപരിശോധനയ്ക്കും വിധേയമാക്കാതെ, ഇത്രയും ഗൗരവതരമായ ന്യൂനതകൾ ഉള്ള "അപേക്ഷാഫോറങ്ങൾ മാത്രം" പരിഗണിച്ച് 8, 9 എന്നീ വാർഡ് സഭകളിൽ, ടി വ്യക്തികളെ വെറ്റിലക്കൃഷിക്ക് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡി നൽകുന്നതിന് തെരഞ്ഞെടുക്കുകയും 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി അനധികൃതമായി അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

3. ടി മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.1(എ) – ൽ സൂചിപ്പിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ "പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ - കമ്പോസ്റ്റ് വളങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണപ്ലാന്റിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണെന്നും ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

(i) എന്നാൽ ഈ ആവശ്യത്തിലേക്ക്, നഗരസഭ നടത്തുന്ന മാലിന്യസംസ്കരണപ്ലാന്റിൽ ജൈവ - കമ്പോസ്റ്റ് വളങ്ങൾ ഇല്ലായെന്ന നഗരസഭ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലോക്കൽ പർച്ചേസ് നടത്താൻ തീരുമാനിച്ചതെങ്കിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(ii) പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ - കമ്പോസ്റ്റ് വളങ്ങൾ, ലഭ്യമല്ലാത്ത സംഗതികളിൽ, ലോക്കൽ പർച്ചേസ് നടത്തുന്നതിനു വേണ്ടി കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി നേരിട്ട് വാങ്ങി വിതരണം ചെയ്യേണ്ടതാണെന്നിരിക്കെ, അതിനു വിപരീതമായി സാധുതയുള്ള അപേക്ഷ നൽകിയവരേക്കൊണ്ടും അല്ലാത്ത വ്യക്തികളെക്കൊണ്ടും തിരൂർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ വളം ഡിപ്പോയിൽ നിന്നും നേരിട്ട് ലോക്കൽ പർച്ചേസ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

(iii) അപേക്ഷാഫോറത്തിൽ, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ തുടങ്ങിയവ രേഖപ്പെടുത്താത്ത, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജിന്റെ പകർപ്പുകൾ പോലും അപേക്ഷാഫോറത്തോടൊപ്പം ഹാജരാക്കാത്തവർക്കും ചുവടെ കൊടുക്കും പ്രകാരം തിരൂർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ സെക്രട്ടറി ചെക്ക് പ്രകാരം തുക കൈപ്പറ്റിയിരിക്കുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക (₹) |
|---|---|---|
| 1 | 191149/28.03.2016 | 2,24,000/- |
| 2 | 191502/30.03.2016 | 21,000/- |

14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി തിരൂർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്കിന്റെ സെക്രട്ടറിയുടെ പേർക്ക് ചെക്ക് പ്രകാരം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

സബ്സിഡിക്ക് അർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അവരുടെ അക്കൗണ്ടിൽ വരവു വെച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

22.11.2016 – ന് മറുപടിയും ബന്ധപ്പെട്ട രേഖകളും ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെയും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടാകാതിരുന്നത് ഗുരുതരകൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

മറുപടിയും രേഖകളും അവസാന തീയതിക്കുള്ളിൽ ലഭിച്ചില്ലെങ്കിൽ മേൽ പരാമർശങ്ങൾ 2015 – 2016 വർഷത്തെ കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

## **3-19** തെങ്ങിന് ജൈവ വളം സബ്സിഡി നൽകിയതിലെ അപാകതകൾ **-₹ 16,470/-** നിരാകരിക്കുന്നു **- ₹ 3,29,010/-** തടസ്സം ചെയ്യുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം. | - | 40/16 | |
| ഗുണഭോക്താക്കളുടെ എണ്ണം | - | 171 | |
| ആകെ അടങ്കൽ | - | ₹ 9,75,000/- | |
| ആകെ ചെലവ് | - | ₹ 7,18,710/- | |
| ബിൽ നം. | - | 6/പി.പി.1/2015-16 /16.02.2016 | ₹ 3,13,020/- |
| ബിൽ നം. | - | 10/പി.പി.5/2015-16 /16.02.2016 | ₹ 1,45,800/- |
| ബിൽ നം. | - | 13/പി.പി.09/2015-16 /26.02.2016 | ₹ 66,330/- |
| ബിൽ നം. | - | 23/പി.പി.15/2015-16 /28.03.2016 | ₹ 26,460/- |
| ബിൽ നം. | - | 24/പി.പി.16/2015-16 /28.03.2016 | ₹1,16,100/- |
| ബിൽ നം. | - | 25/പി.പി.17/2015-16 /30.03.2016 | ₹ 51,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ – അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | | | |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.1(എ) – ൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്കു "ജൈവവളം" എന്ന ഇനത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്.

പ്രോജക്ട് നം.40/16പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് തെങ്ങിന് "ജൈവവളം" എന്ന ഇനത്തിന് 171 ഗുണഭോക്താക്കൾക്ക്

സബ്സിഡിയിനത്തിൽ ആകെ ₹ 7,18,710/- നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് ചുവടെ കൊടുക്കുന്ന പരാമർശങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ട് 24.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11 നൽകിയിരുന്നു.

1. ചുവടെ കൊടുക്കുന്ന വ്യക്തികളെ 02.07.2015 – ൽ കൂടിയ 20 - ാം വാർഡിന്റെ വാർഡ് സഭയിലും (വാർഡ് സഭ മിനിട്സ് ബുക്ക് പേജ് നം.138) 04.07.2015 – ൽ കൂടിയ 24 -ാം വാർഡിന്റെ വാർഡ് സഭയിലും (വാർഡ് സഭ മിനിട്സ് ബുക്ക് പേജ് നം.112) തെങ്ങിന് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡി നൽകുന്നതിനു വേണ്ടി തെരഞ്ഞെടുത്തിട്ടില്ലെങ്കിലും അവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുകയും സബ്സിഡി കൈപ്പറ്റുകയും ചെയ്തിരിക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ -ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.കോയക്കുട്ടി കല്ലിംഗൽ ഇളയോടത്ത് | 20 | 326 | 3,870/- |
| 2 | ശ്രീമതി.പാത്തുമ്മു ഇല്ലിക്കൽ | 20 | 327 | 1,530/- |
| 3 | ശ്രീ.സൈതാലിക്കുട്ടി.പിസി. | 20 | 329 | 1,620/- |
| 4 | ശ്രീ.വിജയകുമാർ പറൂർ | 20 | 330 | 1,710/- |
| 5 | ശ്രീ.ശശിധരൻ.കെ. | 20 | 331 | 2,520/- |
| 6 | ശ്രീ.ചന്ദ്രശേഖരൻ.പി. | 20 | 332 | 3,330/- |
| 7 | ശ്രീമതി.സൈനബ.പി.സി. | 24 | 540 | 1,890/- |
| ആകെ | | | | 16,470/- |

02.10.1997 – ലെ ജി.ഒ.(പി)നം.220/1997/ത.ഭ.വ., 02.09.1998 - ലെ ജി.ഒ.(പി)നം.181/1998/ത.സ്വ.ഭ.വ. - പ്രകാരം പരിഷ്കരിച്ച ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാർഗ്ഗരേഖകളിലേയും 08.12.2014 – ലെ 4212/എബി1/2014/ത.സ്വ.ഭ.വ – നം. സർക്കുലറിലേയും നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട്, തെങ്ങിന് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡി നൽകുന്നതിനു വേണ്ടി വാർഡ് സഭയിൽ തെരഞ്ഞെടുത്തിട്ടില്ലാത്ത ടി വ്യക്തികളെ 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ക്രമവിരുദ്ധമായി ₹ 16,470/- സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/24.11.2016 ന് നൽകിയ മറുപടിയിൽ നഗരസഭ നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം നൽകിയത് എന്നാണ്.

2. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് തെങ്ങിന് "ജൈവവളം" എന്ന ഇനത്തിന് സബ്സിഡി ലഭിക്കുന്നതിന് അർഹത നേടുന്നതിനു വേണ്ടി സമർപ്പിച്ച, ചുവടെ കൊടുത്തിട്ടുള്ള വ്യക്തികളുടെ പേരെഴുതിയ അപേക്ഷാഫോറത്തിൽ, അപേക്ഷകന്റെ ഒപ്പ്, അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസം, വാർഡ് നം., മൊബൈൽ നം., ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരണം, വാർഡ് സഭ കൺവീനറുടെ സൂക്ഷ്മപരിശോധന റിപ്പോർട്ട്, വാർഡ് കമ്മിറ്റി തീരുമാനം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന ഫോട്ടോ പതിച്ച പേജ്, 2015 – 2016 - ലെ ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്ത പേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ തുടങ്ങിയ രേഖകളും അപേക്ഷാഫോറത്തോടൊപ്പം ഹാജരാക്കിയിട്ടില്ല.(ചുവടെ സൂചിപ്പിച്ച വാർഡ് നം., ഗുണഭോക്തൃലിസ്റ്റിലെ ക്രമ നം. എന്നിവ ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ളത്)

| ക്രമ നം. | വ്യക്തിയുടെ പേര് | വാർഡ് നം. | ഗുണഭോക്തൃ- ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീ.ഹംസ.കെ. | 5 | 534 | 2,250/- |
| 2 | ശ്രീ.മുഹമ്മദ്.കെ. | 7 | 109 | 2,070/- |
| 3 | ശ്രീ.മൊയ്തീൻകുട്ടി വട്ടകുന്നത്ത് | 7 | 131 | 2,430/- |
| 4 | ശ്രീ.കുഞ്ഞിമുഹമ്മദ് വട്ടകുന്നത്ത് | 7 | 130 | 5,940/- |
| 5 | ശ്രീ.സുലൈഖ.കെ.പി. | 7 | 108 | 9,000/- |
| 6 | ശ്രീ.കരീം കോടണിയിൽ | 7 | 100 | 1,440/- |
| 7 | ശ്രീ.അലവി മുല്ലശ്ശേരിയകത്ത് | 7 | 541 | 5,490/- |
| 8 | ശ്രീ.കോയക്കുട്ടി.എം. | 8 | 162 | 5,940/- |

| | | | | |
|---|---|---|---|---|
| 9 | ശ്രീമതി.പാത്തുമ്മ.എം. | 7 | 125 | 6,930/- |
| 10 | ശ്രീ.മുഹമ്മദ് നിഷാദ്.എം. | 7 | 121 | 6,930/- |
| 11 | ശ്രീമതി.തിത്തിമു.എം.വി. | 7 | 120 | 6,930/- |
| 12 | ശ്രീ.ഉണ്ണി മൂപ്പൻ.എം. | 8 | 158 | 3,420/- |
| 13 | ശ്രീ.കുഞ്ഞിമുഹമ്മദ് ഹാജി.പി.പി. | 8 | 146 | 3,420/- |
| 14 | ശ്രീ.അബ്ദുൾ ഷമീർ.എം. | 8 | 176 | 3,420/- |
| 15 | ഡോ.സലിം മൂപ്പൻ.എം. | 8 | 142 | 6,300/- |
| 16 | ശ്രീ.കൊച്ചുണ്ണി.എം. | 9 | 214 | 6,930/- |
| 17 | ശ്രീമതി.സുലൈഖ.എം. | 9 | 226 | 3,960/- |
| 18 | ശ്രീമതി.സുബൈദ.എം. | 9 | 225 | 5,940/- |
| 19 | ശ്രീ.സുബൈർ നരിക്കോട്ട് | 9 | 531 | 2,250/- |
| 20 | ശ്രീ.മമ്മു തൊട്ടിയിൽ | 9 | 235 | 2,970/- |
| 21 | ശ്രീ.അബ്ദുൽ ജബ്ബാർ തൊട്ടിയിൽ | 9 | 232 | 6,930/- |
| 22 | ശ്രീ.സൈനുദ്ദീൻ.എം. | 9 | 217 | 6,930/- |
| 23 | ശ്രീ.അബ്ദുറഹിമാൻ.എം. | 9 | 216 | 5,490/- |
| 24 | ശ്രീ.മുഹമ്മദ് നജീബ്.എം. | 9 | 187 | 6,930/- |
| 25 | ശ്രീ.ഷമീർ.എം. | 7 | 126 | 7,560/- |
| 26 | ശ്രീ.അലി മുണ്ടേക്കാട്ട് | 10 | 530 | 4,860/- |
| 27 | ശ്രീ.കെ.കെ.അലി | 24 | 532 | 4,140/- |
| 28 | ശ്രീ.ഷമീർ.വി. | 29 | 546 | 1.620/- |
| 29 | ശ്രീ.ഹംസ ആലങ്ങാട് | 5 | 545 | 3,150/- |
| 30 | ശ്രീ.ഉമ്മർ തുറവായിൽ | 7 | 133 | 2,610/- |
| 31 | ശ്രീ.ഹംസ തുറവായിൽ | 7 | 134 | 1,350/- |
| 32 | ശ്രീ.അബ്ദുറഹിമാൻകുട്ടി.എം. | 8 | 157 | 6,300/- |
| 33 | ശ്രീ.മധുസൂദനൻ.എൻ.പി. | 29 | 445 | 2,700/- |
| 34 | ശ്രീമതി.സറീന.കെ. | 27 | 424 | 990/- |
| 35 | ശ്രീ.ബാവ കല്ലിംഗൽ | 27 | 408 | 990/- |
| ആകെ | | | | 1,56,510/- |

അപേക്ഷയിൽ അപേക്ഷകന്റെ ഒപ്പ്, അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസം, വാർഡ് നം., തുടങ്ങിയ വിവരങ്ങൾ ഇല്ലാത്തതു കൊണ്ടും മേൽ സൂചിപ്പിച്ച ന്യൂനതകൾ ഉള്ളതു കൊണ്ടും അപേക്ഷയോടൊപ്പം അവശ്യം വേണ്ട രേഖകൾ ഇല്ലാത്തതു കൊണ്ടും ടി വ്യക്തികൾ "തെങ്ങിന് ജൈവവളം" എന്ന ഇനത്തിന് സബ്സിഡിക്ക് അർഹത നേടുന്നതിനു വേണ്ടി അപേക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാത്രമല്ല, പ്രാഥമികതലത്തിൽ യാതൊരു സൂക്ഷ്മപരിശോധനയ്ക്കും വിധേയമാക്കാതെ, ഇത്രയും ഗൗരവതരമായ ന്യൂനതകൾ ഉള്ള "അപേക്ഷാഫോറങ്ങൾ മാത്രം" പരിഗണിച്ച് വിവിധ വാർഡ് സഭകളിൽ, ടി വ്യക്തികളെ തെങ്ങിന് ജൈവവളം" എന്ന ഇനത്തിന് സബ്സിഡി നൽകുന്നതിന് തെരഞ്ഞെടുക്കുകയും 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

ടി എല്ലാ അപേക്ഷകരുടേയും 2015 – 2016 – ലെ ഭൂനികുതി അടച്ചതിന്റെ രസീത്, റേഷൻ കാർഡിലെ പ്രസക്ത പേജുകൾ, ആധാർ എന്നിവയുടെ പകർപ്പുകൾ, പാട്ടക്കൃഷി നടത്തുന്നതിന് സ്ഥലമുടമയുടെ സമ്മതപത്രങ്ങൾ തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്

സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/24.11.2016 – ന് നൽകിയ മറുപടി തൃപ്തികരമല്ല.രേഖകളുടെ അഭാവത്തിൽ ₹ 1,56,510/- തടസ്സം ചെയ്യുന്നു.

3. തിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ടുള്ള 32ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ സബ്സിഡി വരവു വെയ്ക്കുന്നതിനു വേണ്ടി യഥാക്രമം തീയതിയില്ലാത്ത ചെക്ക് നം.191503/₹ 51,000/-, തീയതിയില്ലാത്ത ചെക്ക് നം.191145/ ₹ 1,11,510/-, 18.02.2016 – ലെ ചെക്ക് നം.188413/₹ 9,990/- എന്നീ ചെക്കുകൾ തിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ അതത് അക്കൗണ്ടിൽ സബ്സിഡി വരവു വെച്ചതിന്റെ തിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/24.11.2016 ന് നൽകിയ മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെന്നാണ്. എന്നാൽ മേൽ രേഖകൾ മറുപടിയോടൊപ്പം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. രേഖയുടെ അഭാവത്തിൽ ₹ 1,72,500/- തടസ്സം ചെയ്യുന്നു.

തടസ്സപ്പെടുത്തിയ തുകയുടെ ചെലവിനാധാരമായ രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഹാജരാക്കിയില്ലെങ്കിൽ അത്തരം രേഖകൾ നിലവിലില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## 3-20 പൊതുവിഭാഗം-പമ്പ് സെറ്റിന് മുൻവർഷം കൈപ്പറ്റിയ വ്യക്തികൾക്ക് വീണ്ടും സബ്സിഡി നൽകി -₹ 10,000/- നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | - | 42/16 |
| ഗുണഭോക്താക്കളുടെ എണ്ണം | - | 10 |
| ആകെ അടങ്കൽ | - | ₹ 1,00,000/- |
| ആകെ ചെലവ് | - | ₹ 48,915/- |
| ബിൽ നം. | - | 7/പി.പി.2/2015-16/15.02.2016<br>₹ 9,045/- |
| ബിൽ നം. | - | 9/പി.പി.4/2015-16/15.02.2016<br>₹ 10,000/- |
| ബിൽ നം. | - | 12/പി.പി.07/2015-16/25.02.2016<br>₹ 15,000/- |
| ബിൽ നം. | - | 21/പി.പി.13/2015-16/28.03.2016<br>₹ 14,870/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, ഖണ്ഡിക നം.3.1 – ൽ "കൃഷി" എന്ന തലക്കെട്ടിൽ ക്രമ നം.7 – ൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക "പമ്പ് സെറ്റ്" എന്ന ഇനത്തിന് ഒരു കുടുംബത്തിന് അനുവദിക്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 5,000/- യായി നിശ്ചയിച്ചിട്ടുണ്ട്.

പ്രോജക്ട് നം.42/16പ്രകാരം, പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് "പമ്പ് സെറ്റ്" എന്ന ഇനത്തിന് 20 ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ആകെ ₹ 48,915/- നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡിക്ക് അർഹത നേടിയവർ, മുൻപ് ഈ ആനുകൂല്യം ലഭിക്കാത്തവരാണെന്നുള്ള ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപത്രങ്ങൾ അപേക്ഷകളുടെ കൂടെ ലഭ്യമല്ല.

2. 14.07.2014 – ലെ സ.ഉ.(സാധാ)നം.1805/2014/ത.സ്വ.ഭ.വ. - പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ടി മാർഗ്ഗരേഖയിൽ, അനുബന്ധം 16 – ൽ, ഖണ്ഡിക നം.2.7 – ൽ" ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനുശേഷം, സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, ചുവടെ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താവിന് പമ്പ്സെറ്റ് വാങ്ങിയതിനുള്ള സബ്സിഡിയായ ₹ 5,000/- ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം നേരിട്ട് നൽകിയിരിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/വാർഡ് നം. | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) | ഡിമാന്റ് ഡ്രാഫ്റ്റ് നം./തീയതി | കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | ശ്രീമതി.സാറമേടമ്മൽ വാർഡ് നം.17 | 33 | 5,000/- | 191148<br>28.03.2016 | കൈപ്പറ്റ് രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| ആകെ | | | 5,000/- | | |

14.07.2014 – ലെ സർക്കാർ ഉത്തരവിലേയും മാർഗ്ഗരേഖയിലേയും വ്യവസ്ഥകൾക്കനുസരിച്ച് സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം, 2015 – 2016 വർഷത്തിൽ വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള അപേക്ഷാഫോറത്തിൽ ക്രമ നം. - 5 - ൽ, അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നം., ആധാർ എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾ ടി രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ഗുണഭോക്തൃ-ലിസ്റ്റിലെ ക്രമ നം. | കൈപ്പറ്റിയ സബ്സിഡി (₹) |
|---|---|---|---|---|
| 1 | ശ്രീമതി.സി.സരസ്വതി | 1 | 1 | 4,045/- |
| 2 | ശ്രീ.കെ.പി.ഹസ്സൻ | 10 | 16 | 5,000/- |
| 3 | ശ്രീ.സെമീർ ടി.കെ. | 10 | 29 | 5,000/- |
| 4 | ശ്രീ.കുഞ്ഞുബാവ.കെ. | 10 | 32 | 5,000/- |
| 5 | ശ്രീ.മൻസൂർ അലി.കെ. | 13 | 30 | 5,000/- |
| 6 | ശ്രീമതി.സാറ മേടമ്മൽ | 17 | 33 | 5,000/- |
| 7 | ശ്രീ.രവീന്ദ്രൻ.എം.കെ. | 30 | 34 | 4,870/- |
| ആകെ | | | | 33,915/- |

ടി ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളോടൊപ്പം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജ്, ആധാർ എന്നിവയുടെ പകർപ്പുകൾ ഉണ്ടോയെന്ന പരിശോധിച്ചുറപ്പു വരുത്താതെ അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

ടി ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിലെ അക്കൗണ്ട് നമ്പർ വ്യക്തമാക്കുന്ന, ഫോട്ടോ പതിച്ച പേജ്, ആധാർ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.11.2016 ന് നൽകിയ മറുപടിയിൽ അപേക്ഷകളോടൊപ്പം ബന്ധപ്പെട്ട രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ മേൽ രേഖകൾ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. 2015 ജൂലൈ 4 – ന് ഏഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് കൂടിയ 24 - ാം വാർഡിന്റെ വാർഡ് സഭയിൽ, ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല, പൊട്ടൻചോല വീട്, ഏഴൂർ പി.ഒ., തിരൂർ എന്ന അപേക്ഷകനെ പമ്പ്സെറ്റിന് സബ്സിഡി നൽകുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടില്ല. (വാർഡ് സഭ മിനിട്സ് ബുക്ക് പേജ് നം.112 - 113).

എന്നാൽ, പമ്പ്സെറ്റിന് സബ്സിഡി നൽകുന്നതിനുവേണ്ടി 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ടിയാനെ ക്രമ നം.27 - ാ-മതായി ഉൾപ്പെടുത്തുകയും ടിയാൻ തന്റെ പേരിൽ പമ്പ്സെറ്റ് വാങ്ങുകയും സബ്സിഡിയായ ₹ 5,000/- കൈപ്പറ്റുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാങ്ങിയ പമ്പ്സെറ്റിന്റെ വിവരം | പമ്പിന്റെ ആകെ വില (₹) | സബ്സിഡി വരവു വെച്ച ബാങ്കിന്റെ വിവരം | വരവു വെച്ച തുക (₹) /തീയതി |
|---|---|---|---|
| വി - ഗാർഡ് - 1.5 എച്ച്.പി.- ഓപ്പൺ സബ്മേഴ്സിബിൾ പമ്പ് No.VOSSFH80 – 67560 ഇൻവോയിസ് നം.1147/19.01.2016 സാഗർ ഏജൻസീസ് സിറ്റി ജംഗ്ഷൻ, തിരൂർ | 10,952/- | IFSC – SBIN0008678 SBI Tirur Town Branch A/c No.10400172368 | 5,000/- 16.02.2016 |

സബ്സിഡി അനുവദിച്ചതിന്റേയും പമ്പ്സെറ്റ് വാങ്ങിയതിന്റേയും വിവരം കൃഷി ഭവന്റെ ജനകീയാസൂത്രണ രജിസ്റ്ററിൽ വാല്യം - I, പേജ് നം. 262 - ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പമ്പ്സെറ്റിന് സബ്സിഡി നൽകുന്നതിനു വേണ്ടി വാർഡ് സഭയിൽ തെരഞ്ഞെടുത്തിട്ടില്ലാത്ത ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല എന്ന

വ്യക്തിയെ 2015 – 2016 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ക്രമവിരുദ്ധമായി ₹ 5,000/- സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.11.2016 ന് നൽകിയ മറുപടിയിൽ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിരുന്നതിനാലാണ് ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചത്.

08.12.2014 – ലെ 4212/എബി1/2014/ത.സ്വ.ഭ.വ – നം. സർക്കുലർ പ്രകാരം നഗരപാലികാ നിയമത്തിലെ ചട്ടങ്ങൾ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം വാർഡ് സഭയ്ക്കാണെന്നും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സബ്സിഡിയിനത്തിൽ ക്രമവിരുദ്ധമായി ആകെ അനുവദിച്ച ₹ 5000/- നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അന്തിമ ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5. ടി സർക്കാർ ഉത്തരവിലെ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 2.5 – ൽ "സ്ഥാവരമോ ജംഗമോ ആയ ആസ്തികൾക്ക് മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായമോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ/തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന നിശ്ചിത കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിനു അർഹരാകുകയുള്ളയെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനുബന്ധം - 16 - ൽ, ഖണ്ഡിക നമ്പർ 7.18 – 2 (ബി) - യിൽ ഭരണസമിതി അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാവൂയെന്നും സമാനസ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്താക്കളെ ആദ്യം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിൽ എടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി.പി.കെ.രുഗ്മിണി അമ്മ 2015 – 2016 – ൽ പമ്പ് സെറ്റിന് സബ്സിഡി കൈപ്പറ്റിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| വാങ്ങിയ പമ്പ്സെറ്റിന്റെ വിവരം | പമ്പിന്റെ ആകെ വില (₹) | സബ്സിഡി വരവു വെച്ച ബാങ്കിന്റെ വിവരം | വരവു വെച്ച തുക (₹) /തീയതി |
|---|---|---|---|
| വി - ഗാർഡ് - 1.5 എച്ച്.പി.- ഓപ്പൺ വെൽ സബ്മേഴ്സിബിൾ പമ്പ് S.No.WHAA 43968 Invoice No.1302 dtd 17.02.2015 സാഗർ ഏജൻസീസ്, തിരൂർ | 12,975/- | എസ്.ബി.ഐ. തിരൂർ ബ്രാഞ്ച് ചെക്ക് നം.189091 തീയതി 26.02.2016 | 5,000/- 04.03.2016 |

എന്നാൽ, "ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല" എന്ന വ്യക്തിക്ക് 2015 – 2016 - ൽ മാത്രമല്ല 2013 - 2014, 2014 – 2015 എന്നീ വർഷങ്ങളിലും "ശ്രീമതി.പി.കെ.രുഗ്മിണി അമ്മ" എന്ന വ്യക്തിക്ക് 2013 – 2014 – ലും പമ്പ്സെറ്റിന് സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു

| പേര് | ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല | | | | |
|---|---|---|---|---|---|
| വർഷം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. | വാങ്ങിയ പമ്പ്സെറ്റിന്റെ വിശദാംശങ്ങൾ | പമ്പ്സെറ്റിന്റെ ആകെ വില (₹) | കൈപ്പറ്റിയ സബ്സിഡി (₹) | സബ്സിഡി വരവു വെച്ച ബാങ്കിന്റെ വിവരം/തീയതി |
| 2013 - 2014 | 8 | GEC – 1.5 HP 40*40Open Well Submersible Pump with panel Invoice No.1313 dtd 10.12.1013 സാഗർ ഏജൻസീസ്, തിരൂർ | 9,904/- | 4,952/- | SBI Tirur Town Branch A/c No.10400172368 16.04.2014 |
| 2014 – | 18 | GEC – 1.5 HP Open Submersible | 10,501/- | 5,000/- | SBI Tirur Town Branch |

| | | | | | |
|---|---|---|---|---|---|
| 2015 | | Pump with Panel Board S.No.9711 Invoice No.933 dtd 17.10.2014 സാഗർ ഏജൻസീസ്, തിരൂർ | | | A/c No.10400172368 19.03.2015 |
| *2013 – 2014 – ൽ പമ്പ്സെറ്റിന് സബ്സിഡി നൽകുന്നതിന് ടിയാനെ വാർഡ് സഭയിൽ തെരഞ്ഞെടുത്തിട്ടില്ല. | | | | | |
| പേര് | ശ്രീമതി.പി.കെ.രുഗ്മിണി അമ്മ, വാർഡ് നം.33 | | | | |
| 2013 - 2014 | 31 | ക്രോംപ്ടൺ ഗ്രീവ്സ് 1.5 എച്ച്.പി.* 11/2 മോണോബ്ലോക്ക് പമ്പ്സെറ്റ് MBKH 152 S.No.MANM5874 Invoice No.1711 dtd 31.01.2014 സാഗർ ഏജൻസീസ്, തിരൂർ | 10,063/- | 5,000/- | Canara Bank, Tirur A/c No.0800101015679 08.04.2014 |

സബ്സിഡി അനുവദിച്ചതിന്റേയും പമ്പ്സെറ്റ് വാങ്ങിയതിന്റേയും വിവരം കൃഷി ഭവന്റെ ജനകീയാസൂത്രണ രജിസ്റ്ററിൽ വാല്യം - I – ൽ, 189,193, 214 – 215 എന്നീ പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 2/15.11.2016 ന് നൽകിയ മറുപടി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മേൽ വ്യക്തികൾ ഉൾപ്പെട്ടിരുന്നതിനാലാണ് ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചത്. വ്യവസ്ഥകൾക്ക് വിരുദ്ധമായി ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല, ശ്രീമതി.പി.കെ.രുഗ്മിണി അമ്മ എന്നിവർക്ക് പമ്പ്സെറ്റിന് സബ്സിഡി നൽകിയ ₹ 10,000/- – യിൽ ക്രമ നം. 4 പ്രകാരം ശ്രീ.മുഹമ്മദ് അലി പൊട്ടൻചോലക്ക് വാർഡ് സഭയിൽ തെരഞ്ഞെടുക്കാതെ ആനുകൂല്യം നൽകിയതിന് നിരാകരിച്ച ₹ 5,000/- കൂടാതെ ശ്രീമതി.പി.കെ.രുഗ്മിണി അമ്മയ്ക്ക് അനധികൃതമായി സബ്സിഡിയിനത്തിൽ നൽകിയ ₹ 5,000/- – യും നിരാകരിക്കുന്നു.

ഭരണസമിതി അംഗീകരിച്ച മുൻഗണനാലിസ്റ്റിൽ അർഹരായ മറ്റു ഗുണഭോക്താക്കളുണ്ടായിട്ടും അവരെയൊന്നും പരിഗണിക്കാതെ, ഓരോ വർഷവും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി, ശ്രീ.മുഹമ്മദ് അലി പൊട്ടൻചോല, ശ്രീമതി.പി.കെ.രുഗ്മിണി അമ്മ എന്നിവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി, തുടർച്ചയായ വർഷങ്ങളിൽ പമ്പ്സെറ്റിന് സബ്സിഡി നൽകിയത് മേൽ സബ്സിഡി രേഖകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. തുടർച്ചയായ വർഷങ്ങളിൽ ഒരേ പദ്ധതിക്ക് ഒരേ വ്യക്തികൾക്ക് തന്നെ ആനുകൂല്യം നൽകിയത് തികച്ചും കൃഷി ഫീൽഡ് ഓഫീസറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഗുരുതരമായ ന്യൂനതകൾ ഉൾപ്പെടുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്താതെ അനർഹർക്ക് സാമ്പത്തികാനുകൂല്യം നൽകിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കേണ്ടതും വിവരം ആദ്യമറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## **3-21** ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഓഹരികൾ വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ **20,00,000/-** തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | എച്ച്.2 - 907/14 |
| ജി.ഒ.പ്രൊജക്ട് നം. | - | 220/16 |
| അടങ്കൽ | - | ₹ 20,00,000/- |
| ചെലവ് | - | ₹ 20,00,000/- |
| ബിൽ നം. | - | 34/470/0201238 – എച്ച്.2 - 907/14 തീയതി 31.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ – - സെക്രട്ടറി,തിരൂർ നഗരസഭ | | |

സംസ്ഥാനത്തെ ശുചിത്വപരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമ മായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സർക്കാരിന്റെ തദ്ദേശസ്വയം- ഭരണവകുപ്പിനു കീഴിൽ ഒരു കമ്പനിയായി രജിസ്റ്റർ ചെയ്ത്

പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്. സംസ്ഥാനത്തെ എല്ലാ നഗരസഭകളുമായി ഒരു കരാറിൽ ഏർപ്പെട്ടുകൊണ്ട് പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്ലാസ്റ്റിക്ക് മാലിന്യവിമുക്തമാക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

04.03.2016 – ലെ സ.ഉ.(സാധാ)നം.1121/2016/ത.സ്വ.ഭ.വ. - പ്രകാരം, വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് മൂലധനം ശേഖരിക്കുന്നതിനു വേണ്ടി, 2015 – 2016 – വർഷത്തെ പദ്ധതിയിനത്തിൽ ചെലവഴിക്കാത്ത തുകയിൽ നിന്നും മുനിസിപ്പാലിറ്റികൾക്ക് 50 ലക്ഷം രൂപ വരെ, ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഷെയർ വാങ്ങുന്നതിനായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു.

29.03.2016 – ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം, ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ₹ 20,00,000/- - യുടെ ഷെയറുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ജി.ഒ.പ്രൊജക്ട് നം.220/16 – പ്രകാരം ₹ 20,00,000/- വകയിരുത്തി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടിയും ബന്ധപ്പെട്ട രേഖകളും നൽകണ മെന്നാവശ്യപ്പെട്ടു കൊണ്ട് 29.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.17 നൽകിയിരുന്നു.

1. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ₹ 20,00,000/- - യുടെ ഓഹരികൾ വാങ്ങുന്നതിന് 20 ലക്ഷം രൂപയുടെ 19.04.2016 – ലെ 459447 – നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ്, തിരൂർ നഗരസഭ സെക്രട്ടറിയുടെ 29.04.2016 – ലെ എച്ച്.2 – 907/14 – നമ്പർ കത്തുപ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ₹ 20,00,000/- - യുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൈപ്പറ്റിയതിന്റെ അസൽ രസീത് ഹാജരാക്കേണ്ടതാണ്.

2. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ₹ 20,00,000/- ഓഹരികൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സെക്യൂരിറ്റി രജിസ്റ്ററും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററും ഹാജരാക്കേണ്ടതാണ്.

3. തിരൂർ നഗരസഭയിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി ചേർന്ന് നഗരസഭ സ്വീകരിച്ച നടപടികൾ/കരാർ ഹാജരാക്കേണ്ടതാണ്.

4. ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ₹ 20,00,000/- മൂല്യമുള്ള ഓഹരികൾ എടുത്തതിനു ശേഷം, കമ്പനി വാഗദാനം ചെയ്തതും നഗരസഭ ഉപയോഗപ്പെടുത്തിയതുമായ സേവനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

5. ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്നും 2013 – 2014 – ലും 2015 – 2016 – ലും ₹ 20,00,000/- മൂല്യമുള്ള ഓഹരികൾ വാങ്ങിയതിനു ശേഷം, ഓഹരിയിൽ നിന്നും ലാഭം ലഭിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

6. കമ്പനിയുടെ ഓഹരികളിൽ പങ്കാളിയായതിനു ശേഷം, കമ്പനി വാഗ്ദാനം നൽകിയ സേവനങ്ങളും ഓഹരിയിൽ നിന്നുള്ള ലാഭവും ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി നഗരസഭ നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങളും ഇക്കാര്യത്തിലെ പുരോഗതിയും കൂടി ഹാജരാക്കേണ്ടതാണ്.

ഇതിനെത്തുടർന്ന് ചുവടെ കൊടുക്കുന്ന മറുപടിയാണ് നഗരസഭാധികൃതർ ഓഡിറ്റിന് നൽകിയത്.

സെക്രട്ടറിയുടെ 14.12.2016 -ലെ എ3-19249/16 – നം. കത്തുപ്രകാരം, ഡിമാന്റ് ഡ്രാഫ്റ്റ് കൈപ്പറ്റിയിട്ടുണ്ടെന്നും ഓഹരികൾ ഔപചാരികമായി അനുവദിക്കുന്ന മുറയ്ക്ക് പ്രത്യേകം അയച്ചുതരുന്നതാണെന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 15.06.2016 – ലെ എ6-സി.കെ.സി.എൽ./2016 – നം.കത്തുപ്രകാരം അറിയിച്ചുവെന്നും മറ്റ് രസീതുകളോ ഷെയറുകളോ ഇതുവരെ ലഭിച്ചില്ലെന്നുമാണ് അറിയിച്ചത്. മാത്രമല്ല, ക്ലീൻ കേരള കമ്പനിയുടെ ഷെയർ ഹോൾഡർ എന്ന നിലയിൽ നഗരസഭയ്ക്ക് ഓഹരിയിൽ നിന്നുള്ള ലാഭവിഹിതം ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്നും 14.12.2016 – ലെ മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിലെ ക്രമ നം.3, 4 എന്നിവയ്ക്ക് നഗരസഭ മറുപടിയൊന്നും നൽകിയില്ല.

₹ 20,00,000/- - യുടെ ഡിമാന്റ് ഡ്രാഫ്റ്റ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ കൈപ്പറ്റിയതിന്റെ അസൽ രസീത്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്താൽ ₹ 20,00,000/- – യുടെ ചെലവിന് തടസ്സവാദം ഉന്നയിക്കുന്നു.

ടി രേഖകൾ ഹാജരാക്കേണ്ടതും തിരൂർ നഗരസഭയിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായിച്ചേർന്ന് നഗരസഭ സ്വീകരിച്ച നടപടികൾ, കമ്പനി വാഗ്ദാനം ചെയ്തതും നഗരസഭ ഉപയോഗപ്പെടുത്തിയ സേവനങ്ങൾ, ഓഹരിയിൽ നിന്നുള്ള ലാഭം ലഭ്യമാക്കുവാൻ നഗരസഭ സ്വീകരിച്ച നടപടികൾ തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 3-22 ദിവസവേതനജീവനക്കാരുടെ EPF വിഹിതം നഗരസഭാഫണ്ടിൽ നിന്നും അടവാക്കി : ₹ 1401423/- നിരാകരിക്കുന്നു.

തിരൂർ നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 43ജീവനക്കാരുടെ 2011 ജനവരി മുതൽ 2015 ജൂൺ മാസം വരെയുള്ള 12% EPF വിഹിതം 950757/-രൂപ നഗരസഭാഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്.(ഫയൽ നം.A2-14932/15ലെ സ്റ്റേറ്റ്മെന്റ് പ്രകാരം)43ജീവനക്കാരിൽ നിന്നും ഗഡുക്കളായി തുക തിരികെ ഈടാക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ കാണുന്നില്ല. 43 ജീവനക്കാരിൽ നിലവിൽ എത്രപേർ നഗരസഭയിൽ ജോലി ചെയ്യുന്നുണ്ടെന്നും എത്രപേർ ജോലിചെയ്യുന്നില്ലയെന്നതിന്റെ വിശദാംശങ്ങളും ഫയലിൽ കാണുന്നില്ല. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ EPF വിഹിതം സമയബന്ധിതമായി അടവാക്കാത്തത് മൂലം 4,56,666/- രൂപ പിഴയിനത്തിൽ നഗരസഭ അടവാക്കിയിട്ടുണ്ട്. (ചെക്ക് നം.031003 തിയ്യതി. 07-09-2016, വൗച്ചർ നം.31600226.). ഇതും ക്രമപ്രകാരമല്ല. മേൽ അപാകതകൾ 20/12/2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 27/2015-16 പ്രകാരം നഗരസഭയെ അറിയിച്ചെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഇത് നഗരസഭ അധികൃതരുടെ ഭാഗത്തുനിന്നും വന്ന അത്യന്തം ഗുരുതരമായ വീഴ്ചയാണ്. ആയതിന് ബന്ധപ്പെട്ട നഗരസഭ ഉദ്യോഗസ്ഥർ ഉത്തരവാദികളാണ്. ഉത്തരവാദികളായവരിൽ നിന്നും ടി തുക ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.ആയതിനാൽ ദിവസവേതനക്കാരുടെ EPF വിഹിതയിനത്തിൽ നഗരസഭ ചെലവ് ചെയ്ത 14,07,423/-രൂപ നിരാകരിക്കുന്നു.

## 3-23 ജീവനക്കാർക്ക് യൂണിഫോം വാങ്ങിയത്- അധിക ചെലവ് 26883/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കിയില്ല- നഗരസഭ അടവാക്കി- നഗരസഭാ ഫണ്ടിന് 26883/- രൂപ നഷ്ടം

ഫയൽ നം. E2/6846/05

2005-06 വർഷത്തിൽ തിരൂർ നഗരസഭയിലെ അർഹതയുള്ള ജീവനക്കാർക്ക് യൂണിഫോം വാങ്ങി നൽകുന്നതിനായി ക്ഷണിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹാൻവീവ് കോഴിക്കോടിന്റെ (54851/- രൂപ) ക്വട്ടേഷൻ സ്വീകരിക്കാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത മിന്നാസ് സിൽക്ക് കളക്ഷൻ തിരൂരിന്റെ (81734/- രൂപ) ക്വട്ടേഷൻ അംഗീകരിക്കുകയും സാധനങ്ങൾ പർച്ചേസ് ചെയ്യുകയും ചെയ്തത നടപടി ക്രമപ്രകാരമല്ലായെന്നും യാതൊരുവിധ നെഗോസിയേഷനും നടത്താതെയും സാമ്പിൾ പരിശോധിക്കാതെയും ഹാൻവീവിന്റെ ക്വട്ടേഷൻ തള്ളി മിന്നാസിന്റെ ക്വട്ടേഷൻ സ്വീകരിച്ച നടപടി ഗുരുതരമായ തെറ്റാണെന്നും തിരൂർ നഗരസഭയുടെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(18) (പേജ് നം. 25,26,27) പ്രകാരം ഉൾപ്പെടുത്തിയിരുന്നു. ആയത് 18.09.2010/02.05.2011 എന്നീ തീയ്യതികളിലെ എൽ.എഫ്.ടി.എം.31/2010 നമ്പർ കത്തുകൾ പ്രകാരം നഗരസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിഷയം സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ 20.05.2006 ലെ 127/IW- 11(2) നമ്പർ പരിശോധന റിപ്പോർട്ടിലും ഉൾപ്പെട്ടതായി E2-6846/05 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇക്കാരണങ്ങളാൽ മിന്നാസ് സിൽക്ക് കളക്ഷന് 81.734/- രൂപയിൽ 26,883/- രൂപ കുറച്ചാണ് അക്കാലത്ത് അനുവദിച്ചത്. ടി തുക അനുവദിക്കുന്നതിനും, ഉത്തരവാദിയായ ജീവനക്കാർക്ക് എൻ.എൽ.സി. നൽകുന്നതിനുമൊക്കെയായി 27.11.2007 നും 09.03.2008 നും സർക്കാരിലേക്ക് നഗരസഭ കത്ത് സമർപ്പിക്കുകയുണ്ടായി. ഈ കത്തുകൾക്ക് 25.01.2008 ലെയും 16.02.2009 ലെയും 127/IW-II(2)/06/SPD നമ്പർ പ്രകാരം യഥാക്രമം സർക്കാർ മറുപടി നൽകി. ടി മറുപടിയിലും ഉത്തരവാദിയായ ജീവനക്കാരിൽ നിന്നും തുക ഈടാക്കി നൽകുവാനാണ് സർക്കാർ ആവശ്യപ്പെട്ടത്. ഇതിനായി സേവനത്തിൽ നിന്നും വിരമിച്ച ബന്ധപ്പെട്ട ജീവനക്കാർക്ക് അറിയിപ്പുകളും കത്തുകളും നൽകിയെങ്കിലും തുക ഈടാക്കി നൽകിയില്ല. ഈ സാഹചര്യത്തിൽ മിന്നാസ് സിൽക്ക്കളക്ഷൻ തുക വീണ്ടും ആവശ്യപ്പെടുകയും, 27.04.2015 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തുക അനുവദിക്കാൻ തീരുമാനിക്കുകയും 19.05.2015 ന് 385650 നമ്പർ ചെക്ക് പ്രകാരം തുക അനുവദിക്കുയും ചെയ്തു (വൗച്ചർ നമ്പർ 21500283).

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും സംസ്ഥാന സർക്കാർ നേരിട്ടും അപാകത ചൂണ്ടിക്കാണിക്കുകയും അധിക തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നൽകണമെന്ന് വ്യക്തമായി നിർദ്ദേശം നൽകുകയും ചെയ്തിട്ടും അപ്രകാരം ചെയ്യാതെ നഗരസഭാ ഫണ്ടിൽ നിന്നും 26,883/- രൂപ അനുവദിച്ച് നഗരസഭ ഫണ്ടിന് നഷ്ടമുണ്ടാക്കിയ നടപടി ക്രമപ്രകാരമല്ല. മേൽ അപാകത 24-11-2016ലെ ഓഡിറ്റ് എൻക്വയറി നം.10/2015-2016 പ്രകാരം നഗരസഭയെ അറിയിച്ചെങ്കിലും നഗരസഭ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

## 3-24 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങി - രേഖകൾ ഹാജരാക്കിയില്ല - ₹ 2,50,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | എ5-14734/15 |
| പ്രോജക്ട് നം. | - | 38/16 |
| ആകെ അടങ്കൽ | - | ₹ 2,50,000/- |
| ആകെ ചെലവ് | - | ₹ 2,50,000/- |
| ബിൽ നം. | - | 13/12/15-16-എ-5-14731/15 തീയതി 16.10.2015 |
| നിർവ്വഹണോദ്യോഗസ്ഥൻ | - | സെക്രട്ടറി, തിരൂർ നഗരസഭ |

16.11.2013 – ലെ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. - പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖകളിൽ, അനുബന്ധം - 1 – ലെ, ഖണ്ഡിക നം.7 – ൽ "ആരോഗ്യം, രോഗപ്രതിരോധം, ശുചിത്വം" എന്ന തലക്കെട്ടിൽ ക്രമ നം.(ii) – ൽ " വിതരണം ചെയ്തു വരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ. - യിൽ നിന്നും നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച്, ആലപ്പുഴയിലെ സഹകരണ ഹോമിയോ ഫാർമസിയിൽ നിന്നും ഹോമിയോ മരുന്നുകൾ വാങ്ങാവുന്നതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ച ശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂയെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

മാത്രമല്ല, ടി മാർഗ്ഗരേഖകളിലെ ഖണ്ഡിക നം.7.4 – ൽ "വകുപ്പു മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ, ആരോഗ്യസ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണച്ചുമതലയുള്ള തദ്ദേശഭരണസ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണെന്നും നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ലായെന്നും" വ്യക്തമാക്കിയിട്ടുണ്ട്.

2015 – 2016 – ലെ വാർഷിക പദ്ധതിയിൽ "ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ" എന്ന ഇനം ഉൾപ്പെടുത്തി, എസ്.ഒ.38/16 – നം.പദ്ധതി പ്രകാരം, ആകെ ₹ 2,50,000/- ചെലവഴിച്ച് നഗരസഭയുടെ കീഴിലുള്ള ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 25.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12 നൽകിയെങ്കിലും നഗരസഭ യാതൊരു മറുപടിയും നൽകിയില്ല.

1. ജില്ലാ മെഡിക്കൽ ഓഫീസറുടെ(ഹോമിയോ) നോൺ - അവൈബലിറ്റി സർട്ടിഫിക്കറ്റ്.

2. നഗരസഭ മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ.

ടി രേഖകൾ ഹാജരാക്കാത്തതിനാൽ നഗരസഭയുടെ കീഴിലുള്ള ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുവാൻ ചെലവഴിച്ച ₹ 2,50,000/- തടസ്സം ചെയ്യുന്നു.

ടി രേഖകൾ ഹാജരാക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-25 സർവ്വ ശിക്ഷാ അഭിയാൻ വഴി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല – ₹ 20,00,000/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | എ5-14736/15 |
| പ്രൊജക്ട് നം. | - | 01/16 |

| | | |
|---|---|---|
| അടങ്കൽ | - | ₹ 20,00,000/- |
| ചെലവ് | - | ₹ 20,00,000/- |
| ബിൽ നം. | - | 8/01/15-16/എസ്.എസ്.എ./എ5-16575/14 തീയതി 19.09.2015 |
| നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി,തിരൂർ നഗരസഭ | | |

2015-2016 സാമ്പത്തികവർഷം, നഗരസഭയുടെ 01/16 - നംപർ പ്രൊജക്റ്റ് പ്രകാരം, നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്കൂളുകളിൽ, സർവ്വ ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന പദ്ധതികൾക്കു വേണ്ടി, നഗരസഭയുടെ ജനറൽ വിഭാഗം പദ്ധതിയിൽ വകയിരുത്തിയ നഗരസഭാ വിഹിതമായ ₹ 20,00,000/-, 19.09.2015 - ലെ 418258 - നം. ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം സർവ്വ ശിക്ഷാ അഭിയാന്റെ മലപ്പുറം ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടിയും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് 25.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13 നൽകിയിരുന്നു.

1. നഗരസഭയുടെ 2015 - 2016 - ലെ സർവ്വ ശിക്ഷാ അഭിയാൻ വിഹിതമായ ₹ 20,00,000/- വിനിയോഗിച്ച്, നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികൾ, ഓരോ ഇനം പദ്ധതിക്കും (വിദ്യാഭ്യാസം, കലാ-കായിക-സാംസ്കാരികം, പുനരുദ്ധാരണം, ട്രയിനിംഗ്, മറ്റിനങ്ങൾ തുടങ്ങിയവ) വിനിയോഗിച്ച തുകകൾ എന്നിവയുടെ രേഖകളുൾപ്പെടെയുള്ള വിശദാംശങ്ങൾ.

2. സർവ്വ ശിക്ഷാ അഭിയാൻ വഴി 2015 – 2016 - ൽ ഓരോ സ്കൂളിലും നടപ്പിലാക്കിയ ഓരോ പദ്ധതികൾക്കും ചെലവഴിച്ച തുകയ്ക്ക് സർവ്വ ശിക്ഷാ അഭിയാൻ മലപ്പുറം ജില്ല പ്രോജക്റ്റ് ഓഫീസർ നൽകിയ വിശദമായ വിനിയോഗസാക്ഷ്യപത്രങ്ങൾ.

വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനായി സർവ്വ ശിക്ഷാ അഭിയാന്റെ മലപ്പുറം ജില്ലാ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് സെക്രട്ടറി 16.12.2016 – ലെ എ3-19249/16 – കത്തുപ്രകാരം മറുപടി നൽകിയത്.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹ 20,00,000/- തടസ്സം ചെയ്യുന്നു.

നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ ഓരോ സ്കൂളിലും നടപ്പിലാക്കിയ ഓരോ ഇനം പദ്ധതിക്കും (വിദ്യാഭ്യാസം, കലാ-കായിക-സാംസ്കാരികം, പുനരുദ്ധാരണം, ട്രയിനിംഗ്, മറ്റിനങ്ങൾ തുടങ്ങിയവ) വിനിയോഗിച്ച തുകകളുടെ സർവ്വ ശിക്ഷാ അഭിയാൻ മലപ്പുറം ജില്ല പ്രോജക്റ്റ് ഓഫീസറുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## **3-26** <u>ഖര മാലിന്യ സംസ്ക്കരണത്തിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് **3841473/-** രൂപ മുൻകൂർ നൽകി-പദ്ധതി ആരംഭിച്ചില്ല</u>

ഫയൽ നം. PW2-14229/10

തിരൂർ നഗരസഭയിലെ ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷനിൽ നിന്നും തുക അനുവദിച്ചിട്ടുള്ള പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് പ്ലാന്റ്, വിൻഡോ കമ്പോസ്റ്റ് പ്ലാന്റ് തുടങ്ങിയവ നിർമ്മിക്കുന്നതിന് 28.05.2014 ലെ സ.ഉ.(സാധാ.) നമ്പർ 93/2014 തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനിയുമായി നഗരസഭ കരാറിലേർപ്പെടുകയും മേൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തുകയായ 96,03,683/- രൂപയുടെ 40% തുകയായ 38,41,473/- രൂപ കൗൺസിലിന്റെ 17.09.2015 ലെ 20-ാം നമ്പർ തീരുമാന പ്രകാരം ക്ലീൻ കേരള കമ്പനിക്ക് നൽകുകയും ചെയ്തു. (DD No.002456 തീയ്യതി 27.10.2015). ടി തുക കൈപ്പറ്റിയതിന് കമ്പനി രസീതി നൽകിയിട്ടുണ്ട്. കമ്പനിയുമായി 03.10.2015 ന് നഗരസഭാ സെക്രട്ടറി ഒപ്പു വെച്ച കരാറിലെ ക്രമ നമ്പർ 8 പ്രകാരം പദ്ധതിയുടെ നിർമ്മാണ കാലാവധി 12 മാസമാണ്. എന്നാൽ നാളിതുവരെയും പദ്ധതി നിർമ്മാണമാരംഭിച്ചതായി കാണുന്നില്ല.ആയതിനാൽ അടിയന്തിരമായി നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതി നടപ്പിലാക്കാൻ നഗരസഭയ്ക്ക് നാളിതുവരേയും കഴിഞ്ഞില്ല. കമ്പനിക്കെതിരെ നഗരസഭ യാതൊരു നിയമ നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് ക്രമപ്രകാരമല്ല. ആയതിനാൽ 38,41,473 രൂപ ഓഡിറ്റിൽ തടസ്സം

ചെയ്യുന്നു.ക്ലീൻ കേരള കമ്പനിയിൽ നിന്നും ടി തുക 18% പലിശയോടുകൂടി തിരികെ ഈടാക്കേണ്ടതാണ്.മാത്രമല്ല 28.05.2014 ലെ സ.ഉ.(കൈ.) നമ്പർ 93 /2014 തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് ക്ലീൻ കേരള കമ്പനിക്ക് മുൻകൂർ നൽകാൻ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ ആധുനികവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വമിഷൻ 23.03.12 ലെ എസ്.എം./സി2/931/2008 നമ്പർ കത്ത് പ്രകാരം 260.15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നുമാണ് തുക അനുവദിച്ചത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് നഗരസഭ പ്രവർത്തിച്ചതെന്നതിനാൽ ഈ നടപടിയും ക്രമപ്രകാരമല്ല.

മേൽ അപാകതകൾ 15-12-2016ലെ ഓഡിറ്റ് എൻക്വയറി നം.25/2015-2016 പ്രകാരം നഗരസഭയെ അറിയിച്ചിരുന്നു.ആയതിന് നൽകിയ മറുപടിയിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിന്ന് സാധൂകരണത്തിന്നായി സർക്കാറിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്നാണറിയിച്ചത്.

## 3-27 ഇൻഫർമേഷൻ കേരള മിഷന് പ്രവർത്തനഫണ്ട് നല്കി - രേഖകൾ ഹാജരാക്കിയില്ല - ₹ 1,23,573/- തടസ്സം ചെയ്യുന്നു.

| | | |
|---|---|---|
| ഫയൽ നം. | - | പി.ഡബ്ല്യ - 1/6763/16 |
| ജി.ഒ.പ്രൊജക്ട് നം. | - | 219 |
| അടങ്കൽ | - | ₹ 1,23,573/- |
| ചെലവ് | - | ₹ 1,23,573/- |
| ബിൽ നം. | - | 33/470/0201223 - പി.ഡബ്ല്യ - 1/6763/16 തീയതി 31.03.2016 |
| നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി, തിരൂർ നഗരസഭ | | |

08.03.2016 – ലെ സ.ഉ.(സാധാ)നം.1128/2016/ത.സ്വ.ഭ.വ. - പ്രകാരം, മുനിസിപ്പാലിറ്റികൾ, അവയ്ക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25 % തുക നിർബന്ധമായും ഐ.കെ.എം. - ന്റെ പ്രവർത്തനത്തിനു വേണ്ടി മാറ്റി വെയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയും 31.03.2016 – ലെ സ.ഉ.(സാധാ)നം.1375/2016/ത.സ്വ.ഭ.വ. - പ്രകാരം അത്തരത്തിൽ മാറ്റി വെയ്ക്കേണ്ട തുക ജി.ഒ.പ്രോജക്ടായി നൽകുന്നതിന് അനുമതി നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അതിൻ പ്രകാരം, തിരൂർ നഗരസഭയ്ക്കു ലഭ്യമാകുന്ന ആകെ പദ്ധതി വിഹിതമായ ₹ 4,94,29,000/- - യുടെ 0.25 % ആയ ₹ 1,23,573/-, ഐ.കെ.എം. - ന്റെ പ്രവർത്തനത്തിനു നൽകുന്നതിനു വേണ്ടി നഗരസഭ കൗൺസിലിന്റെ 29.03.2016 – ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകുകയും ₹ 1,23,573/- യുടെ 19.04.2016 – ലെ 459448 – നം. ഡിമാന്റ് ഡ്രാഫ്റ്റ്, 23.04.2016 – ലെ പി.ഡബ്ല്യ - 1/6763/16 – നം.കത്ത് എന്നിവ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഐ.കെ.എം. - ന്റെ പ്രവർത്തനഫണ്ടിനത്തിൽ, നഗരസഭയുടെ വിഹിതമായ ₹ 1,23,573/- യുടെ 19.04.2016 – ലെ 459448 – നം. ഡിമാന്റ് ഡ്രാഫ്റ്റ് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൈപ്പറ്റിയതിന്റെ അസൽ രസീത് ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 25.11.2016 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.18 നൽകിയിരുന്നു.

എന്നാൽ ഐ.കെ.എം. – ൽ നിന്നും നാളിതുവരെ രസീത് ലഭ്യമായിട്ടില്ലായെന്ന മറുപടിയാണ് സെക്രട്ടറിയുടെ 06.12.2016 – ലെ എ3-19249/2016 – നം.കത്തുപ്രകാരം ഓഡിറ്റിന് നൽകിയത്.

ഐ.കെ.എം. - ന്റെ പ്രവർത്തനത്തിനു വേണ്ടി നൽകിയ ₹ 1,23,573/- യുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൈപ്പറ്റിയതിന്റെ അസൽ രസീത് ഹാജരാക്കാത്തതിനാൽ ₹ 1,23,573/- തടസ്സം ചെയ്യുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടിയാലുടൻ ടി തുക കൈപ്പറ്റിയതിന്റെ അസൽ രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്(₹) | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്. ഇ. ബി. | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ തറയിൽ ഫുട്ട്പാത്ത്, വടക്കേപ്പുരക്കൽ ഫുട്ട്പാത്ത് | ചെക്ക് നം. 658244 തീയ്യതി 03.12.2015 | 56100/- | 56100/- | ഇല്ല |
| 2 | കെ.എസ്. ഇ. ബി. | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ വാർഡ് 27 | ചെക്ക് നം. 658244 തീയ്യതി 03.12.2015 | 14200/- | 14200/- | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ.നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹ 1,10,62,460/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹ 36,33,460/- |
| ആകെ | ₹ 1,46,95,920/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 1,46,95,920/- |

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം ₹ 1,46,67,889/- ആണ് വർഷാവസാനമുള്ള സ്ഥിര നിക്ഷേപം. രജിസ്റ്റർ പ്രകാരമുള്ളതിൽ നിന്നുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|
| കേരളവർമ്മ ആയുർവേദിക് കോ-ഓപ് ഫാർമസി | 100/- |
| കെ.യു.ആർ.ഡി.എഫ്.സി. ഷെയർ | 35,000/- |
| എം.ഡി.സി.സ്പിന്നിംഗ് മിൽ ഷെയർ | 5,000/- |
| കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് | 28,031/- |
| ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം | 500/- |
| ആർടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 10,000/- |
| എം.ഡി.സി.ഹോസ്പിറ്റൽ | 5,000/- |
| ധനലക്ഷ്മി ബാങ്ക് നിക്ഷേപം | 1,06,12,289/- |
| ഇക്വിറ്റി ഷെയർ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 40,00,000/- |
| ആകെ | 1,46,95,920/- |

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 175/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക( ₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയ്യതി |
|---|---|---|---|---|
| 2000-2001 | 31(1) | 25/- | ശ്രീ അഖിലേഷ് | 115011-12425/11.02.2016 |
| 2000-2001 | 31(4) | 75/- | ശ്രീമതി കെ പാർവ്വതി | 115011-12426/11.02.2016 |

| | | | | |
|---|---|---|---|---|
| 2000-2001 | 31(7) | 75/- | ശ്രീ പി. എം. ശങ്കരനാരായണൻ | 115011-12427/11.02.2016 |
| ആകെ | | 175/- | | |

വാർഷിക കണക്കുകളിലെ ഷെഡ്യൂൾ നം.ആർ.പി.29 പ്രകാരം അദർ റിക്കവറീസ് ആയി ₹ 10,06,394/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ശമ്പളയിനത്തിലും മറ്റും തിരിച്ചടയ്ക്കുന്ന തുക കൂടി ഉൾപ്പെട്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം- ട്രാക്ടർ ദുരുപയോഗം ചെയ്തു | ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നു |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | 3 നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത്. | ഭാഗികമായി പരിഹരിച്ചു |
| 2001-2002 | 3 (61) | 2006-2007 | 4.23.3 | തെക്കുമ്മുറി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം | തുക തിരിച്ചടവാക്കിയിട്ടില്ല |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി മൊബിലൈസേഷൻ അഡ്വാൻസ്. | റവന്യൂ റിക്കവറി നടപടികൾക്കായി കത്തു നൽകി. |
| 2009-2010<br>2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-2012 | 3.1.9 | കേരകൃഷി | പരിഹരിച്ചിട്ടില്ല |
| - | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന. | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത്. | തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| - | -ടി- | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത്. | നടപടിവിവരം ലഭ്യമല്ല. |
| 2011-2012 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം 2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർനടപടികളില്ല | മറുപടി ലഭ്യമാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 15,06,04,747/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 18,45,63,690/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹ 5,84,046/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 21,35,633/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 1,01,40,656/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) - യിലേയും (സി) - യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,82,543/- | | ശ്രീ.കെ.ഹരികുമാർ സെക്രട്ടറി, തിരൂർ നഗരസഭ |
| 2-2 (2) | 1,503/- | | ശ്രീ.കെ.ഹരികുമാർ സെക്രട്ടറി, തിരൂർ നഗരസഭ |
| 3-1 | | 75,657/- | ശ്രീ.സജീന്ദ്രൻ.സി.എം നഗരസഭ എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 10,000/- | ശ്രീ.പി.യു. അബ്ദുൽ അസീസ് സീനിയർ വെറ്ററിനറി സർജൻ |
| 3-7 | | 20,000/- | ശ്രീ.പി.വി.സുബ്രഹ്മണ്യൻ പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമാർജ്ജന സെൽ തിരൂർ നഗരസഭ |
| 3-9 | | 5,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസന ഓഫീസർ |
| 3-11 | | 30,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസനഓഫീസർ |
| 3-13 | | 5,00,000/- | സെക്രട്ടറി & 2015 – 2016 വാർഷികപദ്ധതികളിൽഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അന്തിമ ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങൾ |
| 3-17 | | 40,200/- | ശ്രീ. റഷീദ്.പി.പി. കൃഷി ഫീൽഡ് ഓഫീസർ |
| 3-19 | | 16,470/- | സെക്രട്ടറി & 2015 – 2016 വാർഷികപദ്ധതികളിൽഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അന്തിമ ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങൾ |
| 3-20 | | 10,000/- | സെക്രട്ടറി & 2015 – 2016 വാർഷികപദ്ധതികളിൽഉൾപ്പെടുത്തി നടപ്പിലാക്കുന്ന - തിനുവേണ്ടി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അന്തിമ ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങൾ |
| 3-22 | | 14,01,423/- | ശ്രീ.കെ.ഹരികുമാർ സെക്രട്ടറി, തിരൂർ നഗരസഭ |
| 3-23 | | 26,883/- | ശ്രീ.കെ.ഹരികുമാർ സെക്രട്ടറി, തിരൂർ നഗരസഭ |
| ആകെ | 5,84,046/- | 21,35,633/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 86,250/- | ശ്രീ. അനിൽ കുമാർ.കെ.പി. പ്രധാനാധ്യാപകൻ |
| 3-5 | 100000/- | ശ്രീ. അനിൽ കുമാർ.കെ.പി. പ്രധാനാധ്യാപകൻ |
| 3-6 | 2,00,000/- | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമാർജ്ജന സെൽ |
| 3-8 | 134,900/- | ശ്രീമതി.സിമി.കെ.ഇ.പട്ടികജാതി വികസനഓഫീസർ |
| 3-9 | 20,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസന ഓഫീസർ |
| 3-10 | 60,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസന ഓഫീസർ |
| 3-11 | 2,10,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസന ഓഫീസർ |
| 3-12 | 15,000/- | ശ്രീമതി.സിമി.കെ.ഇ. പട്ടികജാതി വികസന ഓഫീസർ |
| 3-13 | 2,00000/- | ശ്രീ.കെ.ഹരികുമാർ സെക്രട്ടറി, തിരൂർ നഗരസഭ |
| 3-14 | 2,20,000/- | ശ്രീ. റഷീദ്.പി.പി. കൃഷി ഫീൽഡ് ഓഫീസർ |
| 3-15 | 31,200/- | ശ്രീ. റഷീദ്.പി.പി. കൃഷി ഫീൽഡ് ഓഫീസർ |
| 3-16 | 74,250/- | ശ്രീ. റഷീദ്.പി.പി. കൃഷി ഫീൽഡ് ഓഫീസർ |

| | | |
|---|---|---|
| 3-18 | 2,45,000/- | ശ്രീ. റഷീദ്.പി.പി.<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-19 | 3,29,010/- | ശ്രീ. റഷീദ്.പി.പി.<br>കൃഷി ഫീൽഡ് ഓഫീസർ |
| 3-21 | 20,00,000/- | ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-24 | 2,50,000/- | ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-25 | 20,00,000/- | ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-26 | 38,41,473/- | ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| 3-27 | 1,23,573/- | ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി, തിരൂർ നഗരസഭ |
| ആകെ | 1,01,40,656/- | |

(സി).കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി- കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ഹരികുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>തിരുവല്ല നഗരസഭ | എസ്/ഒ കൃഷ്ണപ്പിള്ള 'പൂജ',ജനതാ റോഡ് ചെമ്പഴന്തി.പി.ഒ. തിരുവനന്തപുരം |
| ശ്രീ.പി.വി.സുബ്രഹ്മണ്യൻ, പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യനിർമാർജ്ജന സെൽ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒറ്റപ്പാലം നഗരസഭ, ഒറ്റപ്പാലം | സൗപർണ്ണിക വലിയ പറമ്പിൽ താനൂർ.പി.ഒ. മലപ്പുറം |
| ശ്രീ.സജീന്ദ്രൻ. സി.എം,<br>അസി.എക്സി. എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>തിരൂർ നഗരസഭ | ദേവികാസ് അത്തോളിക്കാവ് അത്തോളി.പി.ഒ. കോഴിക്കോട് ജില്ല. പിൻ – 673315 |
| ഡോ. പി.യു. അബ്ദുൾ അസീസ്, സീനിയർ വെറ്റിനറി സർജൻ | വെറ്റിനറി പോളി ക്ലിനിക്ക്, തെക്കുമ്മുറി (പി.ഒ), തിരൂർ – 676105 | സിൻഷ, ആയുർവ്വേദ കോളേജിന് എതിർവശം, എടരിക്കോട് – 676501 |
| ശ്രീമതി. സിമി.കെ.ഇ., പട്ടിക ജാതി വികസന ഓഫീസർ | എസ്.സി.ഡി.ഒ, തെക്കുമ്മുറി, തിരൂർ-676105 | മിഥുനം, കല്ലേപ്പുള്ളി, പാലക്കാട് |
| ശ്രീ. റഷീദ്. പി.പി, അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | കൃഷി ഭവൻ, സിവിൽ സ്റ്റേഷൻ, തിരൂർ | പുതുപ്പറമ്പിൽ വീട്, ബി.പി. അങ്ങാടി, തിരൂർ-2 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-1985<br>1985-1986 | എൽ.എഫ്.എം3/272/01/1975<br>തീയ്യതി 09.08.1977 | 39 | |
| 1986-1987<br>1987-1988 | എൽ.എഫ്.എം9/676/1996<br>തീയ്യതി 21.11.1996 | 34 | |
| 1988-1989<br>1989-1990 | എൽ.എഫ്.എം16/1137/1997<br>തീയ്യതി 12.02.1999 | 33 | |
| 1990-1991<br>1991-1992 | എൽ.എഫ്.എം16/634/2000<br>തീയ്യതി 26.07.2000 | 7 | |

| | | | |
|---|---|---|---|
| 1992-1993 | എൽ.എഫ്.എം16/1491/2000 തീയ്യതി 10.12.2002 | 13 | |
| 1993-1994 | എൽ.എഫ്.എം16/10/2001 തീയ്യതി 10.12.2002 | 14 | |
| 1997-1998 | എൽ.എഫ്.ടി.എം2/461(1)/2014 തീയ്യതി 20.12.2014 | 6 | |
| 1998-1999 | എൽ.എഫ്.ടി.എം2/461(2)/2014 തീയ്യതി 20.12.2014 | 9 | |
| 1999-2000 | എൽ.എഫ്.ടി.എം2/461(3)/2014 തീയ്യതി 19.01.2015 | 23 | |
| 2000-2001 | എൽ.എഫ്.എം4/343/2003 തീയ്യതി 13.08.2004 | 30 | |
| 2001-2002 | എൽ.എഫ്.എം18/1121/2009 തീയ്യതി 18.07.2009/12.08.2009 | 76 | |
| 2002-2003 (വരവ്) | എൽ.എഫ്.എം14/1313/2006 തീയ്യതി 13.11.2003 | 20 | |
| 2002-2003 (ചെലവ്) | എൽ.എഫ്.എം4/1343/2005 തീയ്യതി 02.03.2007 | 27 | |
| 2003-2004 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 39 | |
| 2004-2005 | എൽ.എഫ്.എം18/273/2007 തീയ്യതി 20.03.2007 | 29 | |
| 2005-2006 | എൽ.എഫ്.ടി.എം1/31/2010 തീയ്യതി 02.05.2011 | 34 | |
| 2006-2007 | എൽ.എഫ്.ടി.എം1/32/2010 തീയ്യതി 27.06.2011 | 22 | |
| 2007-2008 | എൽ.എഫ്.ടി.എം1/33/2010 തീയ്യതി 18.09.2011 | 20 | |
| 2008-2009 | എൽ.എഫ്.ടി.എം2/90/2011 തീയ്യതി 06.10.2012 | 21 | |
| 2009-2010 | എൽ.എഫ്.ടി.എം2/145/2013 തീയ്യതി 09.05.2013 | 13 | |
| 2010-2011 | എൽ.എഫ്.ടി.എം2/356/2012 തീയ്യതി 19.08.2013 | 48 | |
| 2011-2012 | എൽ.എഫ്.ടി.എം2/489/2014 തീയ്യതി 27.02.2015 | 35 | |
| 2012-2013 | എൽ.എഫ്.ടി.എം.2/171/2015 തീയ്യതി 04.07.2015 | 27 | |
| 2013-2014 | കെ.എസ്.എ.ടി.ആർ.എം2/366/2015 തി. 27-10-2015 | 42 | |
| 2014-2015 | കെ.എസ്.എ.ടി.ആർ.എം2/171/2016 തി. 27-06-2016 | 37 | |

## **4-10** അനുബന്ധങ്ങൾ

അനുബന്ധങ്ങൾ താഴെ പറയും പ്രകാരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

1.ഓഡിറ്റ് സാക്ഷ്യപത്രം.

2.ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക.

3.റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക.

4.ബാലൻസ് ഷീറ്റ്.

5. സ്ഥല പരിശോധന റിപ്പോർട്ട്, ഫോട്ടോ.

### അനുബന്ധം **3**

### റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക

# Thirur Municipality
## Receipt And Payment Statement
## For the period from 01-April-2015 To 31-March-2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | **Opening Balance** | | |
| | Bank | RP-40(a) | 107,310,299.28 |
| | Cash | RP-40(a) | 2,472,439.00 |
| | **Receipts** | | |
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 13,219,678.00 |
| 120000000 | Assigned Revenues & Compensation | RP-2 | 68.00 |
| 130000000 | Rental Income from Municipal Properties | RP-3 | 1,021,800.00 |
| 140000000 | Fees & User Charges | RP-4 | 6,687,259.00 |
| 150000000 | Sale & Hire Charges | RP-5 | 712,898.00 |
| 160000000 | Revenue Grants, Contributions & Subsidies | RP-6 | 18,786,232.00 |
| 170000000 | Income from Investments | RP-7 | 44,735.00 |
| 171000000 | Interest Earned | RP-8 | 2,568,546.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 37,424,121.00 |
| **Non Operating** | | | |
| 320000000 | Grants, Contribution for Specific Purposes | RP-24 | 56,494,769.00 |
| 340000000 | Deposits Received | RP-27 | 3,601,955.00 |
| 350000000 | Other Liabilities | RP-29 | 9,972,465.00 |
| 460000000 | Loans, Advances and Deposits | RP-41 | 70,221.00 |
| **Grand Total** | | | **260,387,485.28** |
| | **Payments** | | |
| **Operating** | | | |
| 210000000 | Establishment Expenses | RP-10 | 13,937,545.00 |
| 220000000 | Administrative Expenses | RP-11 | 1,495,346.00 |
| 230000000 | Operations & Maintenance | RP-12 | 6,744,447.00 |
| 240000000 | Interest & Finance Charges | RP-13 | 205,094.00 |
| 250000000 | Programme Expenses | RP-14 | 28,273,412.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 11,997,017.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-46 | 17,876,154.00 |
| 253000000 | Decentralised Plan Programme - Projects not included in Secto | RP-47 | 1,473,525.00 |
| 260000000 | Revenue Grants, Contribution and Subsidies | RP-15 | 1,276,624.00 |
| 350000000 | Other Liabilities | RP-29 | 21,530,944.00 |
| 420000000 | Investments - General Fund | RP-34 | 2,767,017.00 |
| 430000000 | Stock-in-hand | RP-36 | 885,313.00 |
| **Non Operating** | | | |
| 280000000 | Prior Period Item | RP-19 | -512,628.00 |
| 311000000 | Earmarked Funds | RP-22 | 10,853,732.00 |
| 320000000 | Grants, Contribution for Specific Purposes | RP-24 | 55,080.00 |
| 340000000 | Deposits Received | RP-27 | 2,194,348.00 |
| 350000000 | Other Liabilities | RP-29 | 39,711,518.00 |
| 410000000 | Fixed Assets | RP-31 | 18,068,183.00 |
| 412000000 | Capital Work In Progress | RP-33 | 316,521.00 |
| 460000000 | Loans, Advances and Deposits | RP-41 | 5,414,498.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 68,621,137.28 |
| | Bank | RP-40(b) | 5,903,074.00 |
| | Cash | RP-40(b) | 1,299,584.00 |
| **Grand Total** | | | **260,387,485.28** |

Page 1 of 2

അനുബന്ധം 4

ബാലൻസ് ഷീറ്റ്

# Tirur Municipality
## BALANCE SHEET
As on 31-March-2016

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 36895239.78 |
| 311000000 | Earmarked Funds | B-2 | 7077259.00 |
| 312000000 | Reserves | B-3 | 101437421.00 |
| | ***Total Reserve& Surplus*** | | **145409919.78** |
| | **Grants,Contributions for specific purposes** | | |
| 320000000 | Grants, Contribution for Specific Purposes | B-4 | 63139736.00 |
| | ***Total Grants,Contributions for specific purposes*** | | **63139736.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 99000.00 |
| | ***Total Loans*** | | **99000.00** |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 9821660.00 |
| 350000000 | Other Liabilities | B-9 | 13265350.50 |
| | ***Total Current Liabilities and Provisions*** | | **23087010.50** |
| | **TOTAL LIABILITIES** | | **231735666.28** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 104053358.00 |
| 411000000 | Accumulated Depreciation | B-11 | - (28588182.00) |
| 412000000 | Capital Work In Progress | B-11 | 2704804.00 |
| | ***Total Fixed Assets*** | | **78169980.00** |
| | **Investments** | | |
| 420000000 | Investments - General Fund | B-12 | 14667889.00 |
| | ***Total Investments*** | | **14667889.00** |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 1007806.00 |
| 431000000 | Sundry Debtors (Receivables) | B-15 | 57665718.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | (5648330.00) |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 75823795.28 |
| 460000000 | Loans, Advances and Deposits | B-18 | 10048808.00 |
| | ***Total Current Assets,Loans and Advances*** | | **138897797.28** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | ***Total Miscellaneous Expenditure(To the Extent not written off)*** | | **0.00** |
| | **TOTAL ASSETS** | | **231735666.28** |

*Software Support : Information Kerala Mission*

Accounts Officer Secretary

*Balance Sheet* *Page 1 of 1*

അനുബന്ധം **2**

ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക

16/07/2016

# Tirur Municipality
## Income & Expenditure Statement
For the period from 01-April-2015 to 31-March-2016

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | **Income** | | |
| 110000000 | Tax Revenue | I-1 | 39,389,506.00 |
| 120000000 | Assigned Revenues & Compensation | I-2 | 68.00 |
| 130000000 | Rental Income from Municipal Properties | I-3 | 12,936,325.00 |
| 140000000 | Fees & User Charges | I-4(b) | 9,141,877.00 |
| 150000000 | Sale & Hire Charges | I-5(b) | 712,898.00 |
| 160000000 | Revenue Grants, Contributions & Subsidies | I-6 | 109,489,716.00 |
| 170000000 | Income from Investments | I-7 | 44,735.00 |
| 171000000 | Interest Earned | I-8 | 731,620.00 |
| 180000000 | Other Income | I-9 | 185,303.00 |
| A | **Total-Income** | | **172,632,048.00** |
| | **Expenditure** | | |
| 210000000 | Establishment Expenses | I-10(b) | 59,073,130.00 |
| 220000000 | Administrative Expenses | I-11(b) | 4,307,041.00 |
| 230000000 | Operations & Maintenance | I-12(b) | 13,991,381.00 |
| 240000000 | Interest & Finance Charges | I-13 | 230,094.00 |
| 250000000 | Programme Expenses | I-14 | 56,812,367.00 |
| 251000000 | Decentralised Plan Programme - Service Sector | I-14 | 9,417,119.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14 | 17,876,154.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14 | 1,424,610.00 |
| 260000000 | Revenue Grants, Contribution and Subsidies | I-15 | 1,276,624.00 |
| 272000000 | Depreciation | I-17(a) | 8,085,332.00 |
| B | **Total-Expenditure** | | **172,493,852.00** |
| **C = A-B** | *Gross Surplus/Deficit of Income over Expenditure* | | **138,196.00** |
| **D=** 280000000 | Prior Period Item | I-18 | (281,705.00) |
| **E = C-D** | *Gross Surplus/Deficit of Income over Expenditure after prior period items* | | **419,901.00** |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet (Muncipal Fund)* | | **419,901.00** |

Accounts Officer

Secretary

*Software Support:* ***Information Kerala Mission***

അനുബന്ധം 5

സ്ഥല പരിശോധന റിപ്പോർട്ട് & ഫോട്ടോ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## സ്ഥല പരിശോധന റിപ്പോർട്ട്

തിരൂർ നഗരസഭയുടെ 2015-2016 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24-11-2016 ന് 2.30 മണിക്ക് നടന്ന സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പരിശോധന നടത്തിയസ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | കുഞ്ഞിപ്പാത്തുമ്മ മടത്തിൽ പറമ്പിൽ മീനടത്തൂർ | പുതിയ നിർമ്മാണം- സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവുകൾ ഉണ്ട്- ഉപയോഗിച്ച് വരുന്നു. |
| 2 | ഫൈസൽ കണ്ടാത്ത് ആലിൻചുവട്, തിരൂർ | പുതിയ നിർമ്മാണം-മേൽക്കൂര കോൺക്രീറ്റ്- സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവുകൾ ഉണ്ട്- ഉപയോഗിച്ച് വരുന്നു. |
| 3 | മുഹമ്മദ് ഷാഫി പുതിയകത്ത്, തിരൂർ | തൊഴുത്തിന്റെ തറ മാത്രമാണുള്ളത്- ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 4 | കുഞ്ഞമ്മ.കെ.പി, തെക്കേമുറി | പുതിയ നിർമ്മാണം- സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവുകൾ ഉണ്ട്- ഉപയോഗിച്ച് വരുന്നു. |

പരിശോധനയിൽ പങ്കെടുത്ത ഓഡിറ്റ് ഓഫീസറുടെ/ഓഡിറ്ററുടെ പേരും ഒപ്പും
മുഹമ്മദ് മുസ്തഫ .പി.Sr.Gr A
മിലാഷ് .സി.എൻ.Sr.Gr A

പരിശോധനയിൽ പങ്കെടുത്ത സെക്രട്ടറിയുടെ/സെക്രട്ടറി ചുമതലപ്പെടുത്തിയ ആളുടെ പേരും ഒപ്പും
Dr.അസീസ്,വെറ്റിനറിസർജൻ


24/11/16
Dr. P.U. Abdul Azees
Senior Veterinary Surgeon
Veterinary Polyclinic
Tirur

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## സ്ഥല പരിശോധന റിപ്പോർട്ട്

തിരൂർ നഗരസഭയുടെ 2015-2016 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24-11-2016 ന് 11.00 മണിക്ക് നടന്ന സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പരിശോധന നടത്തിയസ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | ഹുസൈൻ മടത്തിൽ പറമ്പിൽ, ചെമ്പ്ര.മീനടത്തൂർ | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച് ,ഉറപ്പുവരുത്തി. |
| 2 | റഫീഖ് പറമ്പത്ത്, മീനടത്തൂർ | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 3 | സലാം തെക്കേപീടിയേക്കൽ മീനടത്തൂർ | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 4 | മുഹമ്മദ്കുട്ടി ഇല്ലത്ത്പറമ്പിൽ, ചെമ്പ്ര. | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 5 | സുലൈഖ ഇല്ലത്ത്പറമ്പിൽ ചെമ്പ്ര.മീനടത്തൂർ | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 6 | മുരളീധരൻ തൊമരക്കാറിൽ തൊമരക്കാറിൽ. | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ , പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 7 | മുകുന്ദൻ,തൊട്ടിയിൽ പൂക്കയിൽ. | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |



| | | |
|---|---|---|
| 8 | കുഞ്ഞമ്മ കൈതോട്ടിൽപ്പടി തെക്കുംമുറി. | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |
| 9 | സുലൈഖ കായൽമഠത്തിൽ തിനടത്തൂർ. | ആനുകൂല്യം കൈപ്പറ്റി വാങ്ങിയ പശുവിനെ പരിപാലിക്കുന്നുണ്ട്.ടാഗ് പരിശോധിച്ച്, ഉറപ്പുവരുത്തി. |

പരിശോധനയിൽ പങ്കെടുത്ത ഓഡിറ്റ് ഓഫീസറുടെ/ഓഡിറ്ററുടെ പേരും ഒപ്പും
Sr.Gr.A
Sr.Gr.A

പരിശോധനയിൽ പങ്കെടുത്ത സെക്രട്ടറിയുടെ/സെക്രട്ടറി ചുമതലപ്പെടുത്തിയ ആളുടെ പേരും ഒപ്പും
Dr.അസീസ്,വെറ്റിനറി സർജൻ

24/11/16

Dr. P.U. Abdul Azeez
Senior Veterinary Surgeon
Veterinary polyclinic
Tirur



<u>**അനുബന്ധം-1**</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം (മലയാളം & ഇംഗ്ലീഷ്)</u>

നം.കെ.എസ്.എ.ടി.ആർ.എം.2/20/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം,
തിരൂർ, തീയതി : 31.01.2017
ഇ-മെയിൽ:mltir.ksad@kerala.gov.in

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാസ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ *നഗരസഭയുടെ 31.03.2016 – ൽ അവസാനിച്ച* വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂർ *നഗരസഭയുടെ* 2015-2016 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ്, വരവ് - ചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

നഗരസഭ ഓഡിറ്റ്, തിരൂർ

No.KSA.TRM2/20/2017 Kerala State Audit
Department Municipal
Audit Office, Tirur
Dated : 31.01.2017
E-Mail :
mltir.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Tirur Municipality in Malappuram District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act, 1994, Section 295(4) of the Kerala Municipality Act, 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my Opinion, the Financial Statements of Tirur Municipality for the year 2015- 2016 except the observations in my audit report properly presents the picture of income and expenditure.

Deputy Director
KERALA STATE AUDIT DEPARTMENT